# ആനന്ദ വചനാമൃതം

## ഭാഗം 6

ശ്രീ ശ്രീ ആനന്ദമൂർത്തി

വിവർത്തനം
സേതുമാധവൻ പി.കെ.

# <u>പരമ നിർദേശം</u>

‘‘ദിവസേന ര□ു നേരവും നിയമാനുസാരം സാധന അനുഷ്ഠിക്കുന്ന ഏതൊരാൾക്കും ദേഹാന്തവേളയിൽ പരമപുരുഷന്റെ സ്മരണ നിശ്ചയമായും മനസ്സിൽ ഉദിക്കും. അയാൾക്ക് തീർച്ചയായും മുക്തിലഭിക്കും. ആകയാൽ ഓരോ ആനന്ദമാർഗിയും ദിവസം പ്രതി ര□ു പ്രാവശ്യം സാധന ചെയ്യണം. ഇതാണ് പരമേശ്വരന്റ് പരമനിർദേശം. യമനിയമങ്ങൾ കൂടാതെ സാധന സാധ്യമല്ല. ആകയാൽ യമനിയമങ്ങൾ പാലിക്കണമെന്നു കൂടിയാണ് നാഥന്റെ കൽപ്പന. ഈ ആജ്ഞനിരസിച്ചാൽ അനേകകോടി വർഷങ്ങൾ മൃഗീയജീവിതത്തിന്റെ നരകയാതനകളിൽ സ്വയം വീണുഴലേ□ിവരും. ഇത്തരം ദുരിതാനുഭവങ്ങൾ ആരും അനുഭവിക്കാതിരിപ്പാൻ ഏവരും പരമപുരുഷന്റെ പ്രേമനിർഭരമായ അഭയകേന്ദ്രത്തിൽ പരമാനന്ദം ആസ്വദിപ്പാൻ സകലരേയും ഈ ആനന്ദമാർഗത്തിലേക്ക് ആനയിക്കാനുദ്യമിക്കേ□ത് ഓരോ സാധകന്റേയും അനിവാര്യമായ കർത്തവ്യമാണ്. ഈ സൽപഥത്തിലൂടെ മറ്റുള്ളവരെ നയിക്കുന്നതും സാധനയുടെ ഒരു ഘടകം തന്നെ.’’

ശ്രീ ശ്രീ ആനന്ദമൂർത്തി

# ആനന്ദ വചനാമൃതം

## ഭാഗം - 6

# A’nanda Vacana’mrtam

## Part – 6

Author : Shrii Shrii Anandamurtti
Translation from English to Malayalam:
Sethumadhavan, Puthukode
First Malayalam Edition (electronic) :
April 2021
Publisher:Babu Thayyil &
Acarya Satyabodhananda Avadhuta
Published on behalf of :
Ananda Marga Publication Committee,
Kerala.
Address: Ananda Marga Ashram
Ananda Marga Pracaraka Samgha
Nedupuzha, Thrissur, Kerala

# പ്രസാധകക്കുറിപ്പ്

ആനന്ദമാർഗ്ഗ ഗുരുദേവനായ ശ്രീ ശ്രീ ആനന്ദ മൂർത്തിയുടെ പ്രഭാഷണങ്ങൾ രണ്ടു പ്രത്യേക ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ധർമ്മ മഹാ ചക്രത്തിൽ (ഡി.എം.സി) നടത്തുന്ന പ്രഭാഷണങ്ങൾ
2. പൊതു ദർശനത്തിൽ നടത്തുന്ന പ്രഭാഷണങ്ങൾ.

ഡി.എം.സി പ്രഭാഷണങ്ങൾ പ്രത്യേക സമ്മേളനത്തിൽ ഒത്തുകൂടുന്ന നിരവധി ആനന്ദമാർഗ്ഗികൾക്കു മുൻപിൽ ഗുരു നടത്തുന്ന പ്രഭാഷണങ്ങളാണ്. ഈ പ്രഭാഷണങ്ങളെല്ലാം സുഭാഷിത സംഗ്രഹം എന്ന പേരിൽ പരമ്പരകളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൊതു ദർശന പ്രഭാഷണങ്ങൾ, ഞായറാഴ്ചകളിലോ, മറ്റു ആഘോഷ ദിവസങ്ങളിലോ, പ്രാദേശികമായ ആശ്രമങ്ങളിലോ, ഗുരുവിന്റെ വസതിയിലോ ഒത്തുകൂടുന്ന വളരെ ചെറിയ സംഘം മാർഗ്ഗികൾക്കുമുമ്പിൽ നടത്തുന്ന ക്ലാസ്സുകളാണ്. പൊതുദർശന പ്രഭാഷണങ്ങൾ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അതെല്ലാം ശേഖരിച്ചു പ്രസിദ്ധീകരിച്ചതാണ് ആനന്ദവചനാമൃതം. ഈ പരമ്പരയിൽ 34 ഭാഗങ്ങളുണ്ട്.

അദ്ദേഹം ലോകമാകെ സന്ദർശിച്ചിട്ടുണ്ട്. അപ്പോൾ അദ്ദേഹത്തിന്റെ വസതിയിൽ ധാരാളം മാർഗ്ഗികൾ ഒത്തുകൂടാറുണ്ട്.

പ്രഭാഷകന്റെ യഥാർത്ഥ ഭാഷയിൽ നിന്നും മറ്റൊന്നിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ അതിന്റെ ഭാവവും സൗന്ദരവും നഷ്ടപ്പെടുക എന്നത് സ്വാഭാവികമാണ്. അതിനാൽ താൽപര്യമുള്ളവർക്ക് ഇതേ പേരിൽ പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് പുസ്തകങ്ങളും ലഭ്യമാണ്.

ആനന്ദവചനാമൃതം എന്ന പുസ്തകശൃംഖലയിൽ, ബാബ (ഗുരുദേവൻ ശ്രീ ശ്രീ ആനന്ദമൂർത്തി) വളരെലളിതവും ഉജ്ജ്വലവുമായ രീതിയിൽ ആത്മീയ വിഷയങ്ങൾ അവതരിപ്പിക്കുന്നു. ശ്ലോകങ്ങളുടെ (വേദങ്ങളിൽ നിന്നുള്ള സംസ്കൃത ശ്ലോകങ്ങൾ) അർത്ഥം യുക്തിപൂർവ്വകമായും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിലും അവതരിപ്പിക്കുന്നു. നിങ്ങൾ ഈ പുസ്തകം ശരിക്കും ആസ്വദിക്കുമെന്നു കരുതുന്നു.

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

# ഉള്ളടക്കം

1. ആപ്തവാക്യവും പ്രാപ്തവാക്യവും.
Ap’ta Va’kya and Pra’pta Va’kya………. . 8
2. ധർമ്മത്തിന്റെ പത്തു ശീലങ്ങൾ.
Ten Wonts of Dharma. …………………… 14
3. ദീക്ഷയും ഉപനയനവും.
Diiks’a’ and Initiation…………………… 22
4. ഏറ്റവും നല്ലത് ഭക്തിയാണ്.
Bhakti Is the Best 20………………………. 30
5. ഉപവാസം. Upava’sa. ………………………… 36
6. ഭക്തനും ആരാധനയുടെ
ലക്ഷ്യവും.
The Devotee and the Object of Adoration….. 38
7. ലോകപിതാവിന് ചില പ്രത്യേക
ഉത്തരവാദിത്വങ്ങളുണ്ട്. The Cosmic
Father Has a Special Responsibility. …… 44
8. തുല്യമായ ജന്മാവകാശം.
An Equal Birthright. ………………………… 58
9. ഭക്തിയും നാല്
പുരുഷാർത്ഥങ്ങളും.
The Four Vargas and Devotion. …….. 66
10. ഭൗതിക, മാനസിക, ആത്മീയ മണ്ഡലങ്ങൾ.

The Physical Psychic and Spiritual Strata… . 82
11. ആത്മ സാക്ഷാത്കാരമാണ്
ശരിയായ അറിവ്.
Self- Realization Is the Real Knowledge….. 92
12. നിത്യാനന്ദവും ലീലാനന്ദവും.
Nityaìnanda and Liilaìnanda ……………. 103
13. സാധനാമാർഗ്ഗത്തിൽ അഭിവൃദ്ധി
വരുത്താനുള്ള മൂന്ന് അടിസ്ഥാന
ഘടകങ്ങൾ. Three Fundamental
Factors to Succeed in Sa’dhana’ Marga……… 117
14. പരമപുരുഷൻ ഒരേയൊരു ബന്ധു.
Parama Purusìa the Only Bandhu….. ….. 121
15. പതിനായിരം തലകളുള്ള പുരുഷൻ.
Thousand Headed Purus’a’………………. 126
16. സവിശേഷമായ മസ്തിഷ്കസ്മരണകൾ
Extra- Cerebral Memory…………………… 145
17. അറിയുന്നതും അറിയാത്തതും.
Knowing and Not Knowing. ………………152.
18. ഭക്തിയാണ് മോചനത്തിലേക്കുള്ള
ഏറ്റവും നല്ല വഴി.
Bhakti Is the Best Avenue for Salvation… 157

### അധ്യായം 1

# ആപ്തവാക്യവും പ്രാപ്തവാക്യവും

## Ap’ta Va’kya and Pra’pta Va’kya.

മന്ത്രത്തേയും മന്ത്രോച്ചാരണത്തേയും പറ്റി കഴിഞ്ഞ ദിവസം രാത്രിയിൽ ഞാൻ പറഞ്ഞു. മന്ത്രവും അതിന്റെ ഉച്ചാരണവും ഒന്നല്ല എന്ന് വിശദീകരിക്കാൻ ഞാൻ ശ്രമിച്ചു. മന്ത്രത്തിന ശബ്ദ ശാസ്ത്ര സംബന്ധമായ ഒരു മൂലധാതുവുണ്ട്. അതേസമയത്ത് ലൗകിക തലത്തിൽ അതിന്റെ സാധാരണ അർത്ഥം ഒരുപോലെതന്നെയാണ്. അത് മൂലധാതുവിന്റെ അർത്ഥത്തെപോലെയല്ല. ശരിയായ മൂലധാതുവും അർത്ഥവുമുള്ള ഒരു മന്ത്രം ഉണ്ടായിത്തീരാൻ അതിന മഹാസംഭൂതിയുടെ അഥവാ മഹാകൗളന്റെ അംഗീകാരം ആവശ്യമാണെന്നും ഞാൻ പറഞ്ഞു.

ഈ ലോകത്തെവിടേയും ചലനംനടന്നുകൊണ്ടിരിക്കുന്നു. ഈ സൂക്ഷ്മ ജഗത്തിലും ശരീരക്ഷമതയുടെ ലോകത്തും ഇതേ ചലനം സംഭവിച്ചുകൊണ്ടിരിക്കുന്നു. എവിടെയൊക്കെ ഒരാശയമുണ്ടോ അഥവാ ഒരനുമാനമുണ്ടോ അവിടെ

ഒരു ചലനവും ഉണ്ടാവും. ഈ പ്രപഞ്ചത്തിൽ ഒന്നും സ്ഥിരമായതോ ദൃഢമായതോ അല്ല. സൂക്ഷ്മ ജഗത്തിലുള്ള മന്ത്രത്തിന്റെ ഭാഷാപരമായ മൂലധാതു ഭൗതികതലത്തിലുള്ള മന്ത്രത്തിന്റെ പ്രാധാന്യവുമായി സമതുലനാവസ്ഥ പരിപാലിക്കണമെന്ന് നിങ്ങൾ ഓർക്കണം. മാനസികതലത്തിലുള്ള അനുമാനസിദ്ധമായ പ്രകടനങ്ങളും, പ്രാപഞ്ചിക ലോകത്തെ ഭൗതികമായ സാക്ഷാത്കാരങ്ങളും തമ്മിലുള്ള സമതുലനാവസ്ഥ പരിപാലിക്കുക എന്നത് മഹാസംഭൂതിയുടെ അഥവാ മഹാകൗളന്റെ ചുമതലയാണ്. എവിടെയാണീ സമതുലനാവസ്ഥ വേണ്ടി വരുന്നത്? അനുമാനത്തിലോ ഭൗതികമായ ചലനത്തിലോ ഒരു മന്ത്രമായി പരിഗണിച്ചുകൊണ്ടായിരിക്കണം. ഈ സമതുലനാവസ്ഥയെ സംസ്കൃതത്തിൽ 'പ്രമാ' എന്നു പറയുന്നു. ഈ രണ്ടുതലങ്ങളിലും ചലന ശക്തിയുടെ പൊരുൾ അടങ്ങിയിട്ടുണ്ട്. അപ്പോൾ അനുമാന തലത്തിൽ എന്തു സംഭവിക്കുന്നു? ഈ ചലനം ആത്മീയ സാഫല്യ ആഗ്രഹിക്കുന്നവർക്ക് സൃഷ്ടി ചക്രത്തിൽ അഭയം കണ്ടെത്താൻ പ്രോത്സാഹനം നൽകുന്നു. അങ്ങനെ 'രാമ' എന്ന പദത്തിന ഒരു മന്ത്രത്തിന്റെ മൂല്യം ഉണ്ട്. എന്താലതിന സിദ്ധമന്ത്രമായി പരിഗണിക്കാൻ മഹാസംഭൂതിയുടെയോ മഹാകൗളന്റേയോ പിന്തുണ ആവശ്യമാണ്.

രാമൻ എന്ന പദത്തിന്റെ മറ്റൊരർത്ഥം 'രാതിമഹീധരരാമ' എന്നാണ്. രാതി എന്നതിലെ ആദ്യാക്ഷരം രാ എന്നും മഹിധര എന്നതിലെ ആദ്യാക്ഷരം 'മ' എന്നുമാണ്. അങ്ങനെ 'രാമ' എന്നുച്ചരിക്കുന്നു. ഈ പ്രപഞ്ചമാകെ തിളക്കത്തോടെ ജ്വലിക്കുന്ന സത്ത എന്നാണ് രാമ എന്നതിന്റെ പൊരുൾ. നിരവധി നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, ഉൽക്കകൾ, ക്ഷീരപഥങ്ങൾ, തുടങ്ങി പ്രകാശിക്കുന്ന എല്ലാ സത്തകൾക്കും ആവശ്യമായ പ്രഭ ലഭിക്കുന്നത് പരമസത്തയിൽ നിന്നുമാണ്. അതുകൊണ്ട് പരമപ്രകാശം ചൊരിയുന്ന ഈ പ്രപഞ്ചത്തിലെ ജാജ്വല്യമായ പരമസത്തയാണ് രാമൻ.

ഈ പ്രകാശം രണ്ടുതലത്തിലും അതായത് ഭൗതികതലത്തിലും അനുമാനതലത്തിലും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതിനാവശ്യമായ സമതുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നു. അതുകൊണ്ട് ഒരു മഹാകൗളന്റെ പിന്തുണയോടെ രാമൻ എന്നത് ഒരു മന്ത്രമായി പരിഗണിക്കാവുന്നതാണ്. ഈ വിഷയത്തിൽ മഹാകൗളന്റെ ചുമതല എന്താണ്? ഏറ്റവും താഴെ കിടക്കുന്ന ബിന്ദുവിൽ കൂടി ഊതീരണം നൽകി അതിസൂക്ഷ്മമായ പരിപൂർണ്ണതയിലേക്ക് എത്തിക്കുക എന്നതാണ്.

രാമൻ എന്നതിന്റെ മറ്റൊരർത്ഥം 'രാവണസ്യ മരണം രാമ' എന്നാണ്. രാവണൻ എന്താണ്? രാവണന്റെ

ആദ്യാക്ഷരം 'രാ' എന്നാണ്. 'മരണം' എന്നതിലെ ആദ്യാക്ഷരം 'മ' എന്നാണ്. അങ്ങനെയാണ് 'രാമ' എന്നു വരുന്നത്. എന്താണ് രാവണസ്യ മരണം? രാവണൻ എന്നത് ഓരോ സത്തയിലും സ്ഥിതി ചെയ്യുന്ന പത്തു മുഖമുള്ള രാക്ഷസനാണ്. അത് മനോവീര്യം കെടുത്തുന്നതും, മലീനീകരിക്കുന്നതും തരം താഴ്ത്തുന്നതുമായ പ്രതിനിധിയാണ്. മരണം എന്നത് മൃതനാവുക എന്നാണ്. ആത്മീയ സാഫല്യം ആഗ്രഹിക്കുന്നവൻ സ്വയം പരമസത്തയിൽ അഭയം നേടുമ്പോൾ എന്തു സംഭവിക്കുന്നു? രാവണൻ എന്ന പത്തു തലയുള്ള രാക്ഷസൻ നില നിൽക്കാൻ അനുവദിക്കാതിരിക്കുന്നു. എന്താണ് രാവണൻ? എന്താണ് പത്തു തലയുള്ള രാക്ഷസൻ? മലിനീകരിക്കപ്പെട്ട മനസ്സാണ് രാവണൻ. മനുഷ്യരുടെ ദുഷ്ടമായ വികാരങ്ങൾ മനുഷ്യമനസ്സിനെ ദുഷ്ടമായ രീതിയിൽ പത്തു ദിശകളിലേക്ക് കുത്തിപ്പൊക്കി രസിക്കുന്നവൻ. ഈ പത്തു ദിശകളാണ് പത്ത് മുഖങ്ങളായി ചിത്രീകരിച്ചിരിക്കുന്നത്. ശരിക്ക് രാവണൻ എന്നാൽ പത്ത് ദിശകളിൽ പ്രവർത്തിക്കുന്ന മലിനീകൃതമായ വാസനകളാണ്. ഒരാൾ സ്വയം പരമസത്തയിൽ അഭയം തേടിയാൽ മനസ്സുകൊണ്ട് പരമപുരുഷനുമായി ഒന്നായിത്തീർന്നാൽ അയാൾ നശീകരണശക്തിയുടെ ചങ്ങലക്കെട്ടുകളിൽ നിന്നും മുക്തനാവുന്നു. ഈ അവിദ്യമായയിൽ നിന്നും

രക്ഷപ്പെടുന്നു. ഇവിടേയും അതേ ഉദ്ദേശ്യം തന്നെ സംരക്ഷിക്കപ്പെടുന്നു.

അതിനാൽ 'രാമൻ' എന്ന പദത്തിന്റെ വിശദീകരണത്തിൽ എല്ലാ അർത്ഥവും ഒരേ ബിന്ദുവിൽ തന്നെ ചെന്നെത്തുന്നു. അപ്രകാരം ഏതെങ്കിലും മഹാകൗളൻ അതിനെ പിൻതാങ്ങിയിട്ടുണ്ടെങ്കിൽ രാമൻ എന്നത് ഒരു മന്ത്രമാണ്.

എന്നാൽ ആത്യന്തികമായി 'മന്ത്രമൂലം ഗുരുവാക്യം' എന്ന കാര്യം മറക്കരുത്. അത് ശിവോക്തിയാണ്. സദാശിവൻ പറഞ്ഞതാണ്. ഓരോ മന്ത്രത്തിന്റേയും പുറകിൽ സ്ഥിതി ചെയ്യുന്ന അടിസ്ഥാന തത്വം ഇതാണ് അത് ഗുരുവാക്യമാണ്.

ആരാണ് ഗുരു? 'ഗു' എന്നത് ഇരുട്ടാണെന്ന് നിങ്ങൾക്കറിയാം. 'രു' എന്നാൽ ദൂരീകരിക്കുന്ന ഇല്ലാതാക്കുന്ന പ്രഭാവം എന്നതാണ്. ഒരു വ്യക്തിയുടെ മനസ്സിൽ നിന്നും എല്ലാ വിധത്തിലുമുള്ള ഇരുട്ടിനേയും അകറ്റുന്ന സത്തയാണ് ഗുരു. ആരാണ് ഗുരു? ഒരാളുടെ ആത്മീയ സാഫല്യം അറിയുന്നവനാണ് ഗുരു. ആത്മീയ സാഫല്യം ആർക്കാണറിയുക? അത് പരമ പുരുഷന് മാത്രമാണ്. മറ്റൊരാൾക്കും ആ രഹസ്യമറിയില്ല. അതുകൊണ്ടാണ് ആനന്ദസൂത്രത്തിൽ ഇങ്ങനെ പറഞ്ഞത്. 'ബ്രഹ്മൈവ ഗുരുരേവഃ നാപരഃ' എന്ന്. ബ്രഹ്മം മാത്രമാണ് ഗുരു'. 'ഗുരുരേഖ പരബ്രഹ്മം'. അതുകൊണ്ട് ഗുരുവാക്യം എന്നാൽ

ബ്രഹ്മവാക്യം. അതുകൊണ്ട് 'മന്ത്രമൂലം ഗുരുവാക്യം' അതായത് മന്ത്രമൂലം ബ്രഹ്മവാക്യം.

ഇവിടെ നമ്മൾ രണ്ടു കാര്യങ്ങൾ ഓർമ്മിക്കണം. എന്തെല്ലാം നിങ്ങൾ കാണുന്നുവോ, കേൾക്കുന്നുവോ, ചെയ്യുന്നുവോ, ഈ ലോകത്തിൽ നിങ്ങളെന്തെല്ലാം സങ്കൽപിക്കുന്നുവോ, ഗ്രഹിക്കുന്നുവോ, അനുമാനങ്ങളുടെ ലോകത്ത് പഞ്ചഭൂതാത്മക പ്രപഞ്ചത്തിൽ, അതെല്ലാം വരുന്നത് കേന്ദ്രബിന്ദുവിൽ നിന്നാണ്. എല്ലാം പരമപുരഷനിൽ നിന്നുമാണ്. എന്നാൽ അവയിലെ ചില ഭൗതികസത്തകളും അനുമാനമൂല്യങ്ങളും നേരിട്ടു ലഭിക്കുന്നവയും ചില മാധ്യമങ്ങളിലൂടെ ലഭിക്കുന്നവയുമാണ്. ചില മാധ്യമങ്ങളിലൂടെ ലഭിക്കുന്നതിനെ 'പ്രാപ്ത വസ്തു' എന്നു പറയുന്നു. അതുപോലെ പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവിൽ നിന്നും നേരിട്ടു ലഭിക്കുന്നവയും പരമപുരുഷനിൽ നിന്നും ലഭിക്കുന്നവയും 'ആപ്തവസ്തുവാണ്.' ആത്മീയതയുടെ ഈ തലത്തിൽ എന്തെല്ലാം നമുക്ക് ലഭിക്കുന്നുവോ അതെല്ലാം അദ്ദേഹത്തിൽ നിന്നും നേരിട്ട് ലഭിക്കുന്നു. അല്ലാതെ മറ്റു മാധ്യമങ്ങളിലൂടെയല്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ആത്മീയതയുടെ രഹസ്യം 'ആപ്തവാക്യം' എന്നറിയപ്പെടുന്നത്. അല്ലാതെ അത് പ്രാപ്തവാക്യം അല്ല. പ്രാപ്തവാക്യം പല മാധ്യമങ്ങളിലൂടെ വരുന്നു. അതുകൊണ്ടാണത് വ്യത്യസ്തമാവുന്നത്. അതിന രൂപാന്തരത്വം

സംഭവിക്കുന്നത്. രൂപാന്തരത്വത്തിനു ശേഷം അവ ആപേക്ഷികതയിൽ വരികയും വക്രീകരണത്തിന് വിധേയമാവുകയും ചെയ്യുന്നു. ഈ പ്രാപ്തവാക്യവും അല്ലെങ്കിൽ പ്രാപ്തവസ്തുവും അനന്തമല്ല. അതുകൊണ്ടുതന്നെ അതൊരിക്കലും മനുഷ്യന് അത്യന്താപേക്ഷിതമല്ല. ആത്മീയ പാതയിൽ സഞ്ചരിക്കുന്ന ഒരാൾക്ക് അദ്ദേഹത്തിൽ നിന്നും ആഗ്രഹിക്കുന്ന്ത് ആപ്തവാക്യം മാത്രമാണ്. ഈ ആപ്തവാക്യമാണ് ഗുരുവാക്യം. ഈ ഗുരുവാക്യമാണ് മന്ത്രമൂലം എല്ലാ മന്ത്രങ്ങളുടേയും അടിസ്ഥാനപരമായ പ്രഭാവം ഇതാണ്.

30നവംബർ 1978 മദ്രാസ

ഉള്ളടക്കം

### അധ്യായം 2

# ധർമ്മത്തിന്റെ പത്തു ശീലങ്ങൾ

## Ten Wonts of Dharma.

പ്രകടിതവും അപ്രകടിതവുമായ മണ്ഡലത്തിൽ ഓരോ വസ്തുവിനും സ്വാഭാവികമായ ചില സ്വഭാവ വിശേഷങ്ങളുണ്ട്. അപ്രത്യക്ഷമാക്കപ്പെടുന്ന മണ്ഡലത്തിൽ അത്തരം സ്വഭാവ വിശേഷങ്ങളെല്ലാം വസ്തുവിൽ തന്നെ മൂടിവെക്കപ്പെടുന്നു. മറ്റു സത്തകൾക്കൊന്നും തന്നെ അറിയാതെ പോവുകയും ചെയ്യുന്നു. എന്നാൽ സാക്ഷാത്കാരത്തിന്റെ നിലയിൽ വസ്തുക്കൾ മറ്റു സത്തകൾക്കു കൂടി അവരുടെ ശീലത്തിൽ നിന്നും സ്വഭാവത്തിൽ നിന്നും അറിയാൻ കഴിയുന്നു. ഈ ശീലങ്ങൾ പ്രവചനത്തിന്റെ രൂപത്തിലാവാം ക്ഷമത നിർണ്ണയിക്കുന്നതിലൂടെയാവാം. സൂചനകളിലൂടെയാവാം. അഥവാ അനന്തര ഫലങ്ങളിലൂടെയാവാം. എന്നാൽ ഇതെല്ലാം പ്രത്യക്ഷത്തിലാവാം. കാരണം അവരുടെ സാന്നിധ്യം ആ സത്തയുടെ നിലനിൽപിനെ സൂചിപ്പിക്കുന്നു. അത്തരം സത്തകൾ ഭൗതികസത്തകളാവാം. ഭൗതിക വസ്തുനിഷ്ഠകളാവാം. മാനസിക സത്തകളാവാം. മാനസിക ഗുണങ്ങളാവാം. ധർമ്മം എന്നത് ഉന്നതവും വലിയതും മധുരമുള്ളതുമായ ഒരു മനോവ്യാപാരമാണ്. അതുകൊണ്ടുതന്നെ ധർമ്മത്തിന അതിന്റേതായ ചില സ്വഭാവ ഗുണങ്ങളുണ്ട്.

എന്താണീ ശീലങ്ങൾ? അവ പ്രവചനങ്ങളാണോ, ക്ഷമതാ നിർണ്ണയമാണോ? അഥവാ ലക്ഷണസൂചനയാണോ, അല്ലെങ്കിൽ അനന്തരഫലമാണോ? മറുപടി ഇതാണ്.

ധർമ്മസാക്ഷാത്കാരം ധർമ്മത്തിന്റെ സ്വഭാവങ്ങൾ എല്ലാ തലത്തിലും നിലനിൽക്കുന്നു. ഒരു ധാർമ്മികനെ കണക്കാക്കുന്നത് ഏതോ വരാൻ പോകുന്ന പ്രവചനമായാണ്. ദുഷ്കൃത്യത്തിന്റെ മുന്നറിയിപ്പായിട്ടാണ്. അഥവാ അനന്തര ഫലമായുണ്ടാകുന്ന നന്മയെയാണ്. ലക്ഷണമനുസരിച്ച് ധർമ്മശീലങ്ങൾ ഇപ്രകാരം പറയുന്നു.

ധൃതിക്ഷമാ ദമോസ്തേയം ശൗചം ഇന്ദ്രിയ നിഗ്രഹം
ധീർവിദ്യാസത്യമക്രോധഃ ദശക ധർമ്മലക്ഷണം

എന്താണ് ധർമ്മത്തിന്റെ ആദ്യലക്ഷണം? അത് ധൃതി എന്നതാണ്. സംസ്കൃതത്തിൽ ഇതിന ധാരാളം അർത്ഥങ്ങളുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'ക്ഷമ' (സഹനശീലം). ഒരു ധാർമ്മികന ക്ഷമയുണ്ടാവണം. ധർമ്മം ക്ഷമ എന്നിവ വേർപെടുത്താനാവാത്തതാണ്. ഒരു ദുഷ്ടശക്തി ഇപ്രകാരം പറയുന്നുവെന്ന് കരുതുക. ഞാൻ ഒരു പ്രത്യേക രാജ്യത്തിലെ രാജാവ് ആനന്ദമാർഗ്ഗത്തിനെ മുളയിലേ നശിപ്പിക്കും. ഒരു ധാർമ്മികൻ അതു കേട്ടാൽ ക്ഷമിക്കും. ക്ഷമാശാലിയാവും. കാരണം ആ ദുഷ്ടശക്തിയെ നശിപ്പിക്കാനുള്ള സമയം വളരെ വേഗം ആഗതമാവും. അവരുടെ ആയുധങ്ങൾക്കെന്നെ ഒരു ബൂമറാംഗിനെപ്പോലെ അവരെ നശിപ്പിക്കും. വളരെ അടുത്ത കാലത്ത് ഇത് സംഭവിച്ചതായി നിങ്ങൾക്കെല്ലാമറിയാമല്ലോ?

രണ്ടാമത്തെ ലക്ഷണമാണ് ക്ഷമ, മാപ്പ് അഥവാ ക്ഷമ. ക്ഷമ എന്നത് ശരിയായ രീതിയിൽ ആത്മീയാന്വേഷകർക്ക് വിശദീകരിച്ചു കൊടുക്കണം. നിങ്ങളുടെ വ്യക്തിജീവിതത്തിൽ നിങ്ങൾ മറ്റാർക്കെങ്കിലും മാപ്പ് നൽകേണ്ട അവസരമുണ്ടാവും. എന്നാൽ നിങ്ങളുടെ സാമൂഹിക ജീവിതത്തിൽ നിങ്ങൾക്കങ്ങനെ ഒരവസരം ലഭിച്ചിട്ടുണ്ടാവില്ല. സമൂഹത്തിൽ നിങ്ങൾ ഒരാൾക്ക് മാപ്പു നൽകണമെങ്കിൽ അതിനുമുമ്പ് സമൂഹത്തിന്റെ അനുമതി വാങ്ങിയിരിക്കണം. നിങ്ങളുടെ വ്യക്തിജീവിതത്തിൽ നിങ്ങൾക്ക് ഒരാൾക്ക് മാപ്പു കൊടുക്കാനുള്ള അവകാശമുണ്ട്. എന്നിരുന്നാലും മാപ്പ് നൽകുന്നത് അയാളുടെ വ്യക്തിപരമായ സ്വഭാവങ്ങൾ അഥവാ കുറ്റങ്ങൾ തിരുത്തുന്നതുവരെ നീട്ടിക്കൊണ്ടു പോകണം. നിങ്ങൾ ഒരാൾക്ക് മാപ്പുനൽകുമ്പോൾ അയാളുടെ ചീത്ത സ്വഭാവങ്ങളെ പ്രോത്സാഹിപ്പിക്കലാവരുത്. അത് ഒരിക്കലും ചെയ്യരുത്. അത് ധർമ്മത്തിന്റെ തത്വങ്ങൾക്കെതിരാണ്.

മൂന്നാമത്തേതാണ് 'ദമം.' ദമം എന്നാൽ നിയന്ത്രിക്കൽ. നിയന്ത്രണത്തിൽ കൊണ്ടുവരിക. സംസ്കൃതത്തിൽ ഒരേ പോലുള്ള രണ്ടു വ്യവസ്ഥകളുണ്ട്. ശമനവും ദമനവും. ശമനം എന്നാൽ ബാഹ്യമായ ശത്രുക്കളെ നിയന്ത്രണത്തിൽ വരുത്തുന്നതാണ്. ദമനം എന്നത് ആന്തരികമായ ശത്രുക്കളെ നിയന്ത്രണത്തിൽ കൊണ്ടുവരികയാണ്.

പൗരാണിക കഥകളിൽ പ്ലൂട്ടോ മരണദേവനാണ്. സംസ്കൃതത്തിൽ യമരാജനാണ്. അദ്ദേഹവും ശമനൻ എന്നറിയപ്പെടുന്നു. കാരണം അയാൾ മറ്റുള്ളവരെ നിയന്ത്രിക്കുന്നു. ഒരു സന്യാസി അഥവാ ധാർമ്മികൻ സ്വയം നിയന്ത്രിക്കാൻ ദമനം ശീലിക്കണം. ഒരാൾക്ക് ആന്തരിക ശത്രുക്കളിൽ പൂർണ്ണമായ നിയന്ത്രണം ഉണ്ടാവണം. മനസ്സിലുള്ള രാക്ഷസന്മാരെ നിയന്ത്രിക്കണം. ഇതാണ് ധർമ്മം.

വേദങ്ങളിൽ ഒരു കഥയുണ്ട്. ഒരിക്കൽ ചക്രവാളത്തിൽ തേജോമയമായതും വലിയതുമായ ഒരു ശരീരം പ്രത്യക്ഷപ്പെട്ടു. പലരും അതിനടുത്ത് ചെന്നെങ്കിലും നേരിട്ട് സമീപിക്കാനായില്ല. ഏതാനും വ്യക്തികൾ അതിനടുത്ത് ചെന്നപ്പോൾ ആ തിളങ്ങുന്ന ശരീരം ദ എന്ന ശബ്ദം പുറപ്പെടുവിച്ചു. ചില ആളുകൾ ആ ശബ്ദത്തെ ദാനംകുരു എന്ന് വ്യാഖ്യാനിച്ചു. അവരെ ദാനവന്മാരായി അഥവാ അസുരന്മാരായി പരിഗണിച്ചു. രണ്ടാമത്തെ വിഭാഗക്കാർ ആ ശബ്ദത്തെ ദായംകുരു എന്നുച്ചരിച്ചു. അവർ മാനവന്മാരായി പരിഗണിക്കപ്പെട്ടു. മൂന്നാമത്തെ വിഭാഗക്കാർ ദ എന്ന ശബ്ദത്തെ ദമനംകുരു എന്നു വ്യാഖ്യാനിച്ചു. അവർ ദേവതമാരായി പരിഗണിക്കപ്പെട്ടു. ഈ കഥ പറയുന്നത്, ഈ വ്യത്യാസങ്ങളൊക്കെ അസുരന്മാരിലും, മാനവന്മാരിലും, ദേവതമാരിലും ഉണ്ടായതിങ്ങനെയാണ് എന്ന് മനസ്സിലാക്കാനാണ്.

ഏറ്റവും ഉയർന്ന അവസ്ഥ ദമനമാണ്. ദമനം എന്നാൽ ആന്തരിക ശത്രുക്കളെ വധിക്കുകയാണ്. ബാഹ്യശത്രുക്കളെ നിയന്ത്രിക്കുന്നവനെ ശാന്ത എന്ന് സംസ്കൃതത്തിൽ പറയുന്നു. സംസ്കൃതത്തിൽ ശം+ത = ശാന്ത. ഏതൊരു വ്യക്തിയാണോ അവയുടെ ആന്തരിക ശത്രുക്കളെ നശിപ്പിക്കുന്നത് അയാളാണ് ദാന്തൻ (ദം+ത).

'അസ്തേയം' എന്നാൽ മോഷ്ടിക്കാതിരിക്കൽ. ഭൗതികമായോ മാനസികമായോ മോഷ്ടിക്കാതിരിക്കൽ. ഭൗതികമായോ മാനസികമായോ ചതിക്കാതിരിക്കൽ.

'ശൗചം' എന്നാൽ ഭൗതികശരീരവും മാനസിക ശരീരവും വൃത്തിയായി സൂക്ഷിക്കലാണ്. ഭൗതിക ശരീരം വൃത്തിയും വെടുപ്പുമായി സൂക്ഷിക്കാനെളുപ്പമാണ്. എന്നാൽ മാനസിക ശരീരം ശുചിയായും കറയറ്റതായും സൂക്ഷിക്കാൻ വളരെ പ്രയാസമാണ്. ഇതിനായി മനസ്സ് താന്ത്രീകദീക്ഷ സ്വീകരിച്ചിരിക്കണം. എന്നാൽ വൈദികദീക്ഷയാവരുത്. വൈദിക ദീക്ഷ നമ്മെ പഠിപ്പിക്കുന്നത് ഉന്നതജീവിതം സ്വീകരിക്കാനുള്ള പ്രാർത്ഥനയാണ്. എന്നാൽ താന്ത്രികദീക്ഷ ഒരാളെ എങ്ങനെ മുന്നേറാമെന്നതാണ് പഠിപ്പിക്കുന്നത്.

'ഇന്ദ്രിയനിഗ്രഹം', ഒരാൾക്ക് തന്റെ ഇന്ദ്രിയങ്ങളിൽ സമ്പൂർണ്ണ നിയന്ത്രണം വേണം. ബുദ്ധദേവൻ പറഞ്ഞു.

''ചക്ഖുനാ സംവരോ സാധു സാധു ശോതേന
സംവരോ

ഘാനേനസംവരോ സാധു സാധു ജിബ്ഭായ സംവരോ

കായേനസംവരോ സാധു സാധു വാചായസംവരോ

മനസാ സംവരോ സാധു സാധു സബ്ബത്ഥ സംവരോ ''

............പാലി

അവർക്ക് പൂർണ്ണമായ ആത്മ പരിശീലനം നേടാം ഇത്തരം ആത്മീയ പരിശീലനം നേടുന്നവനോ അവളോ സാധു എന്ന പേരിലറിയപ്പെടുന്നു.

'ധീഃ' ധീ എന്നാൽ മേധാശക്തി. നിങ്ങൾ പറയും നിരക്ഷരരായവർ എങ്ങനെ ധാർമ്മികനാവും. അവർ ധാർമ്മികരല്ലേ? എല്ലാ വ്യക്തികൾക്കും ബുദ്ധിമാന്മാരാവാൻ കഴിയില്ല. ഓരോ വ്യക്തിക്കും ഒരു ബുദ്ധിമണ്ഡലമുണ്ട്. ബുദ്ധിശക്തി എന്നതിന് ധാർമ്മികമായ വ്യഖ്യാനം എല്ലാ നീചത്വങ്ങളിൽ നിന്നും അധഃപതിപ്പിക്കുന്ന പ്രകൃതത്തിൽ നിന്നുമുള്ള മോചനമാണ്. ഇതാണ് ഒരു ധാർമ്മികൻ ആർജ്ജിക്കേണ്ട ബുദ്ധിശക്തി.

'വിദ്യ' എന്നാൽ അർത്ഥമാക്കുന്നത് യഥാർത്ഥജ്ഞാനം എന്നാണ്. വിദ്യയെ രണ്ടു ഭാഗങ്ങളാക്കി ഭാഗിക്കുന്നു. വിദ്യയും അവിദ്യയും. അവിദ്യ എന്നത് ലൗകികജ്ഞാനമാണ്. അതിൽ ഭൗതികജ്ഞാനം അടങ്ങിയിരിക്കുന്നു. വിദ്യ എന്നത്

ആത്മീയ ജ്ഞാനമാണ്. ഈ ആത്മീയജ്ഞാനം എല്ലാവരും അറിഞ്ഞിരിക്കണം. നിങ്ങൾ പറയും എങ്ങനെയാണ് നിരക്ഷരനായ ഒരു മനുഷ്യൻ, അധികം വിദ്യാഭ്യാസമില്ലാത്ത മനുഷ്യൻ വിദ്യനേടുക എന്ന്. ഇവിടെ വിദ്യ എന്നു പറയുന്നത് പുസ്തകങ്ങളിലൂടെ ലഭ്യമാകുന്ന ആത്മസാക്ഷാത്കാരം എന്നല്ല അർത്ഥമാക്കുന്നത്. വിദ്യ എന്നത് പരമപുരുഷനിലേക്കുള്ള മനസ്സിന്റെ ചലനമാണ്.

'സത്യം' എന്താണ് സത്യം? സത്ഇലേക്കുള്ള ചലനമാണ് സത്യം. എന്താണ് സത് രൂപാന്തരികരണത്തിന വിധേയമാവാത്തതാണ് സത്. രൂപാന്തരീകരണത്തിന വിധേയമാവാത്ത വസ്തു ഏതാണ്? പ്രാപഞ്ചികമായ ജ്ഞാനത്തിന്റെ ആദി ബീജത്തിന രൂപാന്തരീകരയണം സംഭവിക്കുകയില്ല. അതിനാൽ അതാണ് സത് എന്ന സത്ത. ഈ സത്തയെ സത് ചിത് ആനന്ദം എന്നു കൂടി അറിയപ്പെടുന്നു. ആ സത് എന്ന സത്തയിലേക്കുള്ള ചലനമാണ് സത്യം.

'ആക്രോധം' എന്നാൽ കോപത്തിൽ നിന്നുള്ള മോചനം. അതൊരു ആയോധനകലയാണ്. എയും ബിയും രണ്ടുയോദ്ധാക്കളാണെന്നു കരുതുക. എക്ക് ക്രോധത്തെ നിയന്ത്രിക്കാനുള്ള കഴിവുണ്ട്. എന്നാൽ ബിക്ക് അതില്ല തന്നെ. അപ്പോൾ എന്തു സംഭവിക്കും? ബിയുടെ ശരീരം ഞെട്ടി വിറക്കും. ആ യുദ്ധത്തിൽ ബിക്ക് നാഡീ ഞരമ്പുകളിൽ യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ, എ പൂർണ്ണമായും

അക്രോധത്തിൽ നിയന്ത്രണമുള്ളതിനാൽ, ഒരു ചെറിയ തള്ളൽ നൽകുമ്പോൾ തന്നെ ബി പരാജയപ്പെടുന്നു.

ഇത് ഒരായോധന കലയാണ്. ഒരു ധാർമ്മികൻ ഈ ആയോധന കല എപ്പോഴും ഓർക്കണം. അക്രോധം പാലിക്കുന്നവൻ എപ്പോഴും വിജയശ്രീലാളിതനാവും.

ഈ പത്തു ഇനങ്ങളാണ് ധർമ്മത്തിന്റെ ശീലങ്ങൾ. അപ്പോൾ ഓരോ സത്തക്കും സ്വന്തമായി ഒരു ധർമ്മമുണ്ട്. ധർമ്മത്തിനാകട്ടെ അതിന്റെ ധർമ്മമായി ഈ പത്തു ശീലങ്ങളുമുണ്ട്.

2 ഡിസംബർ 1978 മദ്രാസ്

ഉള്ളടക്കം

### അധ്യായം 3

# ദീക്ഷയും ഉപനയനവും

## Diiks’a’ and Initiation

ഒരു ചെറിയ പ്രഭാഷണത്തിലൂടെ ഞാൻ ദീക്ഷയും ഉപനയനവും എന്താണെന്ന് പറയാൻ ശ്രമിക്കാം. ചില സംസാരരീതികൾക്ക് അനുയോജ്യമായ അക്ഷരമാലകൾ ലഭിക്കാതെ വരുമ്പോൾ ഏതാണ്ട് അടുപ്പമുള്ള ചില പദങ്ങൾ നാം തിരഞ്ഞെടുക്കുമെന്ന് നിങ്ങൾക്കറിയാം. (ഇവിടെ നമുക്ക് Initiation എന്ന പദത്തിന ദീക്ഷ എന്ന സംസ്കൃത പദമാണ് ഉപയോഗിച്ചിരിക്കുന്നത്) എന്നാൽ Initiation എന്ന വാക്ക് യഥാർത്ഥത്തിൽ ദീക്ഷ എന്ന പദത്തിന്റെ പൊരുൾ ഉൾക്കൊള്ളുന്നില്ല. കിശശേമശേീ എന്ന പദത്തിന്റെ മൗലികമായ അർത്ഥം 'പുരോഗതിയുടെ പന്ഥാവിലേക്ക് കാലെടുത്തു വെക്കുക' എന്നതാണ്. തീർച്ചയായും ദീക്ഷ എന്നാൽ പുരോഗതിയുടെ പുതിയ പന്ഥാവ് എന്നാണ്. എന്നാൽ ദീക്ഷക്ക് ചില അർത്ഥങ്ങൾകൂടിയുണ്ട്.

അറിയേണ്ടതും ഓർമ്മിക്കേണ്ടതുമായ ആദ്യത്തെ കാര്യം, യോഗശാസ്ത്ര മനുസരിച്ച് ദീക്ഷ എന്നത രണ്ടു പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു എന്നതാണ്. ആദ്യത്തെ ഘട്ടം അറിയുന്നത് വൈദിക ദീക്ഷ എന്നാണ്. രണ്ടാമത്തെ ദശയാണ് താന്ത്രിക ദീക്ഷ. വൈദിക ദീക്ഷയിൽ ആത്മീയാന്വേഷകൻ പരമപുരുഷനോടിങ്ങനെ അപേക്ഷിക്കുന്നു. എനിക്ക് ശരിയായ വഴികാണിച്ചു തന്നാലും എന്ന്. അത് ഒരു ഉപാസനാരീതിയല്ല. അത് പരമപുരുഷനോട് ആത്മീയ

പാതയിൽ ശരിയായ വിജയം ലഭിക്കാനുള്ള രഹസ്യങ്ങൾ കാണിച്ചു തരാനുള്ള അപേക്ഷ മാത്രമാണ്. ഗായത്രി മന്ത്രം (അത് സാധാരണയായി ഗായത്രി മന്ത്രം എന്നറിയപ്പെടുന്നു, എന്നാൽ അതിന്റെ ശരിയായ പേര് സവിതൃഋക് എന്നാണ്) വൈദിക ദീക്ഷയാണ്. ഇവിടത്തെ അപേക്ഷ 'അല്ലയോ പ്രഭോ, എനിക്ക് വഴി കാണിച്ചുതന്നാലും. അല്ലയോ പ്രഭോ ഞങ്ങളുടെ ബുദ്ധിയെ പരമമായ പന്ഥാവിലേക്ക് നയിച്ചാലും. അതിനാൽ ഞങ്ങളും പരമപുരുഷനും ഒന്നായിത്തീരും'

''ഓം ഭൂർഭുവഃ സ്വഃ ഓം തത് സവിതുർ വരേണ്യം
ഭർഗോ ദേവസ്യ ധീമഹി ധീയോ യൊ നഃ പ്രചോദയാത് ഓം''

ഇതാണ് സവിതൃ ഋക്ക് അഥവാ ഗായത്രി മന്ത്രം. ഇവിടെ ആത്മീയാന്വേഷി പറയുന്നു- ഭുഃ, ഭുവഃ, സ്വഃ, മഹഃ, ജനഃ, തപഃ സത്യ അസ്യ സപ്തലോകസ്യ സവിതുർ ദേവസ്യ, സവിതുര പിതുർ ദേവസ്യ, സവി തുർ ദേവസ്യ, തത്പിതുർ ദേവസ്യ വരെണ്യം ഭർഗോ ധീമഹി, വരെണ്യം പൂജനീയം ഭർഗോ ജ്യോതി, ധീമഹി വയം ധ്യാനം കൂർമഃ.

ശരിയായ മലയാളം തർജമ ഇങ്ങനെയാണ്. ഏഴു ശാസ്ത്രങ്ങൾ ആത്മീയ സാക്ഷാത്കാരത്തിനു വേണ്ടി സൃഷ്ടിച്ച പരം പിതാവേ അങ്ങയുടെ ദിവ്യമായ ജ്യോതിർ പ്രവാഹത്തിനു മുൻപിൽ ധ്യാനിക്കുന്നു. എന്തു കൊണ്ടാണ് ഞങ്ങൾ അങ്ങയുടെ ഉജ്വല

ദീപ്തിക്കുമുന്നിൽ ധ്യാനിക്കുന്നത്? അദ്ദേഹം ഞങ്ങളുടെ ബുദ്ധിശക്തിയെ പരമാനന്ദത്തിലേക്ക് നയിക്കും. പരമവും അനുഗ്രഹീതവുമായ വഴിയിലേക്ക് നയിക്കും. അതുകൊണ്ട് ഇവിടത്തെ പ്രാർത്ഥന ബുദ്ധിശക്തിയെ ശരിയായ പാതയിലേക്ക് നയിക്കാനാണ്. അതാണ് വൈദികദീക്ഷ തൻ നോ ധീയോ പ്രചോദയാത്. അതുകൊണ്ട് അദ്ദേഹം ഞങ്ങളുടെ ബുദ്ധിശക്തിയെ അനുഗ്രഹീതമായ പാതയിലേക്ക് നയിക്കും. സഃ നോ ബുദ്ധ്യാ ശുഭായ സയുനക്തു അതുകൊണ്ട് അദ്ദേഹം ഞങ്ങളുടെ ബുദ്ധിയെ സ്വർഗ്ഗീയമായ അനുഭൂതിയുമായി ബന്ധിപ്പിക്കും. ഈ തത്വങ്ങളെല്ലാം വൈദികി ദീക്ഷയാണ്. ഇത്തരത്തിലുള്ള ഒരു വ്യാഖ്യാനത്തിനുള്ള സാധ്യത Initiation എന്ന പദത്തിനില്ല.

രണ്ടാമത്തെ ഘട്ടമാണ് താന്ത്രിക ദീക്ഷ. യഥാർത്ഥത്തിൽ ഈ താന്ത്രികി ദീക്ഷ എന്നത് ഒരു ആരാധനാ രീതിയാണ്. Initiation എന്ന പദം കൊണ്ട് ഈ ആരാധനാരീതി ശരിയായി നിർവ്വഹിച്ചിട്ടില്ല. അല്ലെങ്കിൽ ഈ ആരാധനാരീതിയെ പറ്റി ഒന്നും തന്നെ പറഞ്ഞിട്ടില്ല. തന്ത്ര എന്ന പദത്തിനെസംബന്ധിച്ച് നോക്കുമ്പോൾ 'തൻ' എന്നാൽ വികസിപ്പിക്കുക എന്നും ന്ത്ര എന്നാൽ രക്ഷകൻ എന്നും ഉള്ള അർത്ഥങ്ങളുണ്ട്. അതുകൊണ്ട് സത്യാന്വേഷിയെ ബന്ധത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്നും

മോചിപ്പിക്കുന്ന ശാസ്ത്രം എന്ന് തന്ത്രത്തിന് അർത്ഥമുണ്ട്. മനസ്സിനെ വികസിപ്പിച്ച് ബന്ധനങ്ങളിൽ നിന്നും മുക്തമാക്കുന്ന ശാസ്ത്രം.

മറ്റൊരർത്ഥം ത എന്നാൽ ബുദ്ധിമാന്ദ്യം ന്ത്ര എന്നാൽ രക്ഷകൻ അതിനാൽ ആത്മീയ പാതയിൽ സഞ്ചരിക്കുന്നവന്റെ മനസ്സിനെ നിരുത്സാഹതയിൽ നിന്നും മോചിപ്പിച്ച് അവനേയോ അവളേയോ വികസിപ്പിക്കുന്ന ശാസ്ത്രമാണ് തന്ത്ര. തംജാദ്യത് താരയേത് യസ്തുസഃ തന്ത്രഃ പരികീർത്തിതഃ

താന്ത്രികീദീക്ഷക്ക് മുന്നു ഘട്ടങ്ങളുണ്ട്. നിങ്ങൾ അതിനെ മൂന്നു ഭാഗങ്ങളെന്നു വിളിക്കും. അവ ദീപാനി, മന്ത്രാഘാത, മന്ത്ര ചൈതന്യ എന്നിവയാണ്. ദീപാനീ എന്നതിൽ നിന്നുമാണ് ദീക്ഷ എന്നവാക്ക് രൂപം കൊണ്ടത്.

‘‘ദീപജ്ഞാനം യതോദദ്യാത്
കുര്യാത് പാപക്ഷയം തതഃ
തസ്മാത് ദീക്ഷേതി സാ പ്രോക്താ
സർവതന്ത്രസ്യ സമ്മതാ ’’

(മന്ത്രത്തിന്റെ ആന്തരികവിവക്ഷ തിരിച്ചറിയാനുള്ള കഴിവ് ഉണ്ടാകുന്നതും സംസ്കാരങ്ങളുടെ തിരിച്ചുവരവിനെ ത്വരിതപ്പെടുത്തുന്നു, അല്ലെങ്കിൽ പ്രതികരണ ക്ഷമമമായ ചലനശക്തിയെ ഉണർത്തുന്നതുമാണ് ദീക്ഷ)

'ദീപജ്ഞാനം' എന്നതിന്റെ ആദ്യാക്ഷരം 'ദീ' കുര്യാത്പാപക്ഷയം തഥാ. ക്ഷയം എന്നതിന്റെ 'ക്ഷ' അങ്ങനെ 'ദീക്ഷ' എന്ന പദം ലഭിക്കുന്നു. സ്ത്രീ ലിംഗ രൂപം ദീക്ഷ.

അപ്പോൾ എന്താണ് ദീപാനീ? ആത്മാവിനെ മറയ്ക്കപ്പെട്ട് മറ്റെല്ലാം നില്ക്കുന്നു. പരമസത്ത ഗുഹ്യമായി കിടക്കുന്നത് നിങ്ങളുടെ ഞാൻ എന്നസത്തയിലാണ്. അദ്ദേഹം നിങ്ങളോടൊപ്പമുണ്ട്. എന്നാൽ നിങ്ങൾക്കദ്ദേഹത്തെ അറിയില്ല. അതായത് പരമസത്ത നിങ്ങളിൽ തന്നെയുണ്ട്. എന്നാൽ നിങ്ങൾക്കത് കാണാൻ കഴിയില്ല. നിങ്ങൾക്കദ്ദേഹത്തെ തിരിച്ചറിയാനാവില്ല. എന്തുകൊണ്ട്? കാരണം നിങ്ങൾ മായയാൽ മറയ്ക്കപ്പെട്ടിരിക്കുന്നു. മായയാൽ ചുറ്റപ്പെട്ടിരിക്കുന്നു. മായകൊണ്ടുണ്ടാവുന്ന അതികഠിന മായ അന്ധകാരത്താൽ കാണാതാവുന്നു. ഈ ദീക്ഷ അതായത് താന്ത്രീകീ ദീക്ഷ ഒരു ടോർച്ചിലെ പ്രകാശം പോലെയാണ്. ടോർച്ച് തെളിയിക്കുമ്പോൾ നിങ്ങൾക്ക് ഇരുട്ടിലൂടെയുള്ള പാതകാണാം. അതുകൊണ്ടാണ് ആദ്യത്തെ ഉപദേശംതന്നെ 'ദീപാനീ' ആയത്. ദീപാനീ എന്നാൽ വെളിച്ചം അടിച്ച് കാണിക്കുക എന്നാണ്. എന്നാൽ അത്തരമൊരർത്ഥം Initiation എന്ന ആംഗലേയപദത്തിനില്ല.

'ദീക്ഷ' ആത്മീയാന്വേഷിക്ക് ശരിയായ വഴി അഥവാ പാത കാണിച്ചുകൊടുക്കുന്നു. അതായത് പരമമായ ആനന്ദത്തിലേക്കുള്ളവഴി. അങ്ങനെ ഒരു പാത

കാണിച്ചുകൊടുക്കണമെങ്കിൽ വെളിച്ചം ആവശ്യമാണ്. ആവെളിച്ചം ദീക്ഷയിലൂടെ നൽകപ്പെടുന്നു. ഈ വെളിച്ചമാണ് ദീപാനി.

അടുത്തത് പാപക്ഷയം. പാപം എന്താണെന്ന് നിങ്ങൾക്കറിയാം. പാപം എന്നത് എതിരായതും തിരിച്ചടിയുണ്ടാക്കുന്നതുമായ ചലന ശക്തിയാണ്. നിങ്ങൾ എന്തെല്ലാം ചെയ്താലും അതിനൊക്കെ തിരിച്ചടിയുമുണ്ട്. ആതിരിച്ചടി സംതൃപ്തികരമല്ലെങ്കിൽ, ശമനം വരുത്തിയില്ലെങ്കിൽ അത് നിഷ്ക്രിയമായിക്കിടക്കുന്നു. ചലന ശക്തി അവിടെയുണ്ട്. പക്ഷെ അത് പ്രകടമാവുന്നില്ല. അതുപോലെ സുനിശ്ചിതമായ ചിലപ്രവർത്തനങ്ങളുണ്ട്. അതായത് നിങ്ങൾ ജീവജാലങ്ങൾക്ക് ഉപകാരപ്രദമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്താൽ അത് മാതൃകാപരമാണ്. അത് മാതൃകാനുസൃതമായ പ്രവർത്തിയാണ്. സമാജ ശാസ്ത്രത്തിൽ (സാമൂഹ്യ വേദശാസ്ത്രം) ഈ ഉപകാരപ്രവർത്തനങ്ങൾ തന്നെയാണ് പുണ്യം എന്നു പറയുന്നത്. അതു പോലെ പൊതുജനങ്ങൾക്ക് എതിരായ ചില ചീത്ത പ്രവർത്തനങ്ങളെയാണ് പാപം എന്നുപറയുന്നത്. ഈ നിഷേധാത്മകപ്രവൃത്തി തിരിച്ചടിയുണ്ടാക്കുന്ന രൂപത്തിലാണ്. അതായത് ഈ തിരിച്ചടിയുണ്ടാക്കുന്ന പ്രവർത്തനങ്ങളാണ് പാപം.

അതുപോലെ പാപക്ഷയം എന്നത് ദീക്ഷകൊണ്ട് നേടാവുന്നതാണ്. എങ്ങനെയാണ് ഈ ക്ഷയം നമ്മെ

ബാധിക്കുന്നത്? നമ്മുടെ ചലനങ്ങളാലും പ്രതികരണം ലഭിക്കുന്ന പ്രവർത്തനങ്ങളാലും തിരിച്ചടിയുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഭൗതികമാണ്. ചിലപ്പോൾ മാനസികവും എന്നാൽ ദീക്ഷ നമ്മെ പഠിപ്പിക്കുന്നത് ഈ തിരിച്ചടികൾ മാനസികതലത്തിൽ നമ്മെ സംതൃപ്തിപ്പെടുത്തുന്നു എന്നതാണ്. അങ്ങനെ പാപത്തിന്റെ കെട്ടുകളിൽ നിന്നും മോചിപ്പിക്കപ്പെടുന്നു.

അപ്പോൾ ഒരു വ്യക്തിയെ പാപത്തിന്റെ ചങ്ങലകളിൽ നിന്നും മോചിതനാക്കുന്ന ഈ രീതി രണ്ടായി തിരിക്കുന്നു. ഒന്ന് മന്ത്രാഘാതം രണ്ട് മന്ത്രചൈതന്യം. മന്ത്രാഘാതം എന്നാൽ ഞാൻ മുൻപ് പറഞ്ഞപോലെ ഓരോ മന്ത്രത്തിനും ഒരു ശബ്ദശാസ്ത്ര സംബന്ധിയായ മൂലധാതുവുണ്ട്. ആ മൂലധാതു സർപ്പത്തിനു തുല്യമായി ചുരുണ്ടു കിടക്കുന്ന കുണ്ഡലിനിയെ ഇടിക്കുമ്പോൾ അത് ഉത്തേജിപ്പിക്കപ്പെടുന്നു. ഇതാണ് മന്ത്രാഘാതം എന്നു പറയുന്നത്. അതിനു ശേഷം ഈ ഉത്തേജിപ്പിക്കപ്പെട്ട ചുരുണ്ടുകിടന്നിരുന്ന സർപ്പം ശക്തിയോടുകൂടി കരുത്തോടുകൂടി ചലിക്കുന്നു. അത് മന്ത്രത്തിൽ നിന്നും വന്നതാണ്. ആ ചലനത്തെ മന്ത്രചൈതന്യം എന്നു പറയുന്നു. മന്ത്രാഘാതത്തിന്റെയും മന്ത്രചൈതന്യത്തിന്റെയും സഹായത്തോടെ ആത്മീയാന്വേഷി എല്ലാവിധത്തിലുള്ള പ്രാപഞ്ചിക ബന്ധനങ്ങളിൽ നിന്നും മാനസികവും ശാരീരികവുമായ ബന്ധനങ്ങളിൽ നിന്നും മോചിതനാവുന്നു.

അതുകൊണ്ട് 'ഇനിസിയേഷൻ' എന്നു പറയുമ്പോൾ അത് പുരോഗതിയുടെ ഒരു സങ്കേതം മാത്രമായി മാറുന്നു. അതിൽ കൂടുതൽ ഒന്നുമില്ല. ഒന്നും തന്നെ വികസിക്കുന്നില്ല. ദീക്ഷ രണ്ടു ഘട്ടമായി ഭാഗിക്കുന്നു. ഒന്ന് അനാദിയായത്. മറ്റേത് അവസാനത്തേത്. ആത്യന്തികമായ ഘട്ടത്തെ മൂന്നു ഭാഗങ്ങളാക്കാം. ദീപാനി, മന്ത്രാഘാത, മന്ത്രചൈതന്യ. ദീക്ഷക്ക് ശരിയായ വാക്ക് ഇംഗ്ലീഷിൽ ഇല്ലാത്തതിനാൽ (മറ്റു ഭാഷകളിലുമില്ല) നമുക്ക് ഗത്യന്തരമില്ലാതെ ഇനിസിയേഷൻ എന്ന വാക്ക് ദീക്ഷക്ക് നൽകാം. ഇനിസിയേഷൻ എന്ന ഇംഗ്ലീഷ് പദത്തിന് തുല്യമായ സംസ്കൃത പദം അഭിഷേകം എന്നാണ്. ദീക്ഷ എന്നല്ല.

2 ഡിസംബർ 1978 മദ്രാസ

ജ്ല. ങമറൃമ

ഉള്ളടക്കം

അധ്യായം 4

# ഏറ്റവും നല്ലത് ഭക്തിയാണ്.

## Bhakti Is the Best

വിമോചനത്തിലേക്ക് മൂന്നുതരം വഴികളുണ്ടെന്ന് പൊതുവെ അംഗീകരിച്ച വസ്തുതയാണ്. ജ്ഞാനം, കർമ്മം, ഭക്തി എന്നിവയാണ്. ഈ മൂന്നുഭാവങ്ങൾക്കും അംഗീകരിക്കപ്പെട്ട പാതകളുണ്ട്. അതിനെതിരെ എനിക്കൊന്നും പറയാനില്ല. എന്നാൽ നിങ്ങൾക്കറിയുമോ ഈ മൂന്നു പാതകളും ആത്മീയ വഴിയിൽ പരിശീലിച്ച് സാക്ഷാത്കാരം നേടിയവർ പറയുന്നത് ഭക്തിയാണ് ഏറ്റവും നല്ലതെന്ന്. ബുദ്ധിരാക്ഷസനായ ശങ്കരാചാര്യർ പോലും അത് സമ്മതിച്ചിട്ടുണ്ട്. 'മോക്ഷ കാരണ സാമഗ്ര്യാം ഭക്തിരേവ ഗരീയസി' ഭക്തിയാണ് മോക്ഷത്തിലേക്കുള്ള മോചന ത്തിലേക്കുള്ള ശരിയായവഴി. ഭക്തിയുടെ സാമിപ്യമാണ് ഏറ്റവും ഉത്തമം.

എന്തുകൊണ്ടാണ് ഭക്തിയിലൂടെയുള്ള സമീപനം ഉത്തമമാകുന്നത്?. ജ്ഞാനത്തിന്റെ സമീപനമാവട്ടെ ഉദ്ഗ്രഥനത്തിലൂടെയും അപഗ്രഥനത്തിലൂടെയും ശരിയായ വഴിയിലൂടെ സഞ്ചരിക്കുക എന്നതാണ്. അതിന വിരാമവും വേഗതയുമുണ്ട്. വിരാമസ്ഥിതിയിൽ പദവി കുറഞ്ഞുപോവാൻ സാധ്യതയുണ്ട്. കർമ്മത്തിന്റെ സമീപനം എപ്രകാരമാണ്? ജീവിതലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ ഒരാളുടെ ചലനം പരമകാഷ്ഠയിലെത്തുമ്പോൾ അയാൾക്ക് നാശം സംഭവിക്കാനിടയുണ്ട്. കർമ്മത്തിന്റെ വഴിയിലും ജ്ഞാനത്തിന്റെ വഴിയിലും മായാ മോഹം

സംഭവിക്കാനിടയുണ്ട്. എന്നാൽ ഭക്തിയുടെ പാതയിൽ യാതൊരു വിധ ഉപദ്രവവും ഉണ്ടാവില്ല. ജ്ഞാനയോഗത്തിലൂടെയുള്ള സമീപനത്തിൽ ഒരാൾ തന്റെ ലക്ഷ്യം അല്പം അകലെയായിട്ടാണ് കാണുന്നത്. പിന്നീടതിനെ അപഗ്രഥിച്ചുനോക്കുന്നു. കർമ്മത്തിലും അതുപോലെതന്നെ ലക്ഷ്യസ്ഥാനം കുറച്ചുകൂടി അടുത്താണ്. അടുപ്പം അല്പം കൂടിസംരക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ ഭക്തിയുടെ കാര്യത്തിൽ എന്തുസംഭവിക്കുന്നു? ആത്മീയാന്വേഷകൻ ലക്ഷ്യത്തിന്റെ ഏറ്റവും അടുത്ത സന്നിധിയിൽ എത്തുന്നു. അവന്റെ അഥവാ അവളുടെ പ്രഭുവിനടുത്ത്, അവന്റെ അഥവാ അവളുടെ പരമപുരുഷന്റെ അടുത്ത്.

ജ്ഞാനികൾക്ക് ലക്ഷ്യം അരൂപിയായ ദൈവമാണ്. ദൈവം അവർക്ക് അമൂർത്തമാണ്. അതായത് താത്വികമാണ്. കർമ്മികൾക്ക് ദൈവം വ്യക്തിപരമായ അരൂപിയാണ്. എന്നാൽ രണ്ടും തമ്മിൽ ചിലയോജിപ്പെല്ലാമുണ്ട്. ഒരുകർമ്മിയുടെ ജീവിതത്തിൽ ജ്ഞാനിയുടേതിനേക്കാൾ തടസ്സം കുറവാണ്. എന്നാൽ ഒരു ഭക്തന്റെ ജീവിതത്തിൽ ദൈവം എന്നത് വ്യക്തിപരമായ ഒന്നാണ്. അവന്റെയോ അവളുടേയോ പിതാവാണ്, സ്വന്തം ആത്മാവിന്റെ പരമാത്മാവാണ്. അതുകൊണ്ട് ഒരാൾ തന്റെ ലക്ഷ്യവുമായി ബന്ധപ്പെട്ടുക്കിടക്കുന്നു. ഈ ബന്ധം, വ്യക്തിപരമായ ദൈവം, എന്നത് എല്ലാ കാലവും

സംരക്ഷിക്കപ്പെട്ടുപോവുന്നു. ഒരിക്കലും രൂപ മാറ്റം സംഭവിക്കില്ല. അതുകൊണ്ടാണ് 'മോക്ഷ കാരണ സാമഗ്രം ഭക്തിരേവഗരീയാസി' എന്ന് എല്ലാവരും സമ്മതിക്കുന്നത്. ഭക്തി ഏറ്റവും നല്ല സമീപനമാണ്. ഭക്തിസാന്ദ്രമായ സമീപനമാണ് ഏറ്റവും നല്ല സമീപനം. അതിന ബുദ്ധി പരമായ ശക്തിയോ കാർമ്മിക കായികക്ഷമതയോ ആവശ്യമില്ല.

മനുഷ്യ ജീവിതം ശരിയായി ഗണിക്കപ്പെട്ടതാണെന്ന് നിങ്ങൾക്കറിയാം. മനുഷ്യർ ഇവിടെ വരുന്നത് വളരെ കുറഞ്ഞ ഒരുകാലഘട്ടത്തിലേക്കാണ്. ഈ ചുരുങ്ങിയകാലം കൊണ്ട് വേദപുസ്തകങ്ങളിലൂടെയൊക്കെ കടന്നുപോയാൽ ആയിരത്തോളം വർഷങ്ങളെടുക്കും. മനുഷ്യർ ഇവിടെ ഏതാണ്ട് നൂറോളം വർഷങ്ങളേ ഉണ്ടാവൂ. അതുകൊണ്ട് ജ്ഞാനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുക എന്നത് നിഷ്ഫലപ്രയത്നമാണ്. കർമ്മം എന്നത് അനന്തമാണ്. പക്ഷെ മനുഷ്യശരീരമാകട്ടെ വേഗം നശിക്കുന്നതും. പരിമിതമായ ആരോഗ്യവും കഴിവുകളും മാത്രമേ ഒരാൾക്കുള്ളൂ. അതിനാൽ ഭക്തിയുടെ പാത നിരുപദ്രവകരമാണ്. ഏറ്റവും ഉന്നതവുമാണ്. കൂടുതൽ സൂത്രശാലികളായിട്ടുള്ളവർ ഭക്തിയിലൂടെയുള്ള സമീപന മാണ് നടത്തുന്നത്. അതുകൊണ്ട് നിങ്ങളോട് എനിക്കുള്ള ഉപദേശം ഭക്തി മാർഗ്ഗത്തിൽ സഞ്ചരിക്കുക എന്നതാണ്. അതാണ് ശരിയായവഴി.

ഈയടുത്തകാലത്ത് ബോംബെയിൽ വെച്ചു നടത്തിയ ഒരു ചെറുപ്രഭാഷണത്തിൽ ഒരു ചോദ്യത്തിന് മറുപടിയായി ഞാനിപ്രകാരം പറഞ്ഞു. യഥാർത്ഥത്തിൽ ജ്ഞാനികൾ എന്നുപറയുന്നവർ അവരുടെ നിലനിൽപ്പ് ദുരുപയോഗം ചെയ്യുന്നു. അവർ അവരുടെ വിലപ്പെട്ട സമയം വെറുതെ കളയുന്നു. കർമ്മികളും ഇതേ പോലെയുള്ള ദുരുപയോഗങ്ങൾ നടത്തുന്നു. അവർ ലക്ഷ്യത്തിൽ നിന്നും വേർപ്പെടുമ്പോൾ ലക്ഷ്യം ദുർവിനിയോഗം ചെയ്യുന്നു.

ബുദ്ധിശക്തി പരിഗണിക്കുമ്പോൾ ഇത്തരം ബുദ്ധിമാന്മാർക്ക് സി ഗ്രേഡാണ് നൽകുക. അതുപോലെ കാർമികൾക്ക് ബി ഗ്രേഡാണ് ലഭിക്കുക. എന്നാൽ ഭക്തന്മാരായ ഏറ്റവും വലിയ ബുദ്ധിമാന്മാർക്ക് എ ഗ്രേഡാണ് ലഭിക്കുക. അതുകൊണ്ട് നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും എ ഗ്രേഡ് തന്നെ ലഭിക്കാൻ വേണ്ടി പരിശ്രമിക്കണം. അങ്ങനെ ഉപദ്രവമൊന്നുമില്ലാത്ത ഭക്തിയുടെ പാതയിലൂടെ ചലിക്കണം.

ഇതിനു മുൻപുനടന്ന ഒരു പ്രഭാഷണത്തിൽ ഞാൻ പറഞ്ഞു പരമതത്വം ഒരു മാന്തോപ്പുപോലെയാണ്. മൂന്നുവ്യക്തികൾ, ആത്മീയപാതയിൽ സഞ്ചരിക്കുന്ന ഒരുജ്ഞാനി, ഒരുകർമ്മി, ഒരുഭക്തൻ ആ തോട്ടത്തിലേക്ക് പോകുന്നുവെന്ന് കരുതുക. അപ്പോൾ ജ്ഞാനി എന്താണ് ചെയ്യുക? അവൻ അല്ലെങ്കിൽ അവൾ ആ മാവിൻ തോട്ടത്തിൽ എത്ര ഇലകൾ

ഉണ്ടായിരിക്കുമെന്ന് എണ്ണാൻ തുടങ്ങുന്നു. അയാൾ എണ്ണുമ്പോഴേക്കും കർമ്മി മരത്തിൽ കഴറി ഇലകൾ തൊടുകയും പൂക്കളും മാമ്പഴങ്ങളും സ്പർശിക്കുകയും ചെയ്യുന്നു. ഭക്തനപ്പോൾ എന്താണ് ചെയ്യുക? ഭക്തൻ മാമ്പഴത്തിന്റെ രുചി ആസ്വദിക്കുന്നു. വൈകുന്നേരമാകുമ്പോൾ എന്തുസംഭവിക്കുന്നു? ഭക്തന്മാർ മാമ്പഴങ്ങൾ തിന്നുതീർക്കുന്നു. ജ്ഞാനികളും കർമ്മികളും പരസ്പരം കലഹിക്കുന്നു.

ധാരാളം വിശുദ്ധ പുസ്തകങ്ങളുണ്ട്. വേദങ്ങളും പുരാണങ്ങളും ഉണ്ട്. അംഗീകരിക്കപ്പെട്ടതും അല്ലാത്തതുമായ നിരവധി പുസ്തകങ്ങളുണ്ട്. ജ്ഞാനികൾ വ്യാകരണം, ശ്ലോകങ്ങളിലെ വിസർഗ്ഗം, കോമ തുടങ്ങിയ കാര്യങ്ങളെപറ്റി പരസ്പരം കലഹിക്കുന്നു. കർമ്മികൾ എന്തുചെയ്യുന്നു? അവർ കലഹിക്കുകയില്ല. പക്ഷേ ആട്ടുചക്കിലെ കാളകളെപോലെ ചുറ്റിത്തിരിയുന്നു. ആട്ടുചക്കിലെകാളെകൾ കറങ്ങുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? ഒരു ദിവസം നൂറ്മൈലുകളെക്കാളുമധികം അവ ചുറ്റിത്തിരിയുന്നു. എന്നാൽ അവയ്ക്ക് ഒരു പുരോഗതിയും ഇല്ല. അവരുടെ എല്ലാ ചലനങ്ങളും ആ ചക്കിന്റെ ചുറ്റുവട്ടത്തുമാത്രം ഒരുങ്ങുന്നു. ഇതുപോലെ തന്നെയാണ് കർമ്മികളും.

എന്നാൽ ഭക്തന്മാർ എന്താണ് ചെയ്യുക? വേദപുസ്തകങ്ങളെല്ലാം സാഗരം പോലെയാണ്.

ഭക്തന്മാർ അപ്പോൾ എന്താണ് ചെയ്യുക? അവർ ആ കടലിനെ മഥിക്കുന്നു. മഥനത്തിനശേഷം അവർക്കെന്താണ് ലഭിക്കുക? വെണ്ണയും മോരും ഭക്തന്മാർ ആ വെണ്ണ ഭുജിക്കുന്നു. വൈകുന്നേരം ജ്ഞാനികളും കർമ്മികളും മോരിന്റെ ഉടമസ്ഥതയെ പറ്റി തർക്കിക്കുന്നു. അതുകൊണ്ട് ബുദ്ധിമാന്മാവൂ എനിക്ക് നിങ്ങളോടുള്ള ഉപദേശം നിങ്ങൾ ഒരു വിവേകിയാവുക എന്നതാണ്. ഒരു സി ഗ്രേഡ് ബുദ്ധിജീവിയാവരുത് എന്നതാണ്.

2 ഡിസംബർ 1978 മദ്രാസ

ഉള്ളടക്കം

അധ്യായം 5

# ഉപവാസം

## Upava’sa.

ഇന്ന് ഏകാദശിയാണ്. ഭക്ഷണം കഴിക്കാതിരിക്കുന്നതാണ് സംസ്കൃതത്തിൽ ഉപവാസം. ഉപ എന്നത് സംസ്കൃതത്തിലെ ഉപസർഗ്ഗമാണ്. സംസ്കൃതത്തിൽ ഇരുപത് അംഗീകൃത ഉപസർഗ്ഗങ്ങളുണ്ട്. അതിലൊന്നാണ് ഉപ. ഉപ എന്നാൽ ചേർച്ച അഥവാ അടുപ്പം. വാസ എന്നാൽ ജീവിക്കുക,

അധിവസിക്കുക. അപ്പോൾ ഉപവാസ എന്നതിനർത്ഥം പ്രഭുവിനടുത്ത് താമസിക്കുക.

ഉപവാസ ഉപവാസ ദിവസം ആത്മീയസാഫല്യം ആഗ്രഹിക്കുന്നവൻ എന്താണ് ചെയ്യുക? മാനസികമായി അവർ പ്രഭുവിനോടൊപ്പം ജീവിക്കണം. മറ്റു ദിവസങ്ങളിലെല്ലാം വസ്തുനിഷ്ഠമായ ക്രമീകരണവും ആത്മനിഷ്ഠമായ സമീപനവും സംതുലിതമായി കൊണ്ടുപോകണം. ഉപവാസ ദിവസങ്ങളിൽ ഒരാൾ പ്രഭുവിന്റെ സമീപത്ത് നിൽക്കുന്നു. ഐഹിക കാര്യങ്ങളിൽ നിന്നകലുന്നു. അതുകൊണ്ടാണീ ദിവസത്തെ ഉപവാസ എന്നു പറയുന്നത്. എന്നാൽ നോമ്പു നോൽക്കുക എന്നത് ഈ വാക്കിന്റെ ശരിയായ ആശയം ഉൾക്കൊള്ളുന്നില്ല. സംസ്കൃത ഭാഷയിൽ ഭക്ഷണമില്ലാതെ കഴിയുന്നതിന് അനാശന എന്നു പറയുന്നു. അന എന്നാൽ ഇല്ലാതെ അശന എന്നാൽ ഭക്ഷിക്കുക. ഉപവാസം അല്ല. എന്നാൽ ഏകാദശി, അമാവാസി, പൂർണ്ണിമ എന്നീ ദിവസങ്ങൾ ഉപവാസദിവസങ്ങളാണ്.

3 ഡിസംബർ 1978 മദ്രാസ

**ഉള്ളടക്കം**

അധ്യായം 6

# ഭക്തനും ആരാധനയുടെ ലക്ഷ്യവും

## The Devotee and the Object of Adoration.

കഴിഞ്ഞ രാത്രിയിൽ മഹാചക്രത്തിനിടയിൽ ആരാധനക്ക് ഒരു ഭക്തൻ തിരഞ്ഞെടുക്കുന്നത് തികച്ചും വ്യക്തിപരമായ ഒന്നാണ്, എന്ന് ഞാൻ പറഞ്ഞു. വ്യക്തിമനസ്സ് ഇതിനെ ഒരു പ്രകമ്പനപരമായ ആവിഷ്കാരമായി സാക്ഷാത്കാരമായി പരിഗണിക്കുന്നുവെങ്കിൽ പരമപുരുഷനാണ് എല്ലാ പ്രകമ്പനങ്ങളുടേയും നിയന്ത്രകൻ. വേദങ്ങളിൽ ആ പ്രപഞ്ച പുരുഷനെപറ്റി പറഞ്ഞിട്ടുണ്ട്.

''തമീശ്വരാണാം പരമം മഹേശ്വരം
തം ദേവതാനാം പരമഞ്ച ദൈവതം
പതിം പതീനാം പരമം പരസ്താദ്
വിദാമ് ദേവം ഭുവനേശമിഡ്യം''

'അങ്ങ് എല്ലാ പ്രഭുക്കളുടേയും പ്രഭുവാണ്.' ''തമീ ശ്വരാണാം പരമം മഹേശ്വരം പരമം മഹേശ്വരം'. ഓരോ ജീവിത മണ്ഡലത്തിലും വ്യത്യസ്തരായ പ്രഭുക്കളാണ്. വ്യത്യസ്തരായ ഉടമകളാണ്, വ്യത്യസ്ത

നിയന്ത്രകരാണ്. സംസ്കൃതത്തിൽ ഈശ എന്ന മൂലക്രിയക്ക് നിയന്ത്രിക്കുക എന്നർത്ഥമാണ്. ഈശ്വരൻ എന്നാൽ നിയന്ത്രിക്കുന്നവൻ. നമ്മുടെ വ്യക്തിപരമായ ജീവിതത്തിലെ വിവിധ മേഖലകളിൽ നിയന്ത്രകരും മാറി വരുന്നു. ഒരു പ്രത്യേക വ്യവസായ ശാലയുടെ നിയന്ത്രകൻ, ഒരു പാണ്ഡികശാലുടെ നിയന്ത്രകൻ, ഒരധികാരി സഭ നിയന്ത്രിക്കുന്നവൻ തുടങ്ങി പലരും ഉണ്ടാകും. എന്നാൽ ഈ നിയന്ത്രിക്കുന്നവരുടെയെല്ലാം മുകളിലായി, അവരുടെ ചലനങ്ങളുടെയെല്ലാം മുകളിലായി ഒരു വിശ്വപുരുഷനുണ്ട്. ആ വിശ്വപുരുഷനാണ് മഹേശ്വരൻ. മറ്റുള്ളവരൊക്കെ ഈശ്വരന്മാരാണെങ്കിൽ വിശ്വപുരുഷനാണ് മഹേശ്വരൻ.

''തമീശ്വരാണാം പരമം മഹേശ്വരം
തം ദേവതാനാം പരമഞ്ച ദൈവതം''

കഴിഞ്ഞരാത്രിയിൽ ഞാൻ പറഞ്ഞു ദേവ എന്നാൽ പ്രകമ്പനപരമായ സാക്ഷാത്കാരം. ദേവൻ എന്നതിനെ പറ്റി മഹർഷി യാജ്ഞവൽക്യൻ പറഞ്ഞു.

''ദ്യോതതേ ക്രീഡതേ യസ്മാദുദ്യതേ ദ്യോതതേ
ദിവി
തസ്മാദ്ദേവ ഇതി പ്രോക്തഃ സ്തൂയതേ സർവദേ
വതൈഃ''

ഈ പ്രപഞ്ചത്തെ മുഴുവൻ പ്രകമ്പനം കൊള്ളിക്കുന്ന, വ്യത്യസ്ത ഭാവങ്ങളുടെ സ്പന്ദനത്തിലൂടെയുണ്ടാകുന്ന ഹൃദയമിടിപ്പാണ് ദേവൻ. എവിടെയൊക്കെ ചലനമുണ്ടോ

അവിടെയൊക്കെ സൃഷ്ടിയുമുണ്ട്. എവിടെയൊക്കെ ചലനങ്ങളുണ്ടോ അവിടെ പ്രാകാശതരംഗങ്ങളും ശബ്ദതരംഗങ്ങളും, കൂടാതെ അനുമാനത്തിലുള്ള നിരവധി തരംഗങ്ങളും ഉണ്ട്. അത്തരം അനുമാനങ്ങളെല്ലാം ദേവന്മാരാണ്. പരമപുരുഷനാണ് എല്ലാവിധ സ്പന്ദനങ്ങളെയും നിയന്ത്രിക്കുന്നത്. എല്ലാ ആവിഷ്കാരങ്ങളെയും എല്ലാ ദേവന്മാരെയും നിയന്ത്രിക്കുന്നത് പരമപുരുഷനാണ്. അതുകൊണ്ടദ്ദേഹം മഹാദേവനാണ്.

'പതിം പതിനാം പരമം പരസ്താദ' പതി എന്നാൽ പ്രഭു. ജീവിതത്തിൽ, വ്യത്യസ്ത മണ്ഡലങ്ങളിൽ ധാരാളം ഉടമസ്ഥന്മാരുണ്ട്. ധാരാളം പ്രഭുക്കളുണ്ട്. ഒരു പ്രത്യേകഭ്രമിയുടെ ഉടമസ്ഥരുണ്ട്. ഒരു സാമ്രാജ്യത്തിന്റെ ഉടമകളുണ്ട്. അതുപോലെ നിരവധയുണ്ട്. എന്നാൽ ഈ ഉടമസ്ഥരെയെല്ലാം പരമപുരുഷന്റെ ദയയെ ആശ്രയിച്ചിരിക്കുന്നു. ഉടമസ്ഥാവകാശം അദ്ദേഹത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം എല്ലാ ഉടമകളുടെയും ഉടമയാണ്. അദ്ദേഹം എല്ലാ പ്രഭുക്കന്മാരുടേയും പ്രഭുവാണ്. എല്ലാ പതിമാരുടേയും പതിയാണ്. 'പതിം പതീനാം പരമം പരസ്താദ്'.

അറിവിന്റെ ലോകം രണ്ടു ഭാഗങ്ങളിലാണ്. രണ്ടു വകുപ്പുകളിലാണ്. ഒന്ന് അറിയുന്ന ഭാഗം മറ്റേത് അറിഞ്ഞു കഴിഞ്ഞ ഭാഗം. ഒന്ന് വിഷയത്തെ സംബന്ധിക്കുന്നത്. മറ്റേത് ലക്ഷ്യത്തെ

സംബന്ധിക്കുന്നത്. അപ്പോൾ എവിടെയെല്ലാമാണോ നിർവ്വഹരണ പരമായ അറിവുള്ളത് അവിടെ അറിയുന്ന സത്തയെ 'പരാ' എന്നും അറിഞ്ഞു കഴിഞ്ഞതിനെ 'അപരാ' എന്നും പറയുന്നു. ഒരുസത്ത അറിയുന്നവനും മറ്റൊരുസത്ത അറിഞ്ഞവനും ആണെങ്കിൽ അറിവുള്ള സത്തയെ 'പര' എന്നറുയപ്പെടുന്നു. മറ്റേതാകട്ടെ 'അപരബ്രഹ്മം' എന്നറിയപ്പെടുന്നു. ഈ അഹംതത്വാത്മകപ്രപഞ്ചത്തിൽ വിഷയസംബന്ധിയായ അനുമാനങ്ങളിൽ വരുന്ന വിഷയസംബന്ധിയായ ഈ ലോകത്തെ പരമസത്തയാണ് അപരബ്രഹ്മം. അദ്ദേഹം പരേശൻ എന്നറിയപ്പെടുന്നു. പരയുടെ പ്രഭു. അദ്ദേഹം അപരേശൻ, അപരയുടെ പ്രഭു എന്നു കൂടി അറിയപ്പെടുന്നു.

'പരം പരസ്താദ്' ഈ ബാഹ്യ ലോകം അപരയാണോ എല്ലാം അറിയുന്നവൻ? അറിവുള്ളവർ എന്നാൽ നിങ്ങളുടെ ഇന്ദ്രിയങ്ങളാണ്. രണ്ടാം ഘട്ടത്തിൽ നിങ്ങളുടെ വിവേചന ശക്തികളാണ് 'അപര' നിങ്ങളുടെ മനസ്സാണ് 'പര' കാരണം നിങ്ങളുടെ മനസ്സാണ് ഇന്ദ്രിയങ്ങളെ അറിയുന്നവൻ. മനസ്സ് അറിയുന്നു. അടുത്തതായി സൂക്ഷവും, അടുത്ത ഘട്ടവുമായ മനസ്സ് 'അപര'യാവുന്നു. അതായത് അറിയുന്നവൻ. ആത്മാവ് അറിവുള്ളവനാകുന്നു. അതായത് 'പര'. അവസാന ഘട്ടത്തിൽ നിങ്ങളുടെ ആത്മാവ് 'അപര'യായി മാറുന്നു. അറിവുള്ളവനും പ്രപഞ്ചസത്തയുമായ പരമപുരുഷൻ പരയായി

മാറുന്നു. അദ്ദേഹമാണ് പരമമായ 'പര'. അദ്ദേഹമാണ് പരമമായ അഹംതത്വാത്മികത്വം.

അതിനാൽ എപ്പോഴാണോ നിങ്ങൾ എന്തെങ്കിലും അറിയുന്നത് , അതേ നിമിഷത്തിൽ തന്നെ നിങ്ങൾ ചിന്തിക്കണം നിങ്ങൾ അറിയുന്നത് അദ്ദേഹം കാരണമാണെന്ന്. അതായത് നിങ്ങൾ എന്തെല്ലാം കാണുന്നുവോ അതെല്ലാം അദ്ദേഹം അറിയുന്നു. ഒന്നും തന്നെ അദ്ദേഹത്തിൽ നിന്നും മറക്കാനോ ഗോപ്യമായി വെക്കാനോ സാധ്യമല്ല. നിങ്ങൾ എന്തെല്ലാം ചെയ്യുന്നുവെന്ന് അദ്ദേഹം അറിയുന്നു. നിങ്ങളെന്തെല്ലാം ചിന്തിക്കുന്നുവോ അതദ്ദേഹം അറിയുന്നു. നിങ്ങൾ എന്തെല്ലാം ചിന്തിക്കുമെന്നും അദ്ദേഹത്തിനറിയാം. 'പരമം പരസ്താദ് വിദാം ദേവം ഭുവനേശമീദ്യം'. അതുകൊണ്ട് നിങ്ങൾക്കെന്തെങ്കിലും അറിയുമെങ്കിൽ നിങ്ങൾ അദ്ദേഹത്തെയും അറിയും. ഒരാളെ അറിയൂ; അങ്ങനെ എല്ലാവരേയും അറിയൂ. അദ്ദേഹം എല്ലാമറിയുന്നു. അതുകൊണ്ട് നിങ്ങൾ അദ്ദേഹവുമായി സ്നേഹത്തിലാണെങ്കിൽ അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ നിങ്ങൾ എല്ലാവരെയും അറിയും

അദ്ദേഹം പരമമായ അഹം തത്വാത്മമാണെങ്കിൽ ഈ ലോകത്തുള്ളതെല്ലാം അദ്ദേഹത്തിന്റെ ലക്ഷ്യമാണ് എന്നതാണ് വസ്തുത. ഈ പ്രപഞ്ചത്തിലെ എല്ലാ ഈശ്വരന്മാരും, എല്ലാ പരകളും അപരകളും എല്ലാ ദേവതകളും അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളാണ്.

അദ്ദേഹം പരമമായ അഹംതത്വാത്മികത്വമാണ്. അദ്ദേഹം വിഷയമാണ്. എല്ലാം അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളാണ്. അപ്പോൾ പിന്നെ എങ്ങനെയാണ് ധ്യാനത്തിനിടയിൽ അദ്ദേഹത്തെ നിങ്ങളുടെ ലക്ഷ്യമായി കാണുക? അദ്ദേഹം പരമമായ വിഷയമാണ്. നിങ്ങൾ അദ്ദേഹത്തെ ധ്യാനിക്കുമ്പോൾ അദ്ദേഹം നിങ്ങളുടെ ലക്ഷ്യമാകുമോ? അദ്ദേഹം പരമമായ അഹംതത്വാത്മകത്വമാകുമ്പോൾ എങ്ങനെയാണ് അദ്ദേഹത്തിന നിങ്ങളുടെ ലക്ഷ്യമായി മാറാനാവുക? ധ്യാനത്തിനിടയിൽ നിങ്ങളുടെ സമീപന രീതി എന്താണ്? ധ്യാന സമയത്ത് നിങ്ങൾ ധ്യാനിക്കുന്ന സത്ത, നിങ്ങളുടെ ലക്ഷ്യമാക്കി നോക്കിക്കൊണ്ടിരിക്കയാണെന്ന് നിങ്ങൾ ചിന്തിക്കണം. അദ്ദേഹമല്ല നിങ്ങളുടെ ലക്ഷ്യം. നിങ്ങളാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. നിങ്ങളെന്തെല്ലാം ചെയ്യുന്നു അതെല്ലാം അദ്ദേഹം കാണുന്നു. അതായിരിക്കണം നിങ്ങളുടെ മനഃശാസ്ത്രം അദ്ദേഹത്തിന്നൊരിക്കലും നിങ്ങളുടെ ലക്ഷ്യമാകാനാവില്ല. ധ്യാനസമയത്ത് നിങ്ങൾ ഓർക്കേണ്ടത് പരമപുരുഷൻ നിങ്ങളെ ശ്രദ്ധിക്കുന്നു എന്നാണ്. അദ്ദേഹത്തിന്റെ ലക്ഷ്യമായി നിങ്ങളെ കാണുന്നു എന്നാണ്. അദ്ദേഹം നിങ്ങളുടെ ലക്ഷ്യമല്ല. നിങ്ങളാണ് അദ്ദേഹത്തിന്റെ വിഷയം. 'വിദാമ ദേവം ഭുവനേശ മീഡ്യം' എന്നത് നിങ്ങൾ അറിയുന്നുണ്ടോ? അതായത് ദേവൻ, പരമമായ അഹംതത്വാത്മികത്വം, എല്ലാവരാലും

ആരാധിക്കപ്പെടുന്നു. എല്ലാവരാലും സ്നേഹിക്കപ്പെടുന്നു. മനുഷ്യജീവിതത്തിലെ വ്യത്യസ്തമായ സമീപനങ്ങളുടെ അവസാന ലക്ഷ്യത്തിലെ മൂർദ്ധന്യ ബിന്ദുവാണ് അദ്ദേഹം.

ഡിസംബർ 4, 1978 മദ്രാസ്

ഉള്ളടക്കം

അധ്യായം 7

# ലോകപിതാവിന് ചില പ്രത്യേക ഉത്തരവാദിത്വങ്ങളുണ്ട്

The Cosmic Father Has a Special Responsibility.

1978 സപ്തംബർ 6ന് ഞാൻ 'കൗശികീ'നൃത്തം നൂതനമായി ആവിഷ്കരിച്ചു. ആ നൃത്തം ഒരു വ്യായാമവും ഏതാണ്ട് ഇരുപത്തിരണ്ടോളം അസുഖങ്ങൾക്കുള്ള മരുന്നുമാണ്. ഇത് സ്ത്രീകളെ ബാധിക്കുന്ന ഒരുവിധം അസുഖങ്ങൾക്കെല്ലാമുള്ള ഒറ്റമൂലിയാണ്. ഇളം പ്രായത്തിലുള്ള പുരുഷന്മാർക്കും

ഈ നൃത്തം നല്ലതാണ്. കരൾ സംബന്ധമായ ഒരുവിധം എല്ലാ അസുഖങ്ങൾക്കും ഇത് ഉത്തമമാണ്. അത് സ്ത്രീകൾക്ക് സുരക്ഷിതമായ സുഖപ്രസവം ഉറപ്പു നൽകുന്നു. അകാല വാർദ്ധക്യത്തെ ചെറുക്കുന്നു. അത് തീർച്ചയായും ഒരു ഔഷധമാണ്.

താണ്ഡവനൃത്തം കണ്ടുപിടിച്ചത് ഞാനല്ല. സദാശിവനാണ്. 7000 വർഷങ്ങൾക്കപ്പുറം കണ്ടുപിടിച്ച ഈ നൃത്തം സമഗ്രമായ ഒരു ശാരീരിക വ്യായാമമാണ്. തലച്ചോറടക്കമുള്ള എല്ലാ ശാരീരികാവയവങ്ങൾക്കും പറ്റിയ വ്യായാമമാണ് (മസ്തിഷ്കത്തിനുതകുന്ന ചില ബുദ്ധിപരമായ വ്യായാമങ്ങളുണ്ട്. എന്നാൽ ശാരീരികമായ വ്യായാമങ്ങളൊന്നുമില്ല. സത്യത്തിൽ താണ്ഡവം മസ്തിഷ്കത്തിനു പോലും പറ്റുന്ന ശാരീരിക വ്യായാമമാണ്). എല്ലാവിധ നൃത്തങ്ങളിലും വെച്ച് ഏറ്റവും നല്ലതാണിത്. പക്ഷെ ഇത് സ്ത്രീകൾക്ക് ചെയ്യാൻ പാടില്ല.

സംസ്കൃതത്തിൽ 'തണ്ഡു' എന്ന വാക്കിന 'ചാടുന്ന ശീലമുള്ള' എന്നാണർത്ഥം. നെല്ലിൽ നിന്നും അരി വേർതിരിച്ചെടുക്കുമ്പോൾ (പാരമ്പര്യരീതിയിൽ) നെല്ലും അരിയും തുള്ളിക്കളിക്കുന്നു. അതുകൊണ്ടാണ് അരിക്ക് സംസ്കൃതത്തിൽ 'തണ്ഡുലം' എന്ന പേര് ഉണ്ടായത് തണ്ടു എന്നതിനോട് 'സ്ന' പ്രത്യയം ചേരുമ്പോൾ 'താണ്ഡവ' എന്നാവുന്നു. ചാടുക എന്ന പ്രവൃത്തിക്ക് പ്രാധാന്യമുള്ള നൃത്തം. ശിവൻ ഈ നൃത്തം കണ്ടുപിടിച്ചത് സാധകരുടെ ഭൗതികവും

മാനസികവുമായ ശുദ്ധീകരണത്തിനു വേണ്ടിയാണ്. അത് അവരുടെ ആത്മീയ പുരോഗതിക്ക് സഹായകമാവും. ശിവന്റെ ജീവിതപങ്കാളിയായ പാർവ്വതി ലളിതമാർമ്മിക നൃത്തം കണ്ടുപിടിച്ചു. അതിന്റെ അർത്ഥം 'ആന്തരികാത്മാവിന്റെ ശബ്ദം' എന്നാണ്. നാം കീർത്തന ങ്ങൾക്കുപയോഗിക്കുന്നത് ഈ ലളിതമാർമ്മിക നൃത്തമാണ്. ആത്മീയാന്വേഷകന്റെ ആന്തരികശബ്ദത്തെ പ്രതിനിധീ കരിക്കുന്നതാണീ നൃത്തം. ലളിത മാർമ്മിക നൃത്തത്തിന്റെ പ്രാധാന്യം മുദ്രകളിലൂടെയുള്ള പ്രകടനമാണ്. താണ്ഡവത്തിൽ മുദ്രകളില്ല.

അനുയായികൾക്കിടയിലും ഭക്തന്മാർക്കിടയിലും ഏതു നൃത്തം സ്വീകരിക്കണമെന്ന കാര്യത്തിൽ തർക്കമുണ്ട്. രണ്ടും തുല്യമായി സ്വീകരിക്കാമെന്നും ബഹുമാനിക്കാമെന്നും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി താണ്ഡവത്തിനും ലളിത നൃത്തത്തിനും ഭാരതീയമായ സംഗീതവും നൽകിയിട്ടുണ്ട്. ഇതിനെ 'ഇന്തോ ആര്യൻ' സംഗീതം എന്നു പറയുന്നു. ഇന്ത്യൻ സംഗീതം രണ്ടു ശാഖകളായി തിരിച്ചിട്ടുണ്ട്. ആദ്യത്തേത് 'ആര്യാവർത്തവും' രണ്ടാമത്തേത് 'ദക്ഷിണാത്യ'വുമാണ്. ആര്യാവർത്തത്തിന്റെ പൊതുവായ പേര് 'ഹിന്ദുസ്ഥാനി സംഗീതം' എന്നാണ്. ദക്ഷിണാര്യ വിഭാഗം കർണ്ണാടക സംഗീതവുമാണ്. ഈ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ സംഗീതം ആരംഭിച്ചത്. അതാരംഭിച്ചത് സദാശിവനാണ്.

അതുകൊണ്ടാണദ്ദേഹത്തെ നടരാജൻ എന്നു വിളിക്കുന്നത്. നാദതനുനടേശം. (ശരീരം നാദങ്ങളാൽ നിർമ്മിച്ചത്. അനാദിശബ്ദം നൃത്തത്തിന്റെ പ്രഭു.) ഇന്ത്യൻ താളത്തിലാണ് ഈ ക്രമീകരണം ആദ്യമായി നിർമ്മിച്ചത്. താണ്ഡവത്തിന്റെ ആദ്യാക്ഷരമാണ് 'താ'. ലളിതത്തിന്റെ ആദ്യാക്ഷരം 'ല'. അങ്ങനെ ഇന്ത്യൻ സംഗീതത്തിൽ 'താളം' സൃഷ്ടിക്കപ്പെട്ടു.

കീർത്തനം ചൊല്ലുമ്പോൾ ലളിത നൃത്തം ചെയ്യുന്നു. ഈ നൃത്തം ലോകത്തെമ്പാടുമുള്ളവർ കീർത്തനത്തിനുള്ള ഏറ്റവും നല്ല നൃത്തമായി പരിഗണിക്കുന്നു. താണ്ഡവം വീരോചിതനൃത്തമാണ്. ജീവിതവും മരണവും തമ്മിലുള്ള യുദ്ധമാണ് ഇവിടെ കാണിക്കുന്നത്. കത്തി ജീവിതത്തെ കാണിക്കുന്നു. മഹത്വ പൂർണ്ണമായ കരുത്തിനെ കാണിക്കുന്നു. തലയോട്ടി കാണിക്കുന്നത് നിങ്ങളെ നശിപ്പിക്കുന്ന മരണത്തെയാണ്. നിങ്ങൾ ആയുധമുപയോഗിച്ച് മരണത്തെ നേരിടുന്നു. അതൊരു കത്തിയുമാവാം, ത്രിശൂലവുമാവാം. നിയമമനുസരിച്ച് പകൽ സമയത്ത് ഒരാൾ ആഗ്രഹിക്കുകയാണെങ്കിൽ തലയോട്ടിക്കുപകരം ജീവനുള്ള പാമ്പിനെ ഉപയോഗിക്കാം. രാത്രികാലത്ത് തീപന്തമോ, ടോർച്ചോ, ദമരുവോ (ചെറിയ പെരുമ്പറ) ഉപയോഗിക്കാം. ഇതാണ് നിയമം. അതുകൊണ്ട് താണ്ഡവം അനന്തമായ യുദ്ധമാണ്. നിലനിൽപിനു വേണ്ടിയുള്ള പോരാട്ടം, അതിജീവനത്തിനു

വേണ്ടിയുള്ള സമരം, ഈ ലോകത്ത് തന്നെത്തന്നെ സ്ഥാപിച്ചെടുക്കാനുള്ള സമരം.

മഹാചക്രത്തിനിടയിലും മറ്റു പ്രഭാഷണങ്ങൾക്കിടയിലും ഭക്തർക്ക് വിജയം കൈവരിക്കാൻ സാധിക്കുന്നു. സംസ്കൃതത്തിൽ ഒരേ പോലെയുള്ള രണ്ടു വാക്കുകളുണ്ട്. ജയവും വിജയവും. ജയം എന്നു പറഞ്ഞാൽ വിജയം, നേട്ടം. ശത്രുവിനോടുള്ള താൽകാലികമായി വിജയം. അത് വെറും താൽകാലികമാണ്. ശത്രുക്കൾ പരാജയപ്പെടുമ്പോൾ നിങ്ങൾ ജയിക്കുന്നു. എന്നാൽ അടുത്ത നിമിഷം ശത്രു കരുത്താർജ്ജിച്ച് നിങ്ങളെ പരാജയപ്പെടുത്തുന്നു. എന്താണ് വിജയം? വിജയം എന്നാൽ സ്ഥിരമായ വിജയമാണ്. ശത്രുവിന്റെ പരിപൂർണ്ണമായ നാശം. കഴിഞ്ഞ ഏതാനും പ്രഭാഷണങ്ങളിലൂടെ ഭക്തർക്ക് വിജയം ഉണ്ടായതായി ഞാൻ വിചാരിക്കുന്നു.

ആത്മീയനേട്ടങ്ങളുടെ പാതയിൽ ആത്മീയ പുരോഗതിയിൽ ജ്ഞാനി തനിച്ചാണ്. അതുപോലെത്തന്നെയാണ് കർമ്മിയും. എന്നാൽ ഭക്തൻ പലപ്പോഴും പരമപുരുഷന്റെ മടിയിൽ കിടക്കുന്നു. അയാൾ തനിച്ചല്ല. ശാസ്ത്രങ്ങളിൽ പറയുന്നത്, ഭക്തർക്കറിയാം പരമപുരുഷൻ എങ്ങനെയാണ് അദ്ദേഹത്തിന്റെ മക്കളുമായുള്ള ബന്ധം സ്ഥാപിക്കുന്നതെന്ന്. ഓത, പ്രോത യോഗങ്ങളിലൂടെയാണ് ഈ ബന്ധം സ്ഥാപിക്കുന്നത്.

എന്താണ് ഓതയോഗം? പരമപുരുഷന ഈ പ്രപഞ്ചത്തിലെ ഓരോ സത്തയുമായും ബന്ധമുണ്ട്. ജീവനുള്ളവയുമായും ഇല്ലാത്തവയുമായും. ഒരു മൺതരി പോലും ഒരു ചെറിയ പുൽത്തകിടി പോലും അദ്ദേഹത്താൽ അവഗണിക്കപ്പെടുന്നില്ല. എല്ലാവരും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട മക്കളാണ്. ഇതാണദ്ദേഹത്തിന്റെ ഓതയോഗം. ജീവനുള്ളതോ അല്ലാത്തതോ ആയ ഓരോ സത്തക്കും നേരിട്ട് പരമപുരുഷനുമായി ബന്ധമുണ്ട്. അതുകൊണ്ട് ആരും ഈ പ്രപഞ്ചത്തിൽ തനിച്ചല്ല. ഓരോ മക്കളേയും സംരക്ഷിക്കേണ്ട ചുമതല അദ്ദേഹത്തിനുണ്ട്. അതിനാൽ ഭക്തന ഒരിക്കലും വിഷാദത്താലുണ്ടാകുന്ന മനോരോഗം ഉണ്ടാവുകയില്ല.

നിങ്ങൾക്കറിയാമോ? വിഷാദരോഗം എന്നാൽ പ്രതീക്ഷയില്ലാതെ, ആരും സഹായമില്ലാതെയുള്ള അവസ്ഥയാണ്. 'ആരും എന്നെ സ്നേഹിക്കാനില്ല.' എന്ന ചിന്ത ഒരു ഭക്തന അനുഭവിക്കേണ്ടി വരില്ല. കാരണം അവരെപ്പോഴും പരമപുരുഷനോടൊപ്പമാണെന്നവർക്കറിയാം. എന്നാൽ ജ്ഞാനികൾ ഇത്തരം അസുഖങ്ങളാൽ പ്രയാസപ്പെടുന്നു. ജ്ഞാനികളിൽ മതിഭ്രംശം പോലുള്ള മനോരോഗങ്ങൾ കാണപ്പെടുന്നു. ബുദ്ധിമാന്മാരെന്നും, വളരെ പഠിച്ചവരെന്നും വിളിക്കപ്പെടുന്നവരിലാണിത് കൂടുതലും. ഭക്തന്മാരൊരിക്കലും ഇത്തരം അസുഖത്തിൽ

പെടുകയില്ല. അവർ മനോരോഗങ്ങളിൽ നിന്നും മുക്തരാണ്. ഓരോ ഭക്തനും സഞ്ചരിക്കുന്നത് പരമപുരുഷനെ സേവിക്കുന്നതിനു വേണ്ടിയാണ്. ഏറ്റവും നല്ല രീതിയിൽ സേവിക്കാനുള്ളതാണാ പ്രയാണം. അത് വിമോചനത്തിനു വേണ്ടിയോ മോക്ഷത്തിനു വേണ്ടിയോ അല്ല.

ഭക്തർക്കറിയാം പരമപുരുഷൻ തങ്ങൾക്കുവേണ്ടി എന്തെല്ലാം നൽകുന്നുവോ അതെല്ലാം ഏറ്റവും നല്ലതു മാത്രമായിരിക്കുമെന്ന്. അവർ ഒന്നും തന്നെ ആവശ്യപ്പെടുകയില്ല. ഐഹികമായതോ, വിശ്വാതീതമായതോ, മാനസികമായതോ ആയ ഒന്നും ആവശ്യപ്പെടില്ല. അവർക്ക വേണ്ടതെന്താണെന്ന് അവർക്കു തന്നെ അറിയാം. അവരുടെ അത്യാവശ്യങ്ങൾ എന്തൊക്കെയാണെന്ന് പരമപുരുഷന നന്നായി അറിയാം. രണ്ടു വയസ്സുള്ള കുഞ്ഞിന എന്തെല്ലാം വേണമെന്ന് അതിനറിയില്ല. പക്ഷെ അതിന്റെ അമ്മക്ക് നന്നായറിയാം. അത് പൂർണ്ണമായും അമ്മയെ ആശ്രയിച്ചിരിക്കുന്നു. അതുപോലെ തന്നെ ഭക്തന്മാർ പൂർണ്ണമായും പരമപിതാവിനെ ആശ്രയിക്കുന്നവരാണ്. അതുകൊണ്ടു തന്നെ പരമപുരുഷന ഭക്തരുടെ കാര്യത്തിൽ ചില ഉത്തരവാദിത്വങ്ങളെല്ലാമുണ്ട്.

ഭക്തന്മാർക്ക് ഒരിക്കലും മാനസികമായ പീഢകളോ, വിഷാദമോ ഉണ്ടാവുകയില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു. അവർ പാപികളായാൽ പോലും അങ്ങനെ

സംഭവിക്കില്ല. നിങ്ങൾ റോഡിലൂടെ നടക്കുമ്പോൾ നിങ്ങളുടെ ശരീരത്തിലും വസ്ത്രത്തിലും പൊടിയും അഴുക്കും പറ്റിപ്പിടിക്കുന്നു. സാമൂഹ്യപരമായി ചിന്തിക്കുമ്പോൾ ഇതിനെയാണ് നമ്മൾ പാപം എന്നു പറയുന്നത്. എന്നാൽ ശരീരത്തിലെ വസ്ത്രങ്ങളിൽ പ്രത്യേകതരം അഴുക്കോ ചെളിയോ കൊണ്ട് വൃത്തികേടായാൽ മറ്റുള്ളവർ നിങ്ങളെ നോക്കിചിരിക്കും. അവർ അവജ്ഞയോടെ നോക്കും. അവർ നിങ്ങളെ വെറുക്കും. എന്നാൽ നിങ്ങളുടെ പിതാവിന് നിങ്ങളെ വെറുക്കാൻ കഴിയില്ല. നിങ്ങളെ പരിഹസിക്കാനോ, അവജ്ഞയോടെ നോക്കാനോ സാധിക്കുകയില്ല. അദ്ദേഹത്തിന്റെ ചുമതല എന്താണ്? അദ്ദേഹം നിങ്ങളെ മടിയിലിരുത്തി അഴുക്കുകൾ കഴുകിക്കളഞ്ഞ് വൃത്തിയാക്കും. വസ്ത്രങ്ങൾ അലക്കിയശേഷം പറയും 'എന്റെ പ്രിയപ്പെട്ട കുട്ടി റോഡിലൂടെ നടക്കുമ്പോൾ അല്പം കൂടി ശ്രദ്ധ വേണം.' എന്ന്. ഇതാണ് പരംപിതാവിന് പാപികളോടുള്ള ബന്ധം. ഭക്തന്മാർ ഇക്കാര്യം അറിഞ്ഞിരിക്കണം.

എന്നാൽ ജ്ഞാനികളും കർമ്മികളും പറയും ഓരോ തരം പ്രവർത്തനങ്ങൾക്കും തുല്യമായോ എതിരായോ ഉള്ള പ്രതിപ്രവർത്തനമുണ്ടെന്ന്. അങ്ങനെയാണെങ്കിൽ മൗലികവും ആപേക്ഷികവുമായ മൂന്ന് ഘടകങ്ങൾ മാറ്റമില്ലാതെ തുടരുന്നു. അത് വളരെ അപകടകരമാണ്. അതുകൊണ്ടാണവർ മാനസികമായ ധാരാളം

രോഗങ്ങൾക്കിരയാവുന്നത്. മുൻകാലങ്ങളിൽ അവർ ചെയ്ത പാപങ്ങളോർത്ത് അവർ ഭയക്കുന്നു. എന്നാൽ ഭക്തന്മാർക്കറിയാം. എന്റെ പിതാവ് അവിടെയുണ്ട്. അദ്ദേഹം എന്നെ ശിക്ഷിക്കും. എന്നാൽ പരമപുരുഷൻ എന്നെ എല്ലാ ബന്ധനങ്ങളിൽ നിന്നും ചങ്ങലകളിൽ നിന്നും മോചിപ്പിക്കും. അതിനാൽ ഭക്തന്മാരെപ്പോഴും അല്ലലില്ലാത്തവരാണ്. ഞാൻ മുൻപു പറഞ്ഞ പോലെ ഭക്തന്മാർ കൗശലക്കാരാണ്. അവർ ബുദ്ധിമാന്മാർ മാത്രമല്ല സമർത്ഥരുമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഭക്തന്മാർ എ ഗ്രേഡ് ബുദ്ധിമാന്മാരാണെന്ന്.

ധർമ്മത്തിന്റെ പാത ജ്ഞാനികൾക്കും കർമ്മികൾക്കും കുടിലമാണ്. എന്നാൽ ഭക്തന്മാർക്കത് ശരിയായ രീതിയാണ്. 'ധർമ്മസ്യകുടിലഗതി' (ധർമ്മത്തിന്റെ പാത കുടിലമാണ്, സങ്കീർണ്ണമാണ്). ആർക്കാണത് സങ്കീർണ്ണമാവുന്നത്? ജ്ഞാനികൾക്കും കർമ്മികൾക്കുമാണോ?

''ക്ഷുരസ്യധാരാ നിശിതാ ദുരത്യയ
ദുർഗമം പഥസ്തത് കവയോ വദന്തി''

(ഒരു കത്തിയുടെ അറ്റം വളരെ മൂർച്ചയുള്ളതാണ്. അതിലൂടെ നടക്കാനാവില്ല. അതുപോലെയാണ് പരമമായതിലേക്കുള്ള വഴിയും. പിന്തുടരാൻ പ്രയാസമാണ്. സാക്ഷാത്ക്കാരം ലഭിച്ച വ്യക്തികൾ പറയുന്നതാണിത്).

ജ്ഞാനികൾ പറയും. 'അതൊരു അപകടം പിടിച്ച വഴിയാണെന്ന്.' ദുർഗം പഥസ്ഥദ് കവയോ വദന്തി.

വേദസംസ്കൃതത്തിൽ കവി എന്നാൽ പഠിച്ച വ്യക്തി എന്നാണ്. വിദ്വാൻ അഥവാ പണ്ഡിതൻ, പക്ഷെ 'കവി' എന്നല്ല. (ലൗകിക സംസ്കൃതത്തിൽ താരതമ്യേന പുതുതായ കവി എന്നാൽ കവിത എഴുതുന്നവൻ). അത്തരം പണ്ഡിതർ, ജ്ഞാനികൾ പറയും. അതൊരു ദുർഗ്ഗമമായ പാതയാണെന്ന്. ദുർഗമം എന്നാൽ എന്താണർത്ഥം? ചലിക്കാൻ പ്രയാസമുള്ള എന്നാണ്. എന്നാൽ ഭക്തരെ സംബന്ധിച്ചോ? 'സുഖമനന്തമാനന്ദം' (ആത്മീയ നിർവൃതി അനന്തമായ ആനന്ദമാണ്) അത് നേരെയുള്ള വഴിയാണ്. അത് പരമാത്മാവുമായി ഒന്നുചേരാനുള്ള വഴിയാണ്. അതുകൊണ്ട് അതിൽ ദുർഗമമായതൊന്നുമില്ല. മാത്രമല്ല വളരെ എളുപ്പവുമാണ്. അത് വളരെ സ്വാഭാവികമാണ്. അതുകൊണ്ട് നിങ്ങളോട് എനിക്കുള്ള ഉപദേശം ഇതാണ്. നിങ്ങളുടെ ഞാൻ എന്ന മനോഭാവത്തിൽ അദ്ദേഹത്തിന്റെ നിലനിൽപ്പ് അനുഭവിച്ചറിയുക.

''ശ്രുതയോ വിഭിന്നാഃ സ്മൃതയോവിഭിന്നാഃ
നൈക മുനിര്യസ്യ മതം ന ഭിന്നം.
ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം
മഹാജനോ യേന ഗതഃ സഃ പന്ഥാ.''

(വേദ പുസ്തകങ്ങൾ വ്യത്യസ്ഥമായി പറയുന്നു. സാമൂഹ്യ നിയമങ്ങൾ വിയോജിക്കുന്നു. ഓരോ യോഗിക്കും വ്യത്യസ്ത അഭിപ്രായമാണ്. ധർമ്മത്തിന്റെ സാരാംശം ഓരോ മനസ്സിലും അഗാധമായി

കുടികൊള്ളുന്നു. ആത്മസാക്ഷാത്ക്കാരം നേടിയ വ്യക്തികളുടെ വഴി ശരിയായ വഴിയാണ്)

വേദപുസ്തകങ്ങളോരോന്നും ഓരോ വിധത്തിൽ പറയുന്നു. ഒരു സാധാരണ മനുഷ്യൻ എന്താണ് ചെയ്യുക? എന്താണ് സ്വീകരിക്കേണ്ടത് എന്താണ് സ്വീകരിക്കാൻ പാടില്ലാത്തത്? ശ്രുതയോ വിഭിന്ന 'വേദപുസ്തകങ്ങൾ ഒന്നിൽ നിന്നും മറ്റൊന്ന് വേറിട്ടു നില്ക്കുന്നു' സ്മൃതിയോ വിഭിന്ന: (സ്മൃതി എന്നാൽ ധർമ്മ സംഹിത). നീതിശാസ്ത്രങ്ങളും ഒന്ന് മറ്റൊന്നിൽ നിന്നും വിഭിന്നമാണ്. വളരെ മുൻപ് നാരദ സംഹിത, പരാശര സംഹിത, മനുസ്മൃതി എന്നിവ ഉണ്ടായിരുന്നു. എന്നാൽ ഹിന്ദു കോഡ്ബിൽ വന്നതോടെ എല്ലാ സ്മൃതികളും ഇല്ലാതായി. ധാരാളം ധർമ്മ സംഹിതകളുണ്ട്. ഒരു സാധാരണ മനുഷ്യൻ എന്താണ് ചെയ്യേണ്ടത്?

പണ്ഡിതന്മാരും അത്തരം ധർമ്മ സംഹിതകൾ കണ്ടുപിടിച്ചവരും പരസ്പരം വ്യത്യാസപ്പെട്ടുകിടക്കുന്നു. ഒരാൾ പരയും 'ഇതു ചെയ്യൂ' എന്ന്. മറ്റുള്ളവർ പരയും അരുത് അരുത് എന്ന്. ചിലർ പറയും നിങ്ങൾ നിങ്ങളുടെ ഉപാസന (പ്രാത്ഥന) ചെയ്യുമ്പോൾ കിഴക്കോട്ട് തിരിഞ്ഞിരിക്കണമെന്ന്. അല്ല അല്ല പടിഞ്ഞാറോട്ടാണ് തിരിഞ്ഞിരിക്കേണ്ടതെന്ന് വേറെ ചിലർ പറയും. സാധാരണ വ്യക്തികൾ എന്താണ് ചെയ്യുക? എന്താണ്

ശരിക്കും ചെയ്യേണ്ടതെന്നകാര്യം അവർക്ക് അജ്ഞാതമാവുന്നു.

‘‘ശ്രുതയോ വിഭിന്നാഃ സ്മൃതയോവിഭിന്നാഃ
നൈക മുനിര്യസ്യ മതം ന ഭിന്നം.
ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം
മഹാജനോ യേന ഗതഃ സഃ പന്ഥാ.’’

ഒരു മുനിയിൽ നിന്നും വിഭിന്ന അഭിപ്രായക്കാരനല്ലാത്ത മറ്റൊരു മുനിയുമില്ല. ‘മു എന്നാൽ ബുദ്ധിമാൻ. മുനി എന്നാൽ മനീഷി‘ ബുദ്ധിയുള്ളവൻ എങ്കിലും തന്ത്രശാസ്ത്രം പറയും അല്ല അല്ല അല്ല എന്ന്. ആ ബുദ്ധിമാന്മാർ ഒരിക്കലും മുനിമാരല്ല. തന്ത്രശാസ്ത്ര മനുസരിച്ച് മുനി എന്നാലർത്ഥം ‘ന മുനി: ദുഗ്ദ്ധബാലക: മുനി: സംലീന മാനസ:‘ ബുദ്ധിമാന്മാരെന്ന് വിളിക്കപ്പെടുന്നവർ, പണ്ഡിതരെന്നു വിളിക്കപ്പെടുന്നവർ ശരിക്കും മുനിമാരല്ല. ശരിക്കും ബുദ്ധിമാന്മാരുമല്ല. ‘മുനി: സംലീന മാനസ:‘ ആരുടെ മനസ്സാണോ പരമപുരുഷന്റെ മനസ്സുമായി ഒന്നായിത്തീരുന്നത് ആരുടെ മാനസമാണോ പരമപുരുഷന്റേതുമായി സംലീന മാകുന്നത് അവരാണ് മുനിമാർ.

‘‘നൈക മുനിര്യസ്യ മതം ന ഭിന്നം.’’

അപ്പോൾ ഒരാൾ എന്താണ് ചെയ്യുക? കാഠിന്യ മേറിയ ഈ പ്രശ്നം എങ്ങനെയാണ് പരിഹരിക്കുക? ‘ധർമ്മസ്യതത്വം നിഹിതം ഗുഹായാം‘ ധർമ്മത്തിന്റെ

ആന്തരിക മനോഭാവം, ധർമ്മത്തിന്റെ രഹസ്യം കിടക്കുന്നത് നിങ്ങളുടെ 'ഞാൻ' എന്ന ചിന്തയിൽ നിന്നും പരിണമിപ്പിച്ചാണ്. ഓരോ വ്യക്തിക്കും ഈ 'ഞാൻ' എന്ന ചിന്തയുണ്ട്. 'ഞാൻ ഉണ്ട് അഹം അസ്മി' ഈ ഞാൻ എന്ന ഭാവം, ഞാൻ നില നില്കുന്നു എന്ന ചിന്തയെ 'ഗുഹ' എന്നു പറയുന്നു. ധർമ്മത്തിന്റെ ആത്മാവ് പരമപുരുഷന്റെ പൊരുൾ നിങ്ങളുടെ 'ഞാൻ' എന്നതിൽ ഒളിഞ്ഞുകിടക്കുന്നു. അതിനാൽ അദ്ദേഹത്തെ കണ്ടുപിടിക്കാൻ നിങ്ങളുടെ 'ഞാൻ' എന്ന ഭാവത്തിൽ അന്വേഷിക്കുക. അല്ലാതെ അങ്ങോട്ടേക്കും ഇങ്ങോട്ടേക്കും നോക്കുകയല്ല. ഈ തീർത്ഥത്തിലോ (തീർത്ഥാടന സ്ഥലം) ആ തീർത്ഥത്തിലോ അല്ല.

"ഇദം തീർത്ഥം ഇദം തീർത്ഥം ഭ്രമന്തി താമസാഃ ജനാഃ

ആത്മ തീർത്ഥം ന ജാനന്തി കഥം മോക്ഷ വരാനനേ"

പാർവ്വതി ശിവനോട് ചോദിക്കുന്നു. ഏതാണ് ഏറ്റവും നല്ല തീർത്ഥം? ശിവൻ പറയുന്നു തമാരാജന: ആരാണോ നിശ്ചല വസ്തു സ്ഥിതി തത്വങ്ങളാൽ നിയന്ത്രിക്കപ്പെടുന്നത്, ആരാണോ താമസിക പ്രവണതകളാൽ നിയന്ത്രിക്കപ്പെടുന്നത് അവർ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് തീർത്ഥം അന്വേഷിച്ചു നടക്കുന്നു. സംസ്കൃതത്തിൽ തീർത്ഥം എന്നാൽ ഈ ലോകത്തെ തൊടുന്ന ബിന്ദു, ഈ

ലോകത്തെ പരലോകവുമായി ബന്ധിപ്പിക്കുന്ന ബിന്ദു എന്നർത്ഥം. ആ ബന്ധിപ്പിക്കുന്ന ബിന്ദു ആ പൊതുവായ ബിന്ദുവാണ് തീർത്ഥം എന്നു പറയുന്നത്. 'തീരസ്ഥം ഇതൃതേ തീർത്ഥം' തീരസ്ഥം എന്നാൽ എവിടെയാണോ നദിയിലെ ജലം തീരത്ത് സ്പർശിക്കുന്നത് അവിടം എന്നാണർത്ഥം.

അത്തരം ആളുകൾ തീർത്ഥം അന്വേഷിച്ച് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് ചലിച്ചുകൊണ്ടിരിക്കും. 'ആത്മതീർത്ഥം ന ജാനന്തി' ശരിയായ തീർത്ഥം ആത്മാവിലാണ് കുടികൊള്ളുന്നതെന്ന് അവർക്കറിയില്ല. കഥ മോക്ഷ വരാനാനേ. അവർക്കൊരിക്കലും മോക്ഷം ലഭിക്കുകയില്ല. ഇതാണ് ശിവന്റെ മറുപടി.

''ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം''

മഹാജനാ എന്നാൽ മഹത്ജനങ്ങൾ . മഹത്ജനം. എന്നാൽ ഭക്തൻ. അതുകൊണ്ട് ഒരു സാധകൻ, ഒരാത്മീയ സഞ്ചാരി ഒരു ഭക്തനെയാണ് പിന്തുടരേണ്ടത്. അല്ലാതെ ഒരു ജ്ഞാനിയെയല്ല. കാരണം ഭക്തനറിയാം അദ്ദേഹത്തെ സംതൃപ്തനാക്കാനുള്ള രഹസ്യം. ഒരാൾ അദ്ദേഹവുമായി ബന്ധം സ്ഥാപിക്കുമ്പോൾ അയാൾക്ക് പ്രപഞ്ചരഹസ്യം മുഴുവൻ അറിയുന്നു. കാരണം ഈ പ്രപഞ്ചത്തിന്റെ രഹസ്യം മുഴുവൻ അറിയുന്നവൻ പരമപുരുഷൻ മാത്രമാണ്, മറ്റാരുമല്ല. ഒരു ജ്ഞാനിക്കും ഒരു കർമ്മിക്കും അത് അറിയുകയില്ല.

4 ഡിസംബർ 1978 മദ്രാസ്

ഉള്ളടക്കം

അധ്യായം 8

# തുല്യമായ ജന്മാവകാശം

## An Equal Birthright

ഏതാനും മാസങ്ങൾക്കു മുൻപ് വളരെ സങ്കീർണ്ണമായ ഒരു ചോദ്യം എന്റെ മുൻപിൻ വന്നുപെട്ടു. ചോദ്യം പ്രയാസമുള്ളതായിരുന്നു. സംശയമില്ല. എന്നാൽ ഉത്തരം അത്ര വിഷമമേറിയതായിരുന്നില്ല. മറുപടി വളരെ എളുപ്പമായിരുന്നു. ഇതിനു മുൻപുണ്ടായിട്ടുള്ള വേദവാക്യങ്ങളിലെല്ലാം സ്ത്രീകൾ മോക്ഷത്തിനർഹരല്ല എന്നതിനെ സംബന്ധിച്ചുള്ളതായിരുന്നു ചോദ്യം. ഇതുമായി ബന്ധപ്പെട്ട എല്ലാ വിശ്വാസങ്ങളിലേയും വേദവാക്യങ്ങളിൽ, സ്ത്രീകൾക്ക് മോചനം ലഭിക്കണമെങ്കിൽ ആദ്യമായി അവർ ഒരു

പുരുഷജന്മത്തിൽ എത്തണമെന്നുള്ളതാണ്. മറ്റുള്ള വിശ്വാസങ്ങളിൽ അതിനുള്ള സാധ്യതയും ഇല്ല. പുനർജന്മമേയില്ല. സ്ത്രീകൾ അന്തിമ വിധിക്കുവേണ്ടി കാത്തു നിൽക്കണം. അതായത് അന്ത്യവിധി ദിനം വരെ. അതിനുമുൻപ് മോക്ഷം പ്രതീക്ഷിക്കുകയേ വേണ്ട.

തീർച്ചയായും അതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. അതുപോലെ തന്നെ വിഷമമേറിയ ഒരു ചോദ്യവും. എന്നാൽ ആനന്ദമാർഗ്ഗത്തിൽ ഓരോ മേഖലയിലും സ്ത്രീകൾക്ക് തുല്യാവകാശം നൽകുന്നു. പിന്നെ അവർക്ക് മോക്ഷപ്രാപ്തിയിൽ മാത്രം എന്തുകൊണ്ടായിക്കൂടാ? ആണും പെണ്ണും, ഒറു പിതാവിന്റെ രണ്ടുകൈകൾ പോലെയാണ്. പിതാവ് ആൺകുട്ടിയെ സ്നേഹിക്കുന്ന പോലെ തന്നെ പെൺകുട്ടിയേയും സ്നേഹിക്കുന്നു. അപ്പോൾ പിന്നെ ആ പിതാവ് ആൺകുട്ടിയെ മാത്രം പരമാനന്ദം അനുഭവിക്കാൻ വിട്ട് പെൺകുട്ടിയെ നരകാഗ്നിയിൽ എറിയാൻ ഇഷ്ടപ്പെടുമോ? തീർച്ചയായും ഇല്ല. അങ്ങനെ ആരെങ്കിലും പറയുകയാണെങ്കിൽ അയാൾ പരമപുരുഷനോട് അനീതി കാണിക്കുകയാണ്. ഇത് തീർച്ചയായും അനീതിയാണ്. തെറ്റായ കാര്യമാണ്.

പാർവ്വതി സദാശിവനോട് ചോദിച്ചു. ‘പ്രഭോ ഒരു ആത്മീയാന്വേഷകനാകാൻ വേണ്ട ഏറ്റവും ചെറിയ അടിസ്ഥാന യോഗ്യത എന്താണ്?‘ എന്ന്. പത്രപ്പരസ്യങ്ങളിൽ ഓരോ ജോലിക്കും ആവശ്യമായ

അടിസ്ഥാനയോഗ്യതകൾ രേഖപ്പെടുത്തിയിരിക്കും. അതുപോലെ പാർവ്വതിയുടെ ചോദ്യം ആത്മീയാന്വേഷകനാവാൻ വേണ്ട ചുരുങ്ങിയ യോഗ്യതയാണ്. പാർവ്വതിയുടെ ചോദ്യം വളരെ പ്രസക്തമാണ് സംശയമില്ല. അത് തീർച്ചയായും വളരെ ചിന്തനീയമാണ്. ശിവൻ അതിന താഴെ കൊടുത്ത മറുപടിയാണ് നൽകിയത്. അദ്ദേഹം ഏതാണ്ട് ഏഴായിരം വർഷങ്ങൾക്കു മുൻപാണ് ഭാരതത്തിൽ ജീവിച്ചിരുന്നത്. (എന്നാൽ ചോദ്യം ശിവനു മുൻപിൽ അവതരിപ്പിച്ചത് ഇംഗ്ലീഷ് ഭാഷയിലായിരുന്നില്ല.)

“ആത്മജ്ഞാനമിദം ദേവി
പരം മോക്ഷൈകസാധനം
സുകൃതൈർമാനവോ ഭൂത്വാ
ജ്ഞാനീചെന്മോക്ഷമാപ്നുയാത്.”

(ആത്മജ്ഞാനമാണ് മോക്ഷം ലഭിക്കാനുള്ള ഏറ്റവും വലിയ ഉപാധി. ജനങ്ങൾക്ക് മനുഷ്യജന്മം ലഭിച്ചത് കഴിഞ്ഞ കാലത്തെ നല്ല സംസ്കാരങ്ങളിലൂടെയാണ്. എന്നാൽ ഉപാധികളില്ലാത്ത മോക്ഷം ആർജ്ജിക്കണമെങ്കിൽ അവർ ആത്മജ്ഞാനം നേടിയിരിക്കണം.)

മോക്ഷം നേടാൻ ഒരാൾ, സ്വയം അറിയണം. അതായത് അറിവ് വേണം. അറിവിന്റെ പ്രഭാവം പ്രകടമാവുന്നത് പുറമേയല്ല. അത് ആന്തരികമാണ്. ഒരു വ്യക്തിയുടെ ഉള്ളിൽ നിന്നും പ്രക്ഷേപണം ചെയ്യുന്ന പ്രകടനങ്ങളാണ് ആത്മജ്ഞാനം. പുറമെ പ്രക്ഷേപണം

ചെയ്യപ്പെടുന്ന അറിവ് അപരജ്ഞാനമാണ്. ഒരാൾ ആർജ്ജിക്കേണ്ടത് ആത്മജ്ഞാനമാണ്. അതായത് ഒരാൾക്ക് ആന്തരികമായി പ്രക്ഷേപണം ചെയ്യപ്പെടുന്ന പ്രകടനം ഉണ്ടായിരിക്കണം. ഇതാണ് ശരിയായ മാർഗ്ഗം. ഇതാണ് ശരിയായ വഴി. ഇതാണ് മോക്ഷത്തിലേക്കുള്ള വഴി.

ആരാണ് ഇപ്രകാരം ആത്മജ്ഞാനം നേടി മോക്ഷം നേടുന്നത്? 'സുകൃതേർമാനവോ ഭൂത്വാജ്ഞാനി ചെൻ മോക്ഷമാപ്നുയാത്.' അനേകം ജന്മങ്ങളിലൂടെ മൃഗരൂപവും, മറ്റു ജീവജാലങ്ങളുടെ രൂപവും കടന്നാണ് ഒരു മനുഷ്യരൂപത്തിൽ എത്തുന്നത്. അപ്രകാരം ആരാണോ മനുഷ്യരൂപത്തെ പ്രാപിക്കുന്നത് അയാൾ ആത്മജ്ഞാനം നേടാൻ അർഹരാവുന്നു (ആത്മജ്ഞാനം). അതുപോലെ ആത്മജ്ഞാനം നേടുന്നവൻ മോക്ഷത്തിനും അർഹനാവുന്നു. അതിനാൽ ശിവന്റെ മറുപടി മോക്ഷപാതയിലേക്ക് പ്രവേശിക്കാനുള്ള മനുഷ്യന്റെ അടിസ്ഥാന യോഗ്യത സാധന ചെയ്യാൻ കഴിയുന്ന ഒരു മനുഷ്യശരീരം മാത്രമാണ്. അത് ഒരു പുരുഷശരീരമെന്നോ, സ്ത്രീ ശരീരമെന്നോ അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. മനുഷ്യശരീരം എന്നു മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. ചോദ്യം ചോദിച്ചത് ആദരണീയയായ വനിത പാർവ്വതിയാണ്. ശിവന്റെ മറുപടി പാർവ്വതിയെ വളരെയധികം സന്തോഷിപ്പിച്ചു. ഏഴായിരം വർഷങ്ങൾക്കു മുൻപ് ശിവൻ പറഞ്ഞതാണിത്. അതിനാൽ തന്ത്രത്തിന്റെ

അടിസ്ഥാനത്തിൽ സ്ത്രീക്കും പുരുഷനോടൊപ്പം മോക്ഷപ്രാപ്തിക്ക് അർഹതയുണ്ട്. ഇതിന് ശിവൻ മറ്റൊരു വേർതിരിക്കൽ നൽകിയിട്ടില്ല.

നോക്കൂ കൃഷ്ണനും ഇപ്രകാരം പറഞ്ഞിട്ടുണ്ട്

‘‘പരിത്രാണായ സാധൂനാം വിനാശായ ച ദുഷകൃതാം

ധർമ്മ സംസ്ഥാപനാർഥായ സംഭവാമി യുഗേയുഗേ’’

(ധർമ്മം അനുഷ്ഠിക്കുന്നവരെ സംരക്ഷിക്കുന്നതിനും അധാർമ്മികരെ നശിപ്പിക്കുന്നതിനും ധർമ്മത്തെ പുനസ്ഥാപിക്കുന്നതിനും ഞാൻ ഇവിടെ ഓരോ കാലഘട്ടത്തിലും അവതരിക്കും).

‘ശരിയായ ധാർമ്മികരെ സംരക്ഷിക്കാൻ‘ പരിത്രാണാ യസാധൂനാം. സാധുവിന്റെ പരിത്രാണം സംബന്ധിച്ച് എന്താണ് പരിത്രാണം എന്നതിനർത്ഥം? സാധു എന്നതിനെന്താണർത്ഥം? സാധു എന്നാൽ

‘‘പ്രാണാഃ യഥാത്മാനോഭീഷ്ടഃ ഭൂതാനാം അപി തേ തഥാ

ആത്മൗപാമ്യേന ഭുതാനാം ദയാം കുർവന്തി സാധവഃ’’

(ഒരാൾക്ക് തന്റെ ജീവിതം അമൂല്യമാണ്. മറ്റു ജീവജാലങ്ങളുടെ ജീവൻ അവർക്കും വിലപിടിച്ചതാണ്.

അതിനാൽ ആരാണോ സൻമാർഗ്ഗിയായയവർ, അവർ മറ്റു ജീവികളേയും തന്നെപ്പോലെതന്നെ പരിഗണിക്കുന്നു).

ഓരോ ജീവജാലങ്ങൾക്കും തന്റെ വ്യക്തിപരമായ ജീവിതം വളരെ പ്രിയപ്പെട്ടതാണ്. വളരെ വിലപ്പെട്ടതാണ്. ഓരോ ജീവജാലത്തിനും സ്വന്തം ജീവിതത്തോട് സ്നേഹമാണ്. ഇത് തിരിച്ചറിയുന്ന മനുഷ്യൻ, സ്വയം സ്നേഹിക്കുന്ന പോലെ തന്നെ മറ്റുള്ളവരേയും സ്നേഹിക്കുന്നു. അങ്ങനെയുള്ള വ്യക്തിയെ സാധു എന്നു വിളിക്കുന്നു. ഒരു മനുഷ്യൻ പൂച്ചയെ പോലെയോ, നായയെപോലെയോ, നരിയെപോലെയോ മാംസഭുക്കുകളാവരുത്. ഒരാൾ മാംസാഹാരം ഭുജിക്കരുത്. ഓരോ ജീവജാലങ്ങളേയും സ്നേഹിക്കണം. അത്തരം മനുഷ്യനെയാണ് സാധു എന്നു വിളിക്കുന്നത്. അത്തരം ഒരു മനുഷ്യൻ ഇവിടെ മനുഷ്യൻ എന്നത് സാധാരണ ലിംഗമാണ്. പുല്ലിംഗമോ സ്ത്രീലിംഗമോ അല്ല സ്ത്രീയാവാം പുരുഷനാവാം. മനുഷ്യൻ എന്നത് പുല്ലിംഗം മാത്രമല്ല. അത് പൊതുവായ ലിംഗവുമാണ്. മരണമുള്ളവനാണ്. മനുഷ്യൻ എന്നത് പൊതുവായ ലിംഗം.

''പരിത്രാണായസാധൂനാം'' കൃഷ്ണൻ പറഞ്ഞു. 'ഈ സാധുക്കളെ രക്ഷിക്കുവാൻ വേണ്ടി' (സാധു എന്നാൽ ഒരാൾ തന്നെ സ്നേഹിക്കുന്നതു പോലെ മറ്റുള്ളവരെയും സ്നേഹിക്കുന്നവൻ)അവരുടെ പരിത്രാണത്തിനു വേണ്ടി എന്ന്.

ത്രാണ എന്നാൽ സംരക്ഷിക്കുക.ത്രാണ എന്നാൽ ദുരിതാശ്വാസ പ്രവർത്തനം. സംസ്കൃതത്തിൽ നിങ്ങൾക്കറിയുന്നപോലെ ത്രാണകാര്യം 'ത്രാണ' എന്നതും 'പരിത്രാണ' എന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്? ഇവിടെ ശ്രീകഷ്ണൻ പറയുന്നു 'പരിത്രാണായ സാധൂനാം' എന്ന്. പരിത്രാണ എന്നാൽ 'സ്ഥിരമായി സംരക്ഷിക്കുക'. നിങ്ങൾ ഒരാളെ ഒരപകടത്തിൽ നിന്നും രക്ഷപ്പെടുത്തി എന്നു കരുതുക അത് താല്കാലികമായ ഒരുരക്ഷപ്പെടുത്തലായതിനാൽ 'ത്രാണ' എന്നാണ്. വെള്ളപ്പൊക്കം വരുമ്പോഴും നാം ചെയ്യുന്നത് ത്രാണ എന്ന പ്രവൃത്തിയാണ്. നിങ്ങൾ സ്ഥിരമായി അവരെ സഹായിക്കുന്നില്ല. എന്നാൽ താല്കാലികമായ ആശ്വാസം നൽകുന്നു. അതുകൊണ്ട് അതിനെ 'ത്രാണ' എന്നു പറയുന്നു. എന്നാൽ സ്ഥിരമായി സംരക്ഷിക്കുന്നുണ്ടെങ്കിൽ ഉദാഹരണമായി പിശാചിൽ നിന്നും സ്ഥിരമായി സംരക്ഷിക്കപ്പെടുന്നുവെങ്കിൽ അതിനെ പരിത്രാണ എന്നുപറയുന്നു. പ്രാപഞ്ചികമായ എല്ലാ ചങ്ങലക്കെട്ടുകളിൽ നിന്നും ഒരാൾ രക്ഷപ്പെടുന്നുവെങ്കിൽ അത് സ്ഥിരമായ ആശ്വാസമാണ്. അപ്പോഴതിനെ 'പരിത്രാണ' എന്നുപറയുന്നു. ഈ മോചനം സാധുക്കൾക്കുള്ളതാണ്. സാധു എന്നാൽ പുരുഷനും സ്ത്രീയും ഉൾപ്പെടുന്നു. അപ്രകാരം കൃഷ്ണൻ ശിവനെപിൻതാങ്ങുന്നു.

'പരിത്രാണായ സാധൂനാം വിനാശായചദുഷ്കൃതാം'. 'ദുഷ്കൃതങ്ങളെ വേരോടെ പിഴുതെടുക്കാൻ, ഉന്മൂലനം ചെയ്യാൻ' (ദുഷ്കൃതം എന്നാൽ സാമൂഹ്യവിരുദ്ധമായ ശക്തികൾ) ധർമ്മ സംസ്ഥാപനാർത്ഥായ കൃഷ്ണൻ പ്രവർത്തിക്കുന്നു. എന്തിനു വേണ്ടി? എന്താണ് ഉദ്ദേശ്യം? ധർമ്മത്തിന്റെ സംസ്ഥാപനത്തിന സ്ഥാപനം എന്നാൽ ഒരുസത്തയെ അതിന്റെ ശരിയായ സ്ഥാനത്ത് പ്രതിഷ്ഠിക്കുക എന്നാണ്. ധർമ്മം അതിന്റെ ശരിയായ വഴിയിലാണെന്നും കരുതുക. പലകാരണങ്ങളാലും അത് നശിച്ചുപോവുന്നു എന്ന് കരുതുക. ഈ അധഃപതനത്തിന ഗ്ലാനി എന്നു പറയുന്നു. ധർമ്മത്തെ അതിന്റെ ശരിയായ അവസ്ഥയിൽ പുനസ്ഥാപിക്കണം. നേരത്തെ ഉണ്ടായിരുന്ന സ്ഥിതി യിലെത്തിക്കണം. ഇതിനെയാണ് 'സ്ഥാപന' എന്നുപറയുന്നത്. എന്നാൽ കൃഷ്ണൻ ഇവിടെ പറയുന്നത് 'സംസ്ഥാപന' എന്നാണ്. അതായത് അതിനെ പൂർവ്വസ്ഥിതിയിൽ തന്നെ എത്തിക്കുക എന്നാണ്. അതിനു വേണ്ട ശരിയായ ക്രമീകരണങ്ങൾ നടത്തി ശരിയായ പാതയിലെത്തിക്കലാണ്. 'ധർമ്മ സംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ' 'ഞാൻ ഇവിടെ വീണ്ടും വീണ്ടും വരുന്നു'.

ഇവിടെ കൃഷ്ണൻ ഒരിക്കലും പറയുന്നില്ല സ്ത്രീകൾക്ക് മോചനം ലഭിക്കില്ല എന്ന്. അതിനവകാശമില്ല എന്ന്. അതിനാൽ ആനന്ദ

മാർഗ്ഗതത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും, തന്ത്രത്തിലെ ആരാധനാ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലും ഞാൻ പ്രഖ്യാപിക്കുന്നു പുരുഷനും സ്ത്രീക്കും, പരമപുരുഷന്റെ ആൺമക്കൾക്കും പെൺമക്കൾക്കും, ആണിനും പെണ്ണിനും മോക്ഷം നേടാൻ തുല്യമായ ജന്മാവകാശമുണ്ട്. ആരാണോ അത് സ്ത്രീകൾക്ക് അർഹതപ്പെട്ടതല്ലെന്ന് പറയുന്നത് അവർ സാമൂഹ്യ വിരുദ്ധരാണ്. അവർ ചില നിക്ഷിപ്ത താല്പര്യങ്ങളുടെ പ്രതിനിധികളാണ്.

ഡിസംബർ 5 1978 മദ്രാസ്.

ഉള്ളടക്കം

അധ്യായം 9

# ഭക്തിയും നാല് പുരുഷാർത്ഥങ്ങളും

The Four Vargas and Devotion.

ഒരു ചെറിയ കഥയുണ്ട്. ഒരിക്കൽ മഹർഷി വിശ്വാമിത്രൻ (മഹർഷി എന്നാൽ ഉന്നതനായ സന്യാസി) രാമ ലക്ഷ്മണന്മാരോടൊപ്പം മിഥിലയിലേക്കുള്ള വഴിയിൽ, ഗംഗാനദി മുറിച്ചു കടക്കുകയായിരുന്നു. സംസ്കൃത സാഹിത്യത്തെ നാലു വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടെന്ന് നിങ്ങൾക്കറിയുമോ? കാവ്യം പദ്യരുപത്തിലുള്ള സാഹിത്യം. പുരാണം(കല്പിതകഥാ സാഹിത്യം) ഇതികഥാ (ചരിത്രം) ഇതിഹാസം (പരോപകാര പ്രദമായ ചരിത്രം)

1. 'കാവ്യം: വാക്യം രസാത്മകം കാവ്യം' എന്നാണ് കാവ്യത്തെ നിർവചിക്കുന്നത്. ഒരുകഥ ലളിതമായ രീതിയിൽ വർണ്ണിക്കുമ്പോൾ, വ്യവസ്ഥാനുസാരിയായി വിവരിക്കുമ്പോൾ അതിനെ കാവ്യം എന്നു പറയുന്നു. അത് വാസ്തവമായിരിക്കാം, അല്ലായിരിക്കാം. അത് വിദ്യാഭ്യാസ പരമായതാവാം അല്ലാത്തതുമാവാം. എന്നാലത് വളരെ എളുപ്പമായ രീതിയിലുള്ള സംഭവ വിവരണമായിരിക്കണം.

2. പുരാണം അഥവാ കൽപ്പിതകഥകൾ. എന്താണ് പുരാണം?. എല്ലാ രചനകളും, കല്പിതമോ അല്ലാത്തതോ ആയതും, ഒരു വിദ്യാഭ്യാസ മൂല്യമടങ്ങിയതുമായ സാഹിത്യ ശാഖയാണ പുരാണം. മഹർഷി വേദവ്യാസൻ 18 പുരാണങ്ങൾ രചിച്ചു. അത് സംയുക്തമായ വിദ്യാഭ്യാസ പദ്ധതിക്കായിരുന്നു.

മഹർഷി വ്യാസൻ പതിനെട്ട് പുരാണങ്ങൾ എഴുതിയത് സമ്പൂർണ്ണ ജനതയേയും വിദ്യാഭ്യാസം ചെയ്യിക്കാനുമാണ്. അദ്ദേഹം ദേവന്മാരേയും ദേവിമാരേയും പറ്റിയുള്ള നിരവധി കഥകൾ ചിത്രീകരിച്ചിട്ടുണ്ട്. ഈ കഥകളെല്ലാം സത്യമല്ലാത്തതായതിനാൽ അതെഴുതിയ ശേഷം അദ്ദേഹത്തിന അല്പം മനോവിഷമം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അഗാധമായ ദുഃഖം കാരണം അദ്ദേഹം പരമപുരുഷനോട് ക്ഷമയാചിച്ചിട്ടുണ്ട്.

'രൂപം രൂപവിവര്ജീതസ്യ ഭവതോ യദ്ധ്യാനേന
കല്പിതം
സ്തുത്യാ അനിർവചനീയതാ അഖിലഗുരോ
ദൂരീകൃതാ യന്മയാ
വ്യാപിത്വം ച നിരാകൃതം യത് തീര്ഥയാത്രാദിനാ
ക്ഷന്തവ്യം ജഗദീശോ തദ്വികലതാ ദോഷത്രയം
മത്കൃതമ് '

'അല്ലയോ പരമപുരുഷാ, അങ്ങേക്ക് ഒരു രൂപമില്ല. എന്നിരുന്നാലും വിവിധ ദേവന്മാരേയും ദേവിമാരേയും പലരൂപത്തിലും ചിത്രീകരിച്ചു. ഞാൻ പത്തുതലയുള്ള ദേവന്മാരേയും നാലു കൈകളുള്ള ദേവന്മാരേയും ചിത്രീകരിച്ചു. എന്റെ ഒരേയൊരുദ്ദേശ്യം സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുക എന്നതുമാത്രമാണ്. എന്റെ ആ പരിശ്രമത്തിനിടയിൽ അല്ലയോ രൂപമില്ലാത്ത പ്രഭുവേ, ഞാൻ അങ്ങയെ

വിവിധ രൂപങ്ങളാകുന്ന ചങ്ങലക്കെട്ടുകളിൽ കുടുക്കിയിരിക്കയാണ്‌ ഇതാണെന്റെ ആദ്യത്തെ തെറ്റ്. എന്റെ രണ്ടാമത്തെ തെറ്റ് അങ്ങ് എല്ലാ വിധ ഗുണഗണങ്ങൾക്കും അതീതനാണെങ്കിലും എല്ലാ ഗുണങ്ങളും അങ്ങയുടെ നിയന്ത്രണത്തിലാണെങ്കിലും ഞാൻ നിരവധി സ്തുതി ഗീതങ്ങളും സ്ത്രോത്രങ്ങളും അങ്ങയെ പറ്റിരചിച്ചു. എന്റെ മൂന്നാമത്തെ തെറ്റ് അങ്ങ് സർവ്വ വ്യാപിയാണെന്നറിഞ്ഞിട്ടും ഞാൻ ദൈവം തീർത്ഥയാത്രയിൽ പല രൂപത്തിലും പ്രത്യക്ഷ പ്പെടുമെന്ന് പറഞ്ഞു. ഞാൻ അങ്ങയെ ചില പ്രത്യേക സ്ഥലങ്ങളിൽ ഉറപ്പിച്ചു നിർത്തി. ഇതന്റെ തെറ്റാണ്. കാരണം അങ്ങ് ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞതിനാൽ ഏതാനും ചില തീർത്ഥാടന കേന്ദ്രങ്ങളിൽ മാത്രം അങ്ങയെ ഉറപ്പിച്ചു നിർത്തി. അതുകൊണ്ട് അല്ലയോ പ്രഭോ ഞാൻ അങ്ങയോട് മാപ്പു ചോദിക്കുന്നു. എന്റെ മനസ്സിന്റെ ദൗർബല്യം കാരണം ഞാൻ ചെയ്ത തെറ്റുകൾക്ക് ദയവു ചെയ്ത് എനിക്ക് മാപ്പ്നൽകിയാലും.

ഇതാണ് പുരാണം. എന്നിരുന്നാലും യഥാർത്ഥത്തിൽ ശരിയല്ല. അതിന വളരെ വലിയ വിദ്യാഭായകമായ ഗുണമുണ്ട്. രാമായണവും ഇതുപോലെയുള്ള പുരാണമാണ്. അതിലെ കഥ യഥാർത്ഥത്തിൽ സത്യമല്ല. എന്നാൽ അതിന വളരെയധികം വിദ്യാഭ്യാസ പ്രാധാന്യമുണ്ട്.

3. ഇതികഥ: ഇതികഥയെന്നാൽ കാലക്രമമനുസരിച്ചുള്ള സംഭവങ്ങളാണ്. അതായത് സംഭവങ്ങൾ പിൻതുടർച്ചയായി ക്രമീകരിച്ച് പൊതുജനങ്ങൾക്കു വേണ്ടി പരസ്യപ്പെടുത്തുന്നതാണ്. സംസ്കൃതത്തിൽ ഇതികഥ എന്നത് 'പുരാകഥ' എന്നും 'ഇതിവൃത്തം' എന്നും 'പുരാവൃത്തം' എന്നും അറിയപ്പെടുന്നു. ഇംഗ്ലീഷിൽ അത് ചരിത്രം എന്നറിയപ്പെടുന്നു.

4. ഇതിഹാസം: ഇതിഹാസം എന്നത് ഇതികഥയുടെ ഭാഗം തന്നെയാണ്. എന്നാൽ അതിലെ പഠനങ്ങൾ ഒരാളെ മാനവ ക്ഷേമത്തിലേക്ക് നയിക്കുന്നു. അതിന വിശാലമായ വിദ്യാദായകമായ മൂല്യമുണ്ട്. സമ്പൂർണ്ണ ചരിത്രപരമായ പഠനം കൊണ്ട് വായനക്കാർക്ക് പറയത്തക്ക നേട്ടങ്ങളൊന്നും ഉണ്ടാക്കുന്നില്ല. എന്നാൽ ഇതിഹാസ എന്നു പറയുന്ന ചെറിയ ചരിത്രഭാഗം തീർച്ചയായും മാനവക്ഷേമത്തിനുത കുന്നതായിരിക്കും. ഇതിഹാസത്തിന ഇംഗ്ലീഷിൽ സമാനാർത്ഥ പദമില്ല. ഇംഗ്ലീഷിലെ ഇന്ത്യയുടെ ചരിത്രം എന്നത് തെറ്റായ രീതിയിൽ തർജ്ജമ ചെയ്തപ്പോൾ 'ഭാരത് ബാർസർ ഇതിഹാസ' എന്നായി മാറുന്നു. 'അത് ഭാരത് ബാർസർ ഇതികഥ' എന്നാക്കി മാറ്റണം. അതുകൊണ്ട് നാലാമത്തെ രീതിയിലുള്ള ചരിത്രത്തിന അതായത് ഇതിഹാസത്തിന വളരെയധികം വിദ്യാഭ്യാസ പ്രാധാന്യമുണ്ട്. അത് ഇപ്രകാരം പറയുന്നു.

ധർമ്മാർത്ഥ കാമമോക്ഷാർത്ഥം നീതിവാക്യ സമന്വിതം

പുരാവൃത്ത കഥായുക്തമിതിഹാസ പ്രചക്ഷ്യതേ

ഇതിഹാസം എന്നത് ജനങ്ങളെ നാലു തരം വർഗ്ഗങ്ങളേയും നേടാൻ സഹായിക്കുന്ന ഇതികഥയുടെ ഭാഗമാണ്. കാമം (മാനസിക ശാരീരിക സമ്പത്ത്) അർത്ഥം (മാനസിക സമ്പത്ത്) ധർമ്മം (മാനസിക ആത്മീയധനം) മോക്ഷം (ആത്മീയ വിമോചനം). ഇതു കൂടാതെ അതിൽ ധാർമ്മികമായ പെരുമാറ്റ സംഹിതയും അടങ്ങിയിട്ടുണ്ട്.

മഹാഭാരതം, ഇതിഹാസത്തിന് ഏറ്റവും നല്ല ഉദാഹരണമാണ്. വിദ്യാലയങ്ങളിൽ ഇതിഹാസത്തിന്റെ പേരിൽ പഠിപ്പിക്കുന്ന മഹാഭാരതം പ്രധാനമായും ഇതികഥ അഥവാ ചരിത്രമാണ്. ഇതിഹാസം പഠിക്കുന്നതിലൂടെ ഒരാൾക്ക് എന്താണ് ലഭിക്കുന്നത്? അവർക്ക് ധാർമ്മികമായ പെരുമാറ്റ നിയമാവലി ലഭിക്കുന്നതോടൊപ്പം നാലു പുരുഷാർത്ഥങ്ങളെക്കുറിച്ചുള്ള അറിവും ലഭിക്കുന്നു.

പുരുഷാർത്ഥങ്ങളിൽ ആദ്യത്തേത് കാമമാണ്. ഭൗതികമായ ആവശ്യങ്ങളുടെ സമ്പൂർണ്ണത. ജീവിതം മുന്നോട്ടു കൊണ്ടുപോവാൻ മനുഷ്യർക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ആവശ്യമാണ്. ഈ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ലെങ്കിൽ ജീവിതം അസഹ്യമായിത്തീരുന്നു. ഈ ആദ്യത്തെ വർഗ്ഗമായി

ഭൗതികമായ നേട്ടങ്ങളാണ് 'കാമം'. എങ്ങനെയാണ് ഒരാൾ ഇതിനെ പറ്റി പഠിക്കുക? ഇതിഹാസങ്ങളുടെ പഠനത്തിലൂടെയാണിത് സാധിക്കുന്നത്. എങ്ങനെയാമ് ഈ അടിസ്ഥാന ആവശ്യങ്ങൾ എല്ലാവർക്കും നൽകാനാവുന്നത്? സാമൂഹ്യ തത്വശാസ്ത്രം പ്രാവർത്തികമാക്കുന്നതിലൂടെയാണ് ഇത് സാധിക്കുന്നത്. അതായത ഇതിഹാസത്തിലൂടെ. അതിലൂടെ ഇതിനുവേണ്ടി അതായത് ഈ അടിസ്ഥാനാവശ്യങ്ങൾ എല്ലാവർക്കും ലഭിക്കുന്നതിനു വേണ്ടി, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പുരോഗമന വിനിയോഗ സിദ്ധാന്തം (PROUT) എന്ന ഒരു സാമൂഹ്യ തത്വശാസ്ത്രം നിർമ്മിക്കാൻ ഞാൻ നിർബ്ബന്ധിതനായി. വിശക്കുന്ന ഒരു വ്യക്തിക്ക് മറ്റെന്തിനേക്കാളും ആദ്യം നൽകേണ്ടത് ഭക്ഷണമാണ്. വിശപ്പു മാറിയതിനു ശേഷം മാത്രമേ അവന ആത്മീയ കാര്യങ്ങൾ പകർന്നു നൽകാനാകൂ. അവനെ ധ്യാനത്തിൽ ഇരിക്കാൻ നിർദ്ദേശിക്കാനാവൂ. ഒരു മരത്തിൽ നിന്നും മറ്റൊന്നിലേക്ക് ചാടുന്ന കുരങ്ങനെപോലെ സാമൂഹ്യവിരുദ്ധരായി നടക്കുന്നവർക്ക് ഭക്ഷണം നൽകരുത്. അവരെ തീർച്ചയായും ആദ്യം ഇരുത്തേണ്ടത് ധ്യാനത്തിലാണ്. എന്നാൽ അതിനു മുൻപ് അവർക്ക് ഭക്ഷണം, തണുപ്പത്തുപയോഗിക്കാനുള്ള വസ്ത്രം, വീട്, ചികിത്സ തുടങ്ങിയവ ഒരുക്കിയിരിക്കണം. ഇതൊന്നും

തയ്യാറാക്കാതെ ഒരു വ്യക്തിയെ പൊതുവായ ക്ഷേമത്തിലേക്ക് നയിക്കാൻ സാധിക്കുകയില്ല.

'വർത്തമാനേഷുവർത്തതേ' എന്നു പറയുന്നു. വർത്തമാനകാലത്തെ മറന്നുകൊണ്ട് ആർക്കും മുന്നോട്ടു പോകാനാവില്ല.

ഇതാണ് ശിവന്റെ പ്രിയപ്പെട്ട നിർദ്ദേശം. ആനന്ദമാർഗ്ഗത്തിലും ഈ ഉപദേശം അവഗണിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് പ്രൗട്ട് എന്ന തത്വസംഹിതക്ക് ഞാൻ രൂപം കൊടുത്തത്. ആർക്കും പ്രൗട്ടിന്റെ പ്രാധാന്യത്തെ അവഗണിക്കാനാവില്ല. ആരെങ്കിലും അങ്ങനെ ചെയ്താൽ അവർ നിലനിൽപിനെ തന്നെ അവഗണിക്കുകയാണ്. അതിനാൽ 'കാമം' ആണ് പുരുഷാർത്ഥങ്ങളിൽ ആദ്യത്തേത്.

രണ്ടാമത്തെ വർഗ്ഗമാണ് അർത്ഥം. അർത്ഥം എന്നത് ഭൗതിക മാനസിക മണ്ഡലങ്ങളിലെ ആവശ്യങ്ങളുടെ പൂർത്തീകരണമാണ്. അർത്ഥത്തിലൂടെ ഭൗതിക മാനസിക ആവശ്യങ്ങൾ താൽക്കാലികമായി പരിഹരിക്കപ്പെടുന്നു. ഇത്തരം കാര്യങ്ങളിൽ സ്ഥിരമായ ആശ്വാസം ലഭിക്കുന്നതിനെ പരമാർത്ഥം എന്നു പറയുന്നു. അർത്ഥം എന്നത് താൽക്കാലികവും പരമാർത്ഥം സ്ഥിരവുമാണ്. ഇവിടെ അർത്ഥം എന്നത് പണം എന്നതല്ല. ധനം എന്നതിനെയും അർത്ഥം എന്ന് പറയും. കാരണം ഭൗതികാവശ്യങ്ങൾക്ക് അത് താത്കാലിക ശമനം നൽകുന്നു. അതുകൊണ്ടാണ്

ധനത്തെ സംസ്കൃതത്തിൽ അർത്ഥം എന്ന് പറയുന്നത്. കൂടുതലായി പറയുമ്പോൾ എപ്പോഴാണോ ജനങ്ങൾക്ക് ഒരു വാക്കിന്റെ അർത്ഥം മനസ്സിലാകാത്തത് ഉദാഹരണമായി 'കദളി' എന്ന വാക്ക് അതിന ചില ആശയങ്ങൾ മനസ്സിൽ വരും. എപ്പോഴാണോ കദളി എന്ന വാക്കിനർത്ഥം 'പഴം' എന്നാണെന്നറിയുന്നത് അപ്പോൾ മാനസികമായ ആഗ്രഹം നീക്കപ്പെടുന്നു. അങ്ങനെ ഒരു വാക്കിന്റെ തുല്യമായ മറ്റൊരു പദത്തിനും 'അർത്ഥം' എന്നു പറയുന്നു. സംസ്കൃത്തിൽ അങ്ങനെയൊരു പദം വന്നത് ഒരു പദത്തിന തുല്യമായ മറ്റൊരു പദം വരുമ്പോൾ മനസ്സിലെ ആഗ്രഹം അപ്രത്യക്ഷമാവുന്നതു കൊണ്ടാണ്. അതിനാൽ 'അർത്ഥം' എന്നാൽ 'ധനം', 'തുല്യമായ പദം'. അതിനാൽ ഭൗതിക മാനസിക ആവശ്യങ്ങൾ നിറവേറ്റുന്ന വർഗ്ഗവും അർത്ഥമാണ്.

മൂന്നാമത്തെ പുരുഷാർത്ഥമാണ് ധർമ്മം. അത് മാനസിക ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നു. മനുഷ്യന ഭൗതികമായ ആവശ്യങ്ങൾ മാത്രമല്ല അതിലും സൂക്ഷ്മമായ ആവശ്യങ്ങളുമുണ്ട്. ഭൗതികമായ ആവശ്യങ്ങളിലൊന്നിലും കാര്യമായ ശ്രദ്ധ പതിക്കാത്ത ചിലർ വീടുപേക്ഷിച്ച് സന്യാസജീവിതത്തിൽ ആകൃഷ്ടരാവുന്നു. എന്തുകൊണ്ടാണവർ അത്തരം ഒരു ജീവിതം തെരഞ്ഞെടുക്കുന്നത്? എന്തുകൊണ്ടാണ് ഒരു

രാജകുമാരൻ ത്യാഗപൂർണ്ണമായ ജീവിതം തെരഞ്ഞെടുക്കുന്നത്? ഏതു തരത്തിലുള്ള ആഗ്രഹമാണ് മഹാപ്രഭു ചൈതന്യനെ സന്യാസിയാവാൻ പ്രേരിപ്പിക്കുന്നത്? ബുദ്ധനെ ഏത് ചിന്തയാണ് രാജാധികാരം ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചത്? അവർക്കൊന്നും ഭൗതികജീവിതത്തിൽ കാമം അർത്ഥം എന്നിവക്കൊന്നും സ്ഥാനമുണ്ടായിരുന്നില്ല. അപ്പോൾ എന്തുകൊണ്ടാണവർ പ്രാപഞ്ചിക ജീവിതമുപേക്ഷിച്ച് സന്യാസിജീവിതം തെരഞ്ഞെടുത്തത്? അതിന്റെ കാരണം മറ്റൊന്നുമല്ല. അവരുടെ മനസ്സിൽ അത്യഗാധമായ ആഗ്രഹമുണ്ട്. എപ്പോഴാണോ ജനങ്ങൾ അതിസൂക്ഷ്മമായ നിലയിൽ എത്തുന്നത് അപ്പോൾ അവർ തികച്ചും അജ്ഞനാണ് എന്ന് മനസ്സിലാക്കുന്നു. ജീവിതത്തിന്റെ സൂക്ഷ്മാവസ്ഥയിൽ പ്രവേശിച്ചിട്ടും അവർ ജീവിതത്തിന്റെ അതിസൂക്ഷ്മമായ പ്രകടനങ്ങളെ കാണാതിരിക്കുന്നു. ഇത് നയിക്കുന്നത് ആത്മീയമായ അഭിലാഷത്തിലേക്കാണ്. ഇതാണ് മൂന്നാമത്തെ വർഗ്ഗമായ 'ധർമ്മം'. ഇത് മാനസിക ആത്മീയ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്നു.

നാലാമത്തെ പുരുഷാർത്ഥമാണ് മോക്ഷം. മനുഷ്യർ അതിന്റെ സമ്പൂർണ്ണ ഭാവത്തിലെത്തുമ്പോൾ അവർക്ക് സ്വയം ഒരു ബാധ്യതയായി തോന്നുകയും തങ്ങൾ വന്ന

സ്ഥലത്തേക്കു തന്നെ ഒരു സമ്മാനമായി പോകാൻ ആകാംക്ഷയുള്ളവനായിത്തീരുകയും ചെയ്യുന്നു.

തവദ്രവ്യം ഗോവിന്ദതുഭ്യമേവ സമർപ്പയേ
നിവേദയാമിചാത്മാനം ത്വം ഗതി: പരമേശ്വര.

താങ്കളുടെതായുള്ള വസ്തുക്കൾ അല്ലയോ പ്രഭോ ഞാൻ അങ്ങേക്കു തന്നെ തിരിച്ചു നൽകുന്നു. അവസാനത്തെ പരമമായ സീമ അങ്ങായതിനാൽ അല്ലയോ പ്രഭോ ഞാൻ എന്നെ അങ്ങയിൽ സമർപ്പിക്കുന്നു.

ഇതാണ് അവസാനത്തെ അവസ്ഥ. അതിനെ മോക്ഷം അഥവാ വിമോചനം എന്നു പറയുന്നു. ഇതിഹാസമാണ് നിങ്ങളെ നാലുവിധത്തിലുള്ള ധർമ്മങ്ങളും അനുഷ്ഠിക്കാൻ സഹായിക്കുന്ന ശാസ്ത്രം. ഇതിഹാസം എന്നാൽ അതിന്റെ ശരിയായ അർത്ഥത്തിൽ വിദ്യാലയങ്ങളിലോ കോളേജുകളിലോ പഠിപ്പിക്കുന്നില്ല. രാമായണം ഒരു പുരാണമാണെന്ന് ഓർക്കുക. അത് വിദ്യാപ്രദാനമായ ഒരു സങ്കൽപ കഥയാണ്.

നമുക്ക് യഥാർത്ഥ കഥയിലേക്ക് കടക്കാം. വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോടൊപ്പം മിഥിലയിലേക്ക് പോവുകയാണ്. രാമായണം ഒരു കൽപിതകഥയാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. നാം എടുക്കുന്ന കഥയുടെ മൂലരൂപം രാമായണമാണ്. അതിന വാസ്തവ കഥയുമായി ബന്ധമില്ല. അത് പഠിക്കത്തക്ക് പുസ്തകമാണെന്നതിൽ സംശയമില്ല.

എന്നാലത് കൃത്യമായും പരമാർത്ഥമല്ല. അവർ പുഴയുടെ മറുതീരത്തെത്തിയപ്പോൾ അവർ അത്ഭുകരമായ ഒരു കാഴ്ച കണ്ടു. ശ്രീരാമന്റെ പാദം ആ തോണിയിൽ സ്പർശിച്ചപ്പോൾ അത് സ്വർണ്ണമായി മാറി. ആശ്ചര്യചകിതനായ തോണിക്കാരൻ പറഞ്ഞു. 'വളരെ അത്ഭുതമായിരിക്കുന്നു. അദ്ദേഹം അമാനുഷനാണ്.' തോണിക്കാരൻ വീട്ടിലേക്കോടി കാര്യങ്ങൾ ഭാര്യയോടു പറഞ്ഞു. ഇതു കേൾക്കേണ്ട താമസം ഭാര്യ അവിടെയുള്ള ഗൃഹോപകരണങ്ങളും മറ്റു പാത്രങ്ങളുമൊക്കെ വാരി വലിച്ച് രാമന്റെ കാൽക്കൽ വെച്ചു. വീണ്ടും വീണ്ടും സാധനങ്ങൾ കൊണ്ടു പോകലും തിരികെ കൊണ്ടുവരലും ഒരുതരം ഹെർക്കുലിയൻ ജോലിയായി മാറി. കൊണ്ടുവന്ന സാധനങ്ങൾ സ്വർണ്ണമാകുന്നതോടെ അതിന്റെ ഭാരവും കൂടി. തോണിക്കാരന്റെ ഭാര്യക്ക് ശരീരമാകെ വേദനിക്കാനും കൈകാലുകൾ കുഴയാനും തുടങ്ങി. അങ്ങനെ സാധുവായ തോണിക്കാരന്റെ ഭാര്യക്ക് ഭാരം ചുമക്കാൻ പറ്റാതായി. എന്നാൽ അത്യാഗ്രഹത്താൽ അവൾ വീണ്ടും ശ്രമം തുടർന്നു. ജനങ്ങൾ പ്രാപഞ്ചികജീവിതത്തിന്റെ സുഖഭോഗങ്ങളിൽ ആവോളം മുഴുകുകയും സ്വയം ബന്ധനത്തിലകപ്പെടുകയും വീണ്ടും അത്യാഗ്രഹത്തിൽ അകപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് ശരീരമാകെ തളർന്നെങ്കിലും അവൾ വീണ്ടും വീട്ടിലുള്ള മരസാധനങ്ങൾ കൊണ്ടുവന്ന് സ്വർണ്ണമാക്കാനുള്ള

ശ്രമം തുടർന്നു. ഇത് സദ്യയുണ്ണുന്ന തീറ്റ ഭ്രാന്തന്മാരെ പോലെയാണ്. എത്ര വയറു നിറഞ്ഞാലും വീണ്ടും രണ്ട് രസഗുള കഴിക്കാൻ അവർ ആർത്തി കാണിക്കും. അർക്കെങ്കിലും മറ്റുള്ളവരുടെ ചെലവിൽ ഭക്ഷണം കഴിക്കാനവസരം ലഭിച്ചാൽ ഒരു നാലു ദിവസത്തേക്കുള്ളത് അവർ കഴിച്ചിരിക്കും. ഇതുപോലുള്ള മാനസികാവസ്ഥയിലായിരുന്നു തോണിക്കാരന്റെ ഭാര്യ. അവൾ ഇനി സാധനങ്ങൾ ഒന്നും കൊണ്ടുവരാനുള്ള അവസ്ഥയിലല്ലെങ്കിലും അത്യാഗ്രഹം അവളെ വീണ്ടും പിൻതുടർന്നു.

കവി രവീന്ദ്രനാഥ ടാഗോർ പറഞ്ഞു.

ജരായേ ആച്ചെ ബാധാ ഛാരായേ ജെ തേ ചാഇ
ഛാരാതേ ഗെലെ വ്യഥാ ബാജേ
മുക്തി ചാഹിബാരേ തൊമാർ കാഛേ ജാഇ
ചാഹിതേ ഗെലെ മരിലാജെ

(ഞാൻ നിരവധി ബന്ധനങ്ങളിൽ കെട്ടപ്പെട്ടു കിടക്കുന്നു. ഞാൻ അതിൽ നിന്ന് മോചനം ആഗ്രഹിക്കുന്നു. ഞാൻ അതിനു ശ്രമിക്കുമ്പോൾ, ആ കെട്ടുകൾ എന്നെ ബാധിക്കുന്നു. മോചനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയിൽ അങ്ങയെ സമീപിക്കുമ്പോൾ, ഞാൻ വളരെയധികം ലജ്ജിതനാവുന്നു.)

എല്ലാ സാധാരണ മനുഷ്യർക്കും ഇത് പറയാവുന്നതാണ്. പിന്നീട് തോണിക്കാരൻ ഭാര്യയോടു പറഞ്ഞു. ‘ഈ വിഡ്ഢിത്തം നിർത്തുക. എത്രകാലം

നിനക്കീ ഭാരം ചുമക്കാൻ കഴിയും? നീ വളരെയധികം പ്രയാസങ്ങളിലേക്ക് നീങ്ങുകയാണ. സ്വർണ്ണത്തിന വേണ്ടിയുള്ള നിന്റെ അത്യാഗ്രഹം അവസാനിക്കില്ല. അതിന്റെ ഭാരത്താൽ നീ മരിക്കും. വിഡ്ഢിയായവളേ നിനക്ക് നിന്റെ അത്യാഗ്രഹത്തെ ഒരിക്കലും സംതൃപ്തിപ്പെടുത്താനാവില്ല.' 'അതെ. ഞാൻ വിഡ്ഢിയായിരിക്കാം. എന്നാലിപ്പോൾ ഞാൻ നിരാശ്രയയാണ്. എനിക്കതു കൊണ്ടൊന്നും ചെയ്യാൻ കഴിയില്ല.' അവൾ പറഞ്ഞു. തോണിക്കാരൻ ഉപദേശിച്ചു. 'അമിതഭാരമുള്ള മരത്തടികളും സ്വർണ്ണവും മറ്റും ചുമക്കുന്നതിനു പകരം അത്ഭുത സിദ്ധികളുടെ ആ രണ്ടുപാദങ്ങൾ എന്തുകൊണ്ട് ചുമന്നു കൂടാ?' അപ്പോഴവൾ രാമന്റെ അടുത്തെത്തി പറഞ്ഞു. 'അങ്ങ് എന്റെ കൂടെ വരണം.' ആദ്യം രാമൻ അത് വിസമ്മതിച്ചു. പക്ഷെ അവളുടെ നിർബ്ബന്ധം കാരണം സമ്മതിക്കുകയും തോണിയിൽ കയറിയിരിക്കുകയും ചെയ്തു. അത്ഭുതമെന്നു പറയട്ടെ തോണിക്കാരന്റെ ഭാര്യ എല്ലാം സ്വർണ്ണമാക്കി മാറ്റാനുള്ള തന്റെ ആഗ്രഹം മറക്കുകയും ആ രണ്ട് കാലടികളെ മാത്രം ഓർക്കുകയും ചെയ്തു. പരമമായ വസ്തു ലഭിച്ചാൽ പിന്നെ അവളെന്തിന സ്വർണ്ണത്തെപറ്റി ചിന്തിക്കുന്നു? ഇപ്പോൾ അവൾക്ക് എന്തും അവൾ ആഗ്രഹിക്കുമ്പോൾ സ്വർണ്ണമാക്കി മാറ്റാൻ കഴിയും.

തോണിക്കാരന്റെ ഭാര്യ പറഞ്ഞു. 'രാമാ അങ്ങയുടെ സന്ദർശനത്തിന തെളിവായി എന്തെങ്കിലും എനിക്ക് നൽകിയിട്ടു പോകൂ.' അതുകൊണ്ട് രാമൻ രുചികരമായ നാല് പഴങ്ങൾ അവൾക്കു നിൽകി. അവൾ ചോദിച്ചു. ആ പഴങ്ങൾ എന്താണ്, എവിടെയാണത് വളരുന്നത്, എങ്ങനെയാണത് തിരിച്ചറിഞ്ഞത്? അതിന്റെ പേരുകൾ എന്താണ്? ലക്ഷ്ണമൻ ആ പഴങ്ങളുടെ പേരുകൾ പറഞ്ഞു. അവ കാമം, അർത്ഥം, ധർമ്മം, മോക്ഷം എന്നിവയാണ്. ലക്ഷ്മണൻ വീണ്ടും പറഞ്ഞു. 'ഒരാൾക്ക് ഈ രണ്ടു പാദങ്ങൾ ലഭിച്ചാൽ പിന്നെ നാലു വർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കുകയേ വേണ്ട.'

ഒരാൾ യഥാർത്ഥ ഭക്തനാണെങ്കിൽ ഇത്തരം പുരുഷാർത്ഥങ്ങളെ പറ്റിയൊന്നും ചിന്തിക്കേണ്ട ആവശ്യമേയില്ല. ലൗകിക ജീവിതത്തിൽ നിലവിലുള്ള കുറവുകളും പൊരുത്തമില്ലായ്മയും ക്രമപ്പെടുത്താൻ ഞാൻ PROUT എന്ന തത്വശാസ്ത്രത്തിന രൂപം നൽകി. കഴിഞ്ഞ കാലഘട്ടത്തിൽ നാലു വർഗ്ഗങ്ങളെ പറ്റി ചിന്തിക്കേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. വർത്തമാനകാലത്തിലും അതുപോലെ തന്നെ. ഭാവിയിലും അപ്രകാരം തന്നെയാണ്. ഭാവിയിലുണ്ടാകുന്ന പ്രശ്നങ്ങലെ ഇല്ലാതാക്കാനും യോജിപ്പുണ്ടാക്കുന്നതിനും ഞാൻ PROUTന രൂപം നൽകി.

പിന്നീട് എല്ലാവരും ലക്ഷ്മണനോട് പറഞ്ഞു. നിന്റെ മൂത്ത സഹോദരൻ പഴങ്ങൾ നൽകി. അതുകൊണ്ട് നീ

ഒന്നെങ്കിലും ഞങ്ങൾക്കും തരണം. ലക്ഷ്മണൻ പറഞ്ഞു. എന്നെപ്പോലുള്ള ഒരു സാധു മനുഷ്യൻ നിങ്ങൾക്കെന്തു നൽകാനാണ്? എന്റെ കൈവശം ഒരേയൊരു പഴമേയുള്ളൂ. അത് നിങ്ങൾക്കു നൽകുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. ‘എന്താണ് ആ പഴത്തിന്റെ പേര്‘ അവർ ചോദിച്ചു. ലക്ഷ്മണൻ അവരോടു പറഞ്ഞു. ‘ഈ പഴം നിങ്ങളുടെ കൈകളിൽ മുറുകെ പിടിക്കുന്നതു വരെ നിങ്ങൾക്ക് മറ്റു നാലു പഴങ്ങൾ ഒരിക്കലും ലഭിക്കുകയില്ല. ദയവു ചെയ്ത് ആ പഴം എന്താണെന്ന് ഞങ്ങളോടു പറഞ്ഞാലും.‘ അവർ അക്ഷമരായി പറഞ്ഞു. ദയവു ചെയ്ത് ആ പഴം ഞങ്ങൾക്കു തരിക. അപ്പോൾ ഞങ്ങൾക്ക് മറ്റു നാലു പഴങ്ങളും ലഭിക്കുമല്ലോ? ലക്ഷ്മണൻ പറഞ്ഞു. ‘നിങ്ങൾക്കറിയാമോ? ഞാൻ വളരെ സാധുവായ മനുഷ്യനാണ്. എന്റെ കൈവശമുള്ള പഴത്തിന്റെ പേര് ഭക്തി എന്നാണ്.‘

11 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 10

# ഭൗതിക മാനസിക ആത്മീയ മണ്ഡലങ്ങൾ

## The Physical, Psychic and Spiritual Strata.

വല ജവ്യശെരമഹ, ജ്യൈരവശര മിറ ടുശ്യശൗമഹ ടയ്യേമമേ.

മനുഷ്യ ജീവിതത്തിന് മൂന്ന് തലങ്ങളുണ്ട്. ആദ്യത്തേത് ആത്മീയമായ അടുക്കാണ്. രണ്ടാമത്തെ തട്ട് മാനസിക മണ്ഡലമാണ്. മൂന്നാമത്തേതാകട്ടെ അപകവമായ ഭൗതിക മണ്ഡലമാണ്. ആത്മീയ മണ്ഡലത്തിലുള്ള പ്രഭാവത്താലും പ്രയത്നത്താലും, ഉന്നതവ്യക്തിത്വങ്ങളുടെ അനുഗ്രഹത്താലും സർവ്വശക്തന്റെ കൃപയാലും മനുഷ്യർ അവരുടെ എല്ലാ ആപത്തുകളും ഇല്ലാതാക്കുന്നുവെന്ന് ഇന്ന് പ്രഭാതത്തിൽ ഞാൻ സംസാരിക്കുകയുണ്ടായി. 'മഹത് കൃപയേവ ഭഗവത് കൃപാലേശാദ്വ' സാക്ഷാത്കരിക്കപ്പെട്ട വ്യക്തിത്വങ്ങളുടെ അനുഗ്രഹത്താലും ദിവ്യമായ കൃപയുടെ ചെറിയ ചലനത്താലും. മനുഷ്യർ ആത്മാർത്ഥമായ പരിശ്രമം നടത്തണം. കഠിനാധ്വാനം വളരെ അത്യാവശ്യമാണ്. പിന്നീട് അനുഗ്രഹീത വ്യക്തിത്വങ്ങളുടെ കൃപയും ത്രികാലജ്ഞനായ ഈശ്വരന്റെ അനുഗ്രഹവും മാത്രം

മതി. വളരെ ചെറിയ പ്രാപഞ്ചികമായ അനുഗ്രഹവും മതിയാവും. വളരെ വലിയ അളവിലുള്ളതൊന്നും ആവശ്യമില്ല.

ഇത് ആത്മീയ മണ്ഡലത്തെക്കുറിച്ചുള്ള കാര്യമാണ്. മനുഷ്യർ അതിനെ പറ്റി വിഷമിക്കേണ്ട കാര്യമില്ല. കാരണം ജീവന്റെ ഉന്നമനത്തിന പരമപുരുഷന്റെ സാന്നിധ്യം മാത്രം മതി. പ്രാപഞ്ചികമായ സൂക്ഷ്മജീവികൾ നിലനിൽക്കന്നില്ലേ എന്ന ചോദ്യം ഉത്ഭവിക്കുന്നു. പരമ പുരുഷൻ നില നിൽക്കുന്നത് നിർഗുണാവസ്ഥയിലാണ് (മനോവ്യവഹാരാതീതമായ) അദ്ദേഹം ഒരിക്കലും സഗുണ ബ്രഹ്മാവസ്ഥയിലേക്ക് വരികയില്ല. (താരകബ്രഹ്മം). അതുകൊണ്ട് പറയുന്നു അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശ്യം തന്നെ പൊതുവായ ക്ഷേമമാണ്. മനുഷ്യരുടെ ഉന്നമനം. അതുകൊണ്ടാണദ്ദേഹം പ്രഖ്യാപിച്ചത്.

‘‘പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം

ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേയുഗേ’’

(ധാർമ്മികരുടെ സംരക്ഷണത്തിനും അധാർമ്മികരുടെ നാശത്തിനും വേണ്ടിയാണ് ഓരോ യുഗത്തിലും ധർമ്മം പുനഃസ്ഥാപിക്കാൻ ഞാൻ സ്വയം ഇവിടെ അവതരിക്കുന്നത്).

അപ്പോൾ ഇങ്ങനെയൊരു ചോദ്യം ഉത്ഭവിക്കുന്നു. പരമപുരുഷൻ ഈ ഭൂമിയിൽ വീണ്ടും വീണ്ടും

അവതാരമെടുക്കുന്നതിന്റെ ആവശ്യമെന്താണ്? ഇതാണുത്തരം. അദ്ദേഹം മനുഷ്യരുടെ ക്ഷേമം പുനഃസ്ഥാപിക്കാനാഗ്രഹിക്കുന്നു. ‘മാനവക്ഷേമം‘ എന്നതു കൊണ്ടിവിടെ അർത്ഥമാക്കുന്നത് പ്രധാനമായും ആത്മീയ മണ്ഡലത്തിലാണ്. രണ്ടാമതായി മാനസികഭൗതിക പുരോഗതിയും. പരമപുരുഷൻ സത്യത്തിന്റെ സാക്ഷാത്കാരമായതിനാൽ മനുഷ്യപുരോഗതിയിൽ തൽപരനാണ്. സൃഷ്ടിക്കപ്പെട്ട എല്ലാം അദ്ദേഹത്തിന്റെ സന്തതി പരമ്പരകളാണ്. അദ്ദേഹം ആത്മീയരംഗത്തുമാത്രമേ ക്ഷേമമുണ്ടാകൂ എന്നത് അസാധ്യമായ കാര്യമാണ്. അദ്ദേഹം മാനസികവും ഭൗതികവുമായ കാര്യങ്ങളും ശ്രദ്ധിക്കുന്നു. യഥാർത്ഥത്തിൽ അദ്ദേഹം ജീവിതത്തിന്റെ ഈ മൂന്നു മണ്ഡലങ്ങളിലും ക്ഷേമം ഉണ്ടാക്കുന്നു.

ആത്മീയ മണ്ഡലത്തെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു. ‘മഹത് കൃപയൈവ ഭഗവത് കൃപാലേശാദ്വാ.’ എത്രമാത്രമാണ് മനുഷ്യർക്ക് സ്വപ്രയത്നത്താൽ സഫലമാക്കാനാവുക? അഘടനഘടന പടീയസീ മായാ (മായയുടെ വിദഗ്ദ്ധമായ കൈകൾക്ക് വേണമെങ്കിൽ വസ്തുക്കളെ സൃഷ്ടിക്കാൻ കഴിയുമെങ്കിലും സൃഷ്ടിക്കൽ അസാധ്യമായിരിക്കും). മനുഷ്യർക്ക് അവരുടെ സ്വന്തം പ്രയത്നത്താൽ എത്രമാത്രം ഈ ശക്തമായ മായയെ എതിർത്ത് തോൽപിക്കാനാവും? അതുകൊണ്ടാണിപ്രകാരം

പറയുന്നത് സാക്ഷാത്കരിക്കപ്പെട്ടിട്ടുള്ള വ്യക്തിത്വങ്ങളുടെ അനുഗ്രഹങ്ങളും അതുപോലെ അതിലഘുവായ ദൈവകൃപയും ഉണ്ടായിരിക്കും എന്ന്.

മഹത് എന്നാൽ വളരെ വലിയ ഒരു വ്യക്തിത്വം. വളരെ ഉയർന്ന ആവിഷ്കൃതമായ വ്യക്തിത്വം. അത്തരം ഒരു വ്യക്തിത്വത്തിന്റെ അനുഗ്രഹം വളരെയധികം സഹായകരമാണ്. അതോടൊപ്പം വളരെ ചെറിയ ഭഗവത്കൃപയും ആവശ്യമാണ്. കൃപയുടെ ഒരു കണിക മാത്രമേ ആവശ്യമുള്ളൂ. യഥാർത്ഥത്തിൽ ഒരു വ്യക്തിയുടെ ആത്മീയ പുരോഗതി കഴിഞ്ഞകാലവും ഇപ്പോഴും ഭാവിയിലും ഇതുപോലെ തന്നെയായിരിക്കും.

അപ്പോൾ എങ്ങനെയാണ് മാനസിക മണ്ഡലം? താൻ ചെയ്തിട്ടുള്ള കർമ്മ ഫലങ്ങളുടെ അനന്തരഫലങ്ങൾ വന്നു കൂടുന്നത് മാനസിക മണ്ഡലത്തിലാണ്. പ്രത്യക്ഷീകരിക്കപ്പെട്ട വ്യക്തിത്വങ്ങളുടെ അനുഗ്രഹങ്ങൾ നേടിയവർക്കും ദൈവീകമായ കൃപ വന്നുചേരുന്നത് മാനസിക മണ്ഡലത്തിലാണ്. ഇവിടെ പ്രശ്നങ്ങൽ പരിഹരിക്കപ്പെടുന്നു. വേദനയും മനക്ലേശവും അനുഭവിക്കാനിടയുണ്ട്. ജന്മനാലുള്ള സംസ്കാരങ്ങളെ ആശ്രയിച്ച്, ചെയ്യുന്ന പ്രവർത്തനങ്ങൾക്കനുസരിച്ച് ദണ്ഡനങ്ങളും ദൗർഭാഗ്യങ്ങളും അനുഭവിക്കാനിടയുണ്ട്. ഒരാളുടെ പ്രതികരണപരമായ വസ്തുക്കളെനുസരിച്ചുള്ള പ്രകടനമാവും ഉണ്ടാവുക. ദണ്ഡനങ്ങളും ദൗർഭാഗ്യങ്ങളും മുമ്പത്തെയത്ര

വേദനാജനകമല്ലെങ്കിലും അനുഗ്രഹങ്ങളാലും കൃപയാലും മാനസികമായ വിപത്ത് മാറിക്കിട്ടും. നല്ലത്. വേദന അനുഭവവേദ്യമാകുന്നില്ലെങ്കിൽ അതിനെ വേദന എന്നു പറയുമോ? ഇത്തരം സംഗതികളിൽ മനോമണ്ഡലത്തിൽ ഒരാൾ ആനന്ദാവസ്ഥയിലായിരിക്കും. ദുരന്തങ്ങൾ വരട്ടെ. അതു സംബന്ധിച്ച ആപത്തും വേദനയും അനുഭവപ്പെടുന്നില്ലെങ്കിൽ ഒരാൾ അതുകൊണ്ട് പ്രയാസപ്പെടേണ്ടതില്ല.

എന്താണ് ഭൗതിക മണ്ഡലത്തിന്റെ അവസ്ഥ? ഭൗതികമണ്ഡലത്തിൽ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം തുടങ്ങിയ അങ്ങേയറ്റത്തെ അത്യാവശ്യങ്ങളുണ്ട്. എന്താണ് ജീവികൾക്ക് പരമപുരുഷൻ നൽകിയത്? മനുഷ്യരുടെ ഉപഭോഗത്തിന വേണ്ടി അദ്ദേഹം ഭൂമിയിൽ സമ്പത്ത് വാരിവിതറി. എല്ലായിടത്തും ഭീമമായ ധനം വിതരണം ചെയ്തു. അതിനെ ശരിയായ വിധം ഉപയോഗിക്കാനുള്ള ബുദ്ധിയും നൽകി. അതുകൊണ്ട് മനുഷ്യർക്ക് ഈ ഭൂമിയിൽ കൂട്ടായി ജീവിക്കാൻ അവസരം നൽകി. മനഃസമാധാനത്തിന വേണ്ടി ആത്മീയ പരിശീലനത്തിന്റെ പാഠങ്ങളും നൽകി. ഇത് അവർക്ക് ആത്മീയ വിമോചനത്തിനും അവരുടെ മാനസിക ദുഃഖം അകറ്റുന്നതിനും സഹായകമായി. യഥാർത്ഥത്തിൽ ഇത് പ്രാപഞ്ചികമായ കൃപയും ദിവ്യമായ അനുഗ്രഹവും മനുഷ്യരുടെ മേൽ അദ്ദേഹം

ചൊരിയുന്നതാണ്. അദ്ദേഹം എല്ലാ മനുഷ്യരിലും അനുഗ്രഹം സമ്മാനിക്കുമെന്ന് നേരത്തെ വിളംബരം ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് അദ്ദേഹം അസന്നിഗ്ധമായി പ്രഖ്യാപിച്ചത് 'സംഭവാമി യുഗേ യുഗേ' എന്ന് (ഓരോ യുഗത്തിലും ഞാൻ സ്വയം അവതരിക്കും) ആരും ഇക്കാര്യത്തിൽ ഭയപ്പെടേണ്ടതില്ല.

അപത്വമായ ഭൗതിക മണ്ഡലത്തിൽ പ്രശ്നങ്ങൾ പിന്നെയും അവശേഷിക്കുന്നു. സദാശിവന്റെ കാലത്തും കൃഷ്ണന്റെ കാലത്തും ജനങ്ങൾക്ക് നന്നായി ജീവിക്കാനും കൂട്ടമായി ഈ ഭൂമിയിലെ വസ്തുക്കൾ അനുഭവിക്കാനും ആസ്വദിക്കാനും നിർദ്ദേശിച്ചിരുന്നു. 'ദേവ ഭാഗം യഥാ പൂർവ്വാ സംജനനാം ഉപസതേ' (നമുക്ക് ഭൂമിയിലെ സ്വത്ത് വിഭജിച്ചെടുക്കാം ഒരു വിത്യാസവുമില്ലാതെ). കഴിഞ്ഞകാലത്തെ ഋഷിമാരെ പോലെ അപ്പോൾ എല്ലാവർക്കും ഒരുപോലെ ഈ പ്രപഞ്ചം ആസ്വദിക്കാം. എന്നാൽ ദൗർഭാഗ്യവശാൽ ജനങ്ങൾ അതുപോലെ ചെയ്യുന്നില്ല. അവർ അപ്രകാരം ചെയ്യാത്തതിനാൽ ഭൗതികമായ നിരവധി കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വരുന്നു. അതിപ്പോഴും തുടരുന്നു.

ജനങ്ങളുടെ ഇത്തരം പ്രയാസങ്ങൾ ഇല്ലാതാക്കാൻ, സാമാന്യ ബുദ്ധിയനുസരിച്ച് ഭൗതിക മണ്ഡലത്തിൽ ലോകത്തിലുള്ള എല്ലാ സമ്പത്തും പൈതൃക സമ്പത്തായി പരിഗണിക്കാൻ അനുശാസിക്കുന്നു. ധനം എല്ലാവർക്കുമാണെന്ന് സൂചിപ്പിക്കുന്നു.

അതുകൊണ്ടെല്ലാവർക്കും കൂട്ടായി ജീവിക്കാം. ധനം എല്ലാവർക്കും അവകാശപ്പെട്ടതാണ്. ഒരാളുടെ വായിൽ നിന്നും ആഹാരം മറ്റുള്ളവർ പിടിച്ചു പറിക്കുന്നത് ശരിയായ വഴിയല്ല. അതുകൊണ്ട് എല്ലാ മനുഷ്യർക്കും സമ്പൂർണ്ണ സമ്പത്ത് കൂട്ടായി വിതരണം ചെയ്യാനുള്ള ഒരു സമ്പ്രദായം അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത നേരിടുന്നു. നിർഭാഗ്യവശാൻ അത്തരമൊരു സമ്പ്രദായം കഴിഞ്ഞ കാലത്ത് താരകബ്രഹ്മം ചെയ്തപോലെ ആരും ചെയ്തില്ല. അതുചെയ്യാത്തതുകൊണ്ട് കൂട്ടായ ജീവിതത്തിൽ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഇപ്പോഴും തുടർന്നു വരുന്നു. ഇതിന്റെ അഭാവം കാരണം മനുഷ്യജീവിതം പൂർണ്ണമായും വേദനയും കഷ്ടപ്പാടുമായി മാറി.

ഇപ്പോൾ ഇത് നിർത്തേണ്ടസമയം ആഗതമായിരിക്കുന്നു. ഇത്തരം ഒരുകാര്യം തുടരാൻ എങ്ങനെയാണ് അനുവദിക്കുക?. മനുഷ്യർ പ്രബലമായും ബുദ്ധിശാലികളായതിനാൽ, എങ്ങനെയാണ് ഇത്തരം ഒരു പ്രമുഖമായ വിടവ് സമൂഹത്തിൽ സംഭവിക്കുക? അതും ദിവസങ്ങളോ മാസങ്ങളോ നിലനിൽക്കുന്ന രീതിയിലല്ല വർഷങ്ങളും നൂറ്റാണ്ടുകളും തുടരുന്ന രീതിയിൽ സംഭവിക്കുക? ഇത്തരമൊരുകാര്യം തുടരാനനുവദിച്ചുകൂടാ. എന്നാൽ അത്ഭുതമായകാര്യമിതാണ്. ഭൗതിക മണ്ഡലത്തിലെ വിടവും അതിനനുബന്ധമായ അതുല്യതയുമാണ് അസാധാരണമായ പ്രയാസങ്ങൾക്കുള്ള കാരണം ഈ

അടിസ്ഥാന കാരണങ്ങളാൽ മാനസികരംഗത്തെ സമാധാനം എന്നും നഷ്ടപ്പെടുന്നു.

ഇത്തരം കാഴ്ചപ്പാടിന്റെ അവസാനത്തിൽ ഭൗതികമായ ദുഃഖവും ആപത്തും മനുഷ്യ ജീവിതത്തിൽ ഇല്ലാതാക്കി വളരെ ഉയർന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രൗട്ട് തത്വശാസ്ത്രത്തിന രൂപം കൊടുത്തു. പ്രൗട്ട് തത്വശാസ്ത്രം പ്രചരിപ്പിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അത് ചെയ്യുന്നില്ലെങ്കിൽ മനുഷ്യരുടെ ദുഃഖവും പ്രയാസങ്ങളും നൂറ്റാണ്ടുകളോളം ഉപദ്രവം ചെയ്തു കൊണ്ടിരിക്കും. ഹീനന്മാരായ അവസരവാദികൾ അവരുടെ ചൂഷണങ്ങൾ തുടർന്നു കൊണ്ടിരിക്കും. അവർ ബുദ്ധിമാന്മാരുടെ ലാളിത്യവും ബുദ്ധിപരമായ ന്യൂനതകളും കണ്ണടച്ചു വിശ്വസിക്കുന്ന ജനങ്ങളുടെ ശാസനയും മുതലെടുക്കുന്നു. ചൂഷണം പ്രധാനമായും മൂന്നുവിധത്തിൽ ഉപദ്രവം ചെയ്യുന്നു. സമ്മർദ്ദം, നിരോധം, ചൂഷണം. ഞാൻ അടിച്ചമർത്തലിനെ പറ്റി സൂചിപ്പിച്ചിട്ടില്ല. കാരണം അടിച്ചമർത്തൽ വേർപ്പെടുത്താ നാവാത്തവിധം ചൂഷണവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ലോകത്തിലെ എല്ലാ ജനങ്ങളും സമ്മർദ്ദം, നിരോധം, ചൂഷണം എന്ന മൂന്നവസ്ഥകളാൽ വിഷമിക്കപ്പെടുന്നു. തൃപ്തികരമായ രീതിയിലും അസഭ്യമായ രീതിയിലും. അപ്പോൾ എന്താണ് പരിണതഫലം? ഭൗതിക മണ്ഡലത്തിൽ മനുഷ്യരുടെ പ്രയാസങ്ങൾ തരണം ചെയ്യണം. ആത്മീയ

മണ്ഡലത്തിൽ തീർച്ചയായും ക്രമീകരണത്തിന ഒരു കുറവുമില്ല. ഒരിക്കലും ഉണ്ടാവുകയുമില്ല. ഇക്കാര്യത്തിലാണ് അവർ കരുത്താ ർജ്ജിക്കേണ്ടത്. എന്തിനു വേണ്ടി?. മാനസികമായ ആപത്തുകൾ, ദൗർഭാഗ്യങ്ങൾ തരണം ചെയ്യാൻ ജനങ്ങൾ മനഃശക്തി നേടിയെടുക്കണം. അവ കഴിഞ്ഞ കാലത്തുള്ള പ്രതിഫല നമുളവാക്കുന്ന പ്രവർത്തനങ്ങളുടെ ഫലമാണിത്. അങ്ങനെ പറയുമ്പോൾ പ്രൗട്ട് സ്ഥാപിതമാക്കുന്നതോടെ ഭൗതിക മണ്ഡലത്തിലേയും ആത്മീയ മണ്ഡലത്തിലേയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. അപ്പോൾ മാനസിക മണ്ഡലത്തിലെ അവസ്ഥയോ? കാണാത്തതും കഴിഞ്ഞകാലത്താർജ്ജിച്ചതുമായ സംസ്കാരങ്ങൾ തീർച്ചയായും മനസ്സിനെ ബാധിക്കും. എന്നാൽ മാനസികമായ വ്യഥകളെ അതിജീവിക്കാൻ മനുഷ്യർ കൂടുതൽ കരുത്താർജ്ജിക്കണം എന്നത് ഒരുവസ്തുതയാണ്.

ഇക്കാര്യങ്ങൾ ഓർമ്മിച്ചാൽ എത്രയും വേഗം നിങ്ങൾ ഒരു പുതിയ സമൂഹത്തെ നിർമ്മിച്ചെടുക്കും. ഇക്കാര്യത്തിൽ ആരാണോ നിങ്ങളുടെ വഴി മുടക്കുന്നത് അവരെ അത് ചെയ്യാൻ വിടുക. യഥാർത്ഥ പടയാളി, മുന്നണിപ്പോരാളി എപ്പോഴും വളരെ ചെറിയ ഒരു ന്യൂനപക്ഷമായിരിക്കും. എന്നാൽ അവരായിരിക്കും വിജയിക്കാൻ വിധിക്കപ്പെട്ടവർ. ആരാണോ എതിർത്തവർ, ഇപ്പോഴും എതിർക്കുന്നവർ, ഭാവിയിലും

എതിർക്കപ്പെടുന്നവർ അവർ നാളെ സമ്മതിക്കും.അതെ നാമിപ്പോൾ നമ്മുടെ വാഹനം ശരിയായ രീതിയിലാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. ആദ്യം തന്നെ തടസ്സങ്ങളെല്ലാം നീക്കിയവർ പിന്നീട് പോരാളികളായി അറിയപ്പെടും. ഏറ്റവും വലിയ തമാശ എന്തെന്നാൽ ജനങ്ങൾ ആവശ്യമുള്ള സമയത്ത് ഒന്നും തിരിച്ചറിയുകയില്ല. ഇത് പ്രകൃതിനിയമമാണ്. അതേ സമയത്ത് നിങ്ങൾ ഒരു പ്രധാന സത്യം ഓർമ്മിക്കണം. ഒരു കാട്ടിൽ സിംഹങ്ങളും പുലികളും എണ്ണത്തിൽ വളരെ കുറവാണ്. കുറുക്കന്മാർ വളരെയധികം എണ്ണവുമുണ്ട്. എന്നാൽ സിംഹവും കടുവയുമാണ് കാടുവാഴുന്ന പരമാധികാരികൾ. അല്ലാതെ കുറുക്കന്മാരല്ല. കുറുക്കന്മാർ തീർച്ചയായും ഓരിയിടും . അത് പ്രകൃതിദത്തമാണ്. എന്നാൽ സിഹവും കടുവയും ഒരിക്കലും ഭയപ്പെടില്ല.

12 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 11

# ആത്മസാക്ഷാത്കാരമാണ് ശരിയായ അറിവ്

## Self-Realization Is the Real Knowledge.

എന്താണ് ജ്ഞാനം? രണ്ടുതരത്തിലുള്ള ജ്ഞാനം ഉണ്ട്. ഒന്ന് ലൗകിക ജ്ഞാനം അഥവാ അപരജ്ഞാനം. രണ്ട് ആത്മീയജ്ഞാനം അഥവാ പരജ്ഞാനം. ഐഹികമായ അറിവ് ബാഹ്യമായ ശരീരക്ഷമതയുടെ ആന്തരിക പ്രക്ഷേപണമായി വിവക്ഷിക്കാവുന്നതാണ്. എന്നാൽ ആന്തരികമായ അഥവാ പ്രാപഞ്ചികമായ ആത്മീയതയുടെ ആന്തരിക പ്രക്ഷേപണമാണ് ഇതെല്ലാം ജ്ഞാനമാണ്.

ജ്ഞാനത്തെ ക്കുറിച്ചുള്ള ചർച്ചയിൽ നാം ‘സ്മൃതി‘യെ ക്കുറിച്ചും അഥവാ ഓർമ്മയെ ക്കുറിച്ചും ചിലതു പറയേണ്ടി വരുന്നു. ‘‘അനുഭൂത വിഷയാസംപ്രമോഷഃ സ്മൃതിഃ’’. സ്മൃതി എന്നത് നേരത്തെ ദർശിച്ച ഒരു പ്രതിഛായ പുനരവതരിപ്പിക്കാനുള്ള കഴിവ് ഉണ്ടാവുക എന്നതാണ്.

അപ്പോൾ അനുഭവം എന്നതിന്റെ അർത്ഥമെന്താണ്? സംസ്കൃതത്തിൽ ‘അനു‘ എന്നവാക്ക് ദന്ത്യ ശബ്ദമായ

'ന' ചേരുമ്പോൾ അർത്ഥം നേരിയത് അഥവാ ചെറുകണിക എന്നാണ്. അതു തന്നെ ദന്ത്യാക്ഷരത്തോടൊപ്പം 'ന' ഉപയോഗിച്ചാൽ അതിനർത്ഥം 'പിന്തുടരുന്ന' അഥവാ 'ശേഷം'. അനുഗത എന്നവാക്കിന്റെ അർത്ഥം പിന്തുടരുന്നവൻ എന്നാണ്. അതായത് 'ആരാണോ പിന്തുടരുന്നത്'എന്ന്. അതുപോലെ 'അനുഭവ' (ഭു+അൽ=ഭവ, അതിന്റെ അർത്ഥം 'ആയിത്തീരുക'. അനു എന്നാൽ പിന്തുടരുന്ന) എന്നതിനർത്ഥം പിന്നീട് അതുപോലെ ആയിത്തീരുക.

നിങ്ങൾ ഒരു ആനയായി മാറി എന്ന് കരുതുക. നിങ്ങളുടെ മനസ്സിലെ ചിന്തകൾ ആനയുടെതു പോലെയാവുന്നു. ഇതാണ് നിങ്ങളുടെ ഗ്രഹണ ശക്തി. ഒരു ആന എപ്രകാരമായിരിക്കുമെന്ന് നിങ്ങൾ പരിശീലിക്കുന്നു. ആനയെ കാണുമ്പോൾ നിങ്ങളുടെ മനസ്സും 'ആനയെ പോലെയാകുന്നു.' ഈ ആയിത്തീരലാണ് 'ഭാവം'. ഇതിൽ നിന്നാണ് അനുഭവം എന്നവാക്ക് വരുന്നത്. അതിനാൽ അനുഭവം കൊണ്ട് ഒരാളുടെ മനസ്സ് നേരത്തെ കണ്ടതുപോലെ തന്നെയാവുന്നു. മനസ്സ് വീണ്ടും സൃഷ്ടിക്കുന്നു. ഉദാഹരണമായി ഒരാൾ 'ആശാവരി' രാഗത്തിൽ പാടുന്നു വെന്ന് കരുതുക. ആ തഗം കേൾക്കുമ്പോൾ തന്നെ നിങ്ങളുടെ മനസ്സ് നൃത്തം ചെയ്യാൻ തുടങ്ങുന്നു. അതുപോലെ ആ രാഗം നിങ്ങൾ അനുഭവിക്കുന്നു. മനസ്സിൽ ആ ഗാനം പാടുകയും ചെയ്യുന്നു.

അതുപോലെ നിങ്ങൾ സുഗന്ധദ്രവ്യങ്ങളിട്ട ഭക്ഷണം കഴിച്ചതായി ഭാവനയിൽ കാണുക. ഭക്ഷണം മസാല നിറഞ്ഞതാണെന്ന് നിങ്ങൾ പറയുന്നു. അപ്പോൾ എന്തു സംഭവിക്കുന്നു? നിങ്ങളുടെ മനസ്സും ആ ഭക്ഷണവുമായി പൊരുത്തപ്പെടുന്നു. നമ്മൾ പലപ്പോഴും പറയുന്നു 'നിങ്ങൾ പെരുമാറിയ രീതിയോട് എനിക്ക് വളരെ ദുഃഖം തോന്നുന്നു' ആശ്ചര്യം തന്നെ എങ്ങനെയാണ് മനസ്സ് കഠോരമായത്? ധാരാളം ചവർപ്പുള്ള പഴങ്ങളും പച്ചക്കറികളും ഭക്ഷണമായി ഉപയോഗിക്കാറുണ്ട്. അത്തരം ഭക്ഷണങ്ങൾ കഴിക്കുമ്പോൾ മനസ്സും അതുപോലെ കഠോരമാവുന്നു. അതിനു ശേഷം നിങ്ങൾ തിരിച്ചറിയുന്നു ഇത്തരം ഭക്ഷണസാധനങ്ങൾ കയ്പുള്ള താണെന്ന്. കയ്പ, നെല്ലിക്ക എന്നിവ കയ്പ്പുള്ളതാണെന്ന് നിങ്ങൾ തിരിച്ചറിയുന്നു. ഈ അടുക്കള പച്ചക്കറികളെല്ലാം കയ്പ്പുനിറഞ്ഞതാണ്.

അതു കൊണ്ട് വെറും നിരീക്ഷണം കൊണ്ടു മാത്രം ഗ്രഹണശക്തി അഥവാ പരിശീലനം ലഭിക്കണമെന്നില്ല. ഇന്ദ്രിയ ഗോചരമായ ഏതെങ്കിലും വസ്തുവിനെ മനസ്സ് അറിഞ്ഞുകഴിഞ്ഞാൽ അത് ആ വസ്തുവിനെ പോലുള്ള ഒരു ഭാവം മനസ്സിൽ ഉണ്ടാക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ അ വസ്തുവിനെ പോലെ തന്നെ അതിന തുല്യമായിത്തന്നെ മനസ്സും രൂപപ്പെടുന്നു. അതുകൊണ്ട് മനസ്സ് ഒരു വസ്തുവായി മാറിയാൽ പിന്നീട് മനഃശക്തി ഉപയോഗിച്ച് അതിനെ വീണ്ടും

ബലപ്പെടുത്താൻ കഴിയും. ഇതിനെയാണ് 'സ്മൃതി' അഥവാ 'ഓർമ്മ' എന്നു പറയുന്നത്. ''അനുഭൂത വിഷയാസംപ്രമോഷഃ സ്മൃതിഃ''

അപ്പോൾ ആരുടെ മനശ്ശക്തിയാണോ വളരെ ദുർബലമായത്, നാഡീവ്യൂഹങ്ങൾ അശക്തമാവുന്നത്, ആർക്കാണോ അല്പം മാത്രം മനഃശക്തിയുള്ളത്, ആർക്കാണോ മനസ്സ് ഒറ്റപ്പെട്ട് നിർത്താൻ കഴിയാത്തത് അഥവാ ഏകാഗ്രമാക്കാൻ കഴിയാത്തത് അവർക്ക് വളരെ ചുരുങ്ങിയ ഓർമ്മശക്തിയേ ഉണ്ടാവൂ. അവന് അഥവാ അവൾക്ക് കഴിഞ്ഞ കാലത്ത് നടന്നതൊന്നും ഓർമ്മിക്കാൻ കഴിയുന്നില്ല. ഏതാനും സമയം കഴിഞ്ഞാൽ പോലും അത് ഓർക്കാനാവുന്നില്ല.

മറ്റൊരു രീതിയിൽ പറഞ്ഞാൽ ചിലർക്ക് അമ്പതു വർഷം മുൻപ് താഴെവീണ ഒരു മൊട്ടുസൂചിയുടെ ശബ്ദം പോലും ഓർത്തെടുക്കാൻ കഴിയും. അവർ ആ ശബ്ദം ഓർമ്മയിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. ഈ ഓർമ്മശക്തിയും അപരജ്ഞാനവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. അപരജ്ഞാനം എന്നത് ബാഹ്യവസ്തുക്കളുടെ ആന്തരിക പ്രക്ഷേപണമാണ്. അതായത് ബാഹ്യലോകം മനസ്സിൽ പ്രക്ഷേപണം ചെയ്തു കിട്ടുന്നു. എന്നാൽ അപരജ്ഞാനവും ഓർമ്മയും തമ്മിൽ അടിസ്ഥാനപരമായ ചില വ്യത്യാസങ്ങളുണ്ട്. ഓർമ്മയിൽ കയ്പ്പുരസത്തിന്റെ രുചി മാത്രമേ ഉണ്ടാവൂ. ഉദാഹരണമായി ഒരാൾ മറ്റൊരാളുടെ 'ധ്രുപദ' ഗാനം കേൾക്കുന്നുവെന്നു

കരുതുക. അതദ്ദേഹം ഉടൻതന്നെ ഗ്രഹിക്കുന്നു. ഉടൻ ആ രാഗം ഉണ്ടാക്കുന്നു. ദ്രുപദഗാനം മനസ്സിൽ രൂപപ്പെടുന്നു. ഇതാണ് ഗ്രഹണശക്തി. അതിനുശേഷം അദ്ദേഹം ദ്രുപദത്തിന്റെ ഒരു രൂപം വീണ്ടും സൃഷ്ടിക്കുമ്പോൾ അതദ്ദേഹത്തിന്റെ ഓർമ്മയായി മാറുന്നു. എന്നാലത് അയാൾ ദ്രുപദരാഗം അറിയുന്നു എന്നോ മനസ്സിലാക്കിയെന്നോ അതർത്ഥമാക്കുന്നില്ല. ജ്ഞാനം എന്നത് ദ്രുപദരാഗം എന്താണെന്നുള്ള യഥാർത്ഥ അറിവാണ്. അതിനാൽ ഓർമ്മയും ജ്ഞാനവും ഒന്നല്ല, ഒരുപോലെയുമല്ല.

അപ്പോൾ എന്താണ് അറിവ്? അറിവ് എന്നത് ബാഹ്യമായ ഭൗതിക വസ്തുവിന്റെ ആന്തരിക പ്രകടനമാണ്. അഥവാ ആന്തരികമായ ആത്മീയതയുടെ പ്രക്ഷേപണമാണ്. രണ്ടുതരം ജ്ഞാനമുണ്ട്. മനസ്സിൽ ഒരു വസ്തുവിന്റെ നിലനിൽപ്പ് സ്പഷ്ടമായി പ്രകടമാവുമ്പോഴാണ് ഈ പ്രക്ഷേപണത്തിന്റെ അവബോധം ഉണ്ടാകുന്നത്. മറ്റൊരു രീതിയിൽ പറയുമ്പോൾ ഒരാൾക്ക് ഒരു ഗാനത്തെപറ്റി സമ്പൂർണ്ണ അറിവുണ്ടാവുകയും എപ്പോൾ എങ്ങനെയാണത് ആലപിക്കേണ്ടതെന്ന് തിരിച്ചറിയുകയും ചെയ്യുന്നതിനെയാണ് ജ്ഞാനം എന്നു പറയുന്നത്. ഒരിക്കൽ ഒരാൾ അത് മനസ്സിലാക്കിയാൽ, ഒരാൾ ദ്രുപദരാഗം പുനഃസൃഷ്ടിച്ചാൽ ഇഷ്ടം വരുമ്പോഴൊക്കെ മനസ്സിൽ രൂപപ്പെടുത്തിയാൽ, ഒരാൾ വെറുതെ

അതോർമ്മിച്ചെടുത്താൽ അയാൾക്ക് ദ്രുപദഗാനത്തെപ്പറ്റി സമ്പൂർണ്ണ ജ്ഞാനമുണ്ടെന്ന് പറയാനാവില്ല.

അതിനാൽ രണ്ടും തമ്മിലുള്ള വ്യത്യാസം വളരെ വിശാലമാണ്. എന്നാൽ താർക്കികമായി പറയുമ്പോൾ അൽപം വ്യത്യാസമുണ്ട്. കഴിഞ്ഞകാലത്തെ ഏതെങ്കിലുമൊരു കാഴ്ചയെ വളരെയെളുപ്പം തിരിച്ചു പിടിക്കാൻ കഴിയുന്നവരെ 'ഓർമ്മശക്തിയെ തിരികെ പിടിക്കുന്നവൻ' എന്നും 'ധ്രുവസ്മൃതി' എന്നും പറയുന്നു. ഉദാഹരണമായി ഓരോ മനുഷ്യനും മനസ്സുകൊണ്ട് 24 മണിക്കൂറും 'ജപക്രിയ' സങ്കൽപിക്കുന്നു. എന്നിട്ടും ആരും അത് ചെയ്യുന്നില്ല. അവർ അത് മറക്കുന്നു. ഇതാണ് സാധാരണയായി സംഭവിക്കുന്നത്. ഭക്ഷണം പാകം ചെയ്യുമ്പോൾ 'എനിക്ക് കറിയിൽ അൽപം ഉപ്പിടണം' എന്ന് പറയുന്നതായി വിചാരിക്കുക. എന്നാൽ ആരെങ്കിലും 'ഉപ്പ് ഇടൂ' എന്ന് വിളിച്ചു പറയുന്നില്ലെങ്കിൽ അയാൾ അത് മറക്കുന്നു. അതിനാൽ ജനങ്ങൾ പലപ്പോഴും മറവിക്കാരാണ്. എന്നാൽ ആരാണോ ഓർമ്മശക്തി വികസിപ്പിച്ചെടുത്തത് അവർക്ക് വിവരങ്ങൾ ശേഖരിച്ചെടുക്കാൻ കഴിയുകയും ഒന്നും ഒരുകാലത്തും മറക്കാതിരിക്കുകയും ചെയ്യും. അതായത് അവർ മനസ്സുകൊണ്ട് ഈശ്വരനെ സ്മരിക്കും. അത്തരം സാഹചര്യത്തിൽ എന്തു സംഭവിക്കുന്നു? അവർക്ക് അവരുടെ ഓർമ്മകൾ ശക്തമായി ഉറപ്പിക്കാൻ കഴിയും

ശക്തമായ ഒരു അടിത്തറയിൽ ഉറപ്പിക്കാൻ കഴിയും അതവർ ഒരിക്കലും മറക്കില്ല. ഒരു കാര്യം ഒരിക്കലും മറക്കാതിരിക്കുന്നതിനെ 'ധ്രുവസ്മൃതി' എന്നു പറയുന്നു. ആ ഓർമ്മ ഉറപ്പുള്ളതും ശക്തമായി ഉറച്ചതുമായിരിക്കും. അപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ ഓർമ്മയെ ശക്തമായി, ആഗ്രഹത്തിനൊപ്പം നിയന്ത്രിക്കാനാവും. അത്തരം ആളുകളെയാണ് നമ്മൾ ധ്രുവസ്മൃതി എന്നു പറയുന്നത്. അത്തരക്കാർക്ക് എപ്പോഴും ഈശ്വരനെ ഓർക്കാനും അതുവഴി ഒരു പ്രത്യേകതരം ആനന്ദം മനസ്സിൽ സൂക്ഷിക്കാനും കഴിയും. ഈ ആനന്ദത്തിനെ 'ധർമ്മമേഘാനന്ദ' എന്നു പറയുന്നു. ജ്ഞാനത്തിന്റെ മണ്ഡലത്തിൽ ആളുകൾ മനസ്സിനെ ഒറ്റക്ക് മൂർച്ചയുള്ളതാക്കുമ്പോൾ, അവർ ബുദ്ധിശക്തിയുടെ ശിഖരത്തിൽ എത്തുമ്പോൾ അവർക്ക് സ്വന്തം ഇഷ്ടപ്രകാരം മനസ്സിനെ ഒരു പ്രത്യേക ബിന്ദുവിൽ അഥവാ വിന്ദുവിൽ സ്ഥാപിക്കാൻ കഴിയും. പിന്നീടെന്ത് സംഭവിക്കുന്നു? ഈ ബാഹ്യലോകം ബാഹ്യമായ ഭൗതികത്വം, വസ്തു നിഷ്ഠമായ നിലനിൽപ്പ് അവരുടെ അധികാരപരിധിയിൽ ഓർമ്മയിൽ വരുന്നു. അതായത് അവരെന്താഗ്രഹിക്കുന്നുവോ അത് വീണ്ടും ശേഖരിക്കാനും ആവാഹിച്ചെടുക്കാനും സാധിക്കുന്നു. അതായത് അവരെപ്പോഴാണോ ആഗ്രഹിക്കുന്നത് അപ്പോൾ അവർക്ക് എന്തും ശേഖരിക്കാനും ആവാഹിച്ചെടുക്കാനും സാധിക്കുന്നു. അതുകൊണ്ട്

വിശേഷകർമ്മാവസ്ഥയിൽ ലോകം മുഴുവൻ പിന്നീടാ ബിന്ദുവിൽ അഥവാ വിന്ദുവിൽ ഏകാഗ്രമായിരിക്കുമെന്നതാണ് എടുത്തു പറയാവുന്ന തമാശ. ഒരു വ്യക്തിയുടം ഒറ്റയായ മനസ്സ് ഏകാഗ്രതക്കും അനുസ്മരണത്തിനും അതേപോലെ അഥവാ ഒന്നായിത്തീരുന്ന അവസ്ഥയിലെത്തുന്നു. അതുകൊണ്ട് ആ വ്യക്തിക്ക് എന്തെങ്കിലും അറിയാനാഗ്രഹമുണ്ടെങ്കിൽ അവനോ അവൾക്കോ പുസ്തകങ്ങളിലൂടെയോ വേദഗ്രന്ഥങ്ങളിലൂടെയോ പോകേണ്ട ആവശ്യം വരുന്നില്ല. വെറുതെ അവന്റെയോ അവളുടെയോ കണ്ണുകൾ അടച്ചിരുന്നാൽ അവർക്ക് അവിടെ എന്തെല്ലാമാണ് എഴുതി വെച്ചിരിക്കുന്നതെന്ന് ഏതുപേജിലാണ് അഥവാ ലൈബ്രറിയിലാണുള്ളതെന്ന് പറയാൻ കഴിയുന്നു. ആളുകൾ അപ്പോൾ പറയും ദൈവമേ എന്തുമാത്രം പഠിച്ച ആളാണ് അദ്ദേഹമെന്ന്. അവർ പഠിച്ചതെത്രയാണെന്ന് അവനോ അവൾക്കോ ഒന്നും അറിയില്ലെന്നും കാര്യമായി പഠിച്ചിട്ടില്ലെന്നുമാണ് സത്യം. അവൻ അല്ലെങ്കിൽ അവൾ ലോകം മുഴുവനും ഗ്രഹിച്ചിരിക്കുകയാണ്. ഓർമ്മയിൽ പ്രപഞ്ചത്തെ മുഴുവൻ തിരിച്ചുകൊണ്ടുവരികയാണ്. സ്മൃതി പഥത്തിൽ വീണ്ടും ഇതാണ് അത് അഥവാ അതാണ് ഇത് എന്ന് ഓർമ്മിച്ചെടുക്കുന്നു. ജനങ്ങൾ അൽഭുതപ്പെടുന്നു. എത്രമാത്രം ബുദ്ധിമാനാണ് അയാളെന്ന്. കീർത്തിയോ വീരസ്യമോ ഇവിടെയില്ല. സമ്പൂർണ്ണഭൗതിക പ്രപഞ്ചം മാത്രം. ഇത്

സാധ്യമാവുന്നത് ഒരാൾക്ക് ആന്തരിക പ്രക്ഷേപണം അഥവാ ആന്തരിക ആത്മീയത ഉണ്ടാകുമ്പോളാണ്. അതായത് ഒരാൾക്ക് ദൈവ സാന്നിധ്യമുണ്ടാകുമ്പോൾ അയാൾ ത്രികാല ജ്ഞാനിയാകുന്നു. ബ്രഹ്മവിദ് സർവ്വ വിദ് ആത്മവിദ് ബ്രഹ്മവിദ്. അതുകൊണ്ട് എങ്ങനെയാണ് ഒരാൾക്ക് യഥാർത്ഥ ജ്ഞാനം സ്വായത്തമാകുന്നത്?

നിങ്ങൾക്കെല്ലാമറിയാനാഗ്രഹമുണ്ടെങ്കിൽ ഒരാളെ മാത്രം അറിയൂ. അപ്പോൾ നിങ്ങൾക്കെല്ലാമറിയാനാവും. ജനങ്ങൾ എല്ലാം അറിയാൻ ആഗ്രഹിക്കുന്നു. എന്നാൽ മനുഷ്യന്റെ തലയോട് വളരെ ചെറുതാണ്. തലച്ചോറാകട്ടെ അതിലും ചെറുതും. അതുകൊണ്ട് ഒരാൾക്ക് എത്രമാത്രം അറിയാൻ കഴിയും? ഇന്ന് പഠിക്കുന്നതെല്ലാം നാളെത്തന്നെ മറക്കുന്നു. അതെ ആരാണോ മഹാമോഹോപാധ്യായനാകുന്നത്, പണ്ഡിതനാവുന്നത് അയാൾക്ക് അധിക കാലം തന്റെ സ്വന്തം ജോലി ഉപേക്ഷിക്കുന്നതു വരെ 'നരന്റെ' ശബ്ദരൂപം ഓർക്കാനാവുന്നില്ല. അഥവാ അയാൾ കൃഷിപ്പണി ചെയ്യുന്നതോടെ അത് നഷ്ടമാവുന്നു. ഇതാണ് സാധാരണയായി സംഭവിക്കുന്നത്. അതുകൊണ്ട് 'ഒന്നിനെ അറിയൂ എല്ലാമറിയൂ' എന്നതാണ് പ്രധാനകാര്യം. കുറെ പുസ്തകങ്ങൾ വായിച്ച് എല്ലാം മറക്കുന്നതു കൊണ്ടെന്തു പ്രയോജനം? കുറെ പുസ്തകങ്ങൾ ഒരാൾ വായിക്കുമ്പോൾ കൂടുതൽ കാര്യങ്ങൾ മറക്കുന്നു. കൂടുതൽ തെറ്റുകൾ ചെയ്യുന്നു.

അതുകൊണ്ടെന്തു പ്രയോജനം? ഒരു പുസ്തകപ്പുഴുവാകുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല. ഞാൻ സാധാരണ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നു ലൗകിക വിദ്യാഭ്യാസം അതുകൊണ്ട് ലൗകിക വിദ്യാഭ്യാസത്തിന്റെ ആഴമില്ലായ്മ അവർക്ക് മനസ്സിലാവും. വേദപുസ്തകങ്ങളിൽ ഇങ്ങനെ പറയുന്നു.

ആത്മജ്ഞാനം വിദൂർജ്ഞാനം
ജ്ഞാനാന്യന്യാനിയാനിതു,
താനിജ്ഞാനാവഭാഷാനി
സാരസ്യനൈവബോധനാത്

പഴയ ലാറ്റിൻ ഭാഷയിൽ knowledge എന്ന വാക്ക് തുടങ്ങുന്നത് (kno) (കെനോ) എന്നാണ്. പഴയ സംസ്കൃതഭാഷയിൽ ആ വാക്ക് കനോ എന്നായി മാറി. എന്നാൽ (kno), knowledge തുടങ്ങിയവയിൽ സ എന്ന് ഉച്ചരിക്കുന്നില്ല. അതു അങ്ങനെയായത് അതിന്റെ മൂലക്രിയ കെനോ എന്നായതു കൊണ്ടാണ്.

ആത്മാവിനെ അറിയുക (ആത്മജ്ഞാനം) എന്നതൊഴികെ മറ്റെല്ലാ അറിവുകളും അർത്ഥശൂന്യമാണ്. ഓരോ വസ്തുവിനും രണ്ടു തരത്തിലുള്ള നിഴലുകളുണ്ട് ഒന്ന് പൂർണ്ണഛായയും മറ്റേത് ഉപഛായയും. (Umbra, and Penumbra) നിഴലുകൾ കഴമ്പില്ലാത്ത അറിവാണ്. അത് യഥാർത്ഥ

അറിവില്ല. അവ വെറും നിഴലുകൾ മാത്രമാണ്. നിഴലുകളെ നിരീക്ഷിച്ച് നമുക്ക് യഥാർത്ഥ വസ്തുവിനെ തിരിച്ചറിയാനോ അനുമാനിക്കാനോ കഴിയില്ല. നിഴലുകൾ നോക്കി മാവിനേയും ഇലഞ്ഞിയേയും തിരിച്ചറിയാനാവില്ല. തിരിച്ചറിയാൻ അതിന്റെ ഇലകൾ നേരിട്ടു നോക്കി തീരുമാനിക്കണം. അല്ലാതെ നിഴലുകളെ നോക്കിയിട്ടു കാര്യമില്ല. അതുപോലെ എല്ലാ പ്രാപഞ്ചികമായ അറിവും നിഴലുകളാണ്. അതൊരിക്കലും യഥാർത്ഥ വസ്തുവിനെ തിരിച്ചറിയാൻ നിങ്ങളെ സഹായിക്കുകയില്ല.

അങ്ങനെ എത്രയും വേഗത്തിൽ യഥാർത്ഥ സത്യം തിരിച്ചറിയുന്നുവോ അത്രയും അത് വളരെ നല്ലതാണ്. യഥാർത്ഥ സത്യം കണ്ടെത്തുന്നതു വരെ അവർ അപരജ്ഞാനത്തിൽ അഥവാ ഐഹിക ജ്ഞാനത്തിൽ മുഴുകിക്കിടക്കുന്നു.

13 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 12

# നിത്യാനന്ദവും ലീലാനന്ദവും

## Nityaìnanda and Liilaìnanda.

ആരാണോ സാധനാമാർഗ്ഗം സ്വീകരിച്ചിട്ടുള്ളത് അവർക്ക് 'നിത്യാനന്ദം' ലീലാനന്ദം എന്നീപദങ്ങൾ സുപരിചിതമാണ്. പരമപുരുഷൻ സ്വയം ആസക്തനായി സ്ഥിതിചെയ്യുമ്പോൾ അദ്ദേഹം അനുഭവിക്കുന്ന ആനന്ദം, പരമപരമായ ആനന്ദമാണ് നിത്യാനന്ദം. നിത്യം എന്നാൽ സനാതനം, അനശ്വരം. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ശാശ്വതമായ ആനന്ദം എന്നുപറയുന്നത് അർത്ഥശൂന്യമാണ്. കാരണം എല്ലാം അദ്ദേഹത്തിലാണ് സ്ഥിതി ചെയ്യുന്നത്. അദ്ദേഹം തന്റെ സൃഷ്ടികളോടൊപ്പം കളിക്കുമ്പേൾ സന്തോഷത്തിന്റെയും സങ്കടത്തിന്റെയും കളികളിൽ വ്യാപൃതരാവുമ്പോൾ അതാണ് അദ്ദേഹത്തിന്റെയും ലീലാനന്ദം. ഈ കളിക്ക് മറ്റെന്തു പേരാണ് നൽകുക? അതൊരുനാടകമാണ് ഒരുനാടകത്തിൽ ചിലകഥാപാത്രങ്ങൾ തേങ്ങിക്കരയും ചിലർചിരിക്കും, ചിലർ നിർവ്വികാരരായിരിക്കും. ഈ പ്രവർത്തനങ്ങളുടെയൊക്കെ സാക്ഷീഭൂതൻ

ആരായിരിക്കും? പരമപുരുഷനും ഇതുപോലെയാണ്. അദ്ദേഹം വേദിയിലേക്ക് പതിപ്പിക്കുന്ന വൈദുത ദീപം പോലെയാണ്. അദ്ദേഹം എല്ലാറ്റിനും സാക്ഷിയാണ്. അഭിനയാനന്തരം വേദിശൂന്യമാവുന്നു. അഭിനേതാക്കൾ നടന്മാരും, നടികളും, ഗായകരും ഗായികമാരുമൊന്നും വേദിയിൽ കാണാതാവുന്നു. പിന്നീട് വെളിച്ചം എന്തിന സാക്ഷിയാവുന്നു? വേദിയിൽ ആരും തന്നെയില്ല എന്നതിന സാക്ഷിയാവുന്നു. വെളിച്ചം എല്ലാറ്റിനും സാക്ഷിയായി നില്ക്കുന്നു. ഇവിടെ വെളിച്ചം വേദിയിൽ ആരുംതന്നെയില്ല എന്ന് പ്രകടമാക്കുന്നു. വേദിയിൽ ആരുംതന്നെയില്ല എന്ന്കാണി ക്കുന്നതും ഒരുതരം നിരീക്ഷണമാണ്.

പരമപുരുഷൻ ഈ പ്രപഞ്ചസൃഷ്ടിക്കുമുൻപ് എന്താണ് കണ്ടതും നീ നിരീക്ഷിച്ചതും? അദ്ദേഹം ആരെയും കണ്ടില്ല. ആരെയും നിരീക്ഷിച്ചതുമില്ല. പ്രപഞ്ചസൃഷ്ടിക്കുശേഷം സൃഷ്ടികളോടൊപ്പം അദ്ദേഹം എന്ത് ചെയ്തു? അവരോടൊപ്പം സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും കളികൾ ഒരു നാടകത്തിലെന്നപോലെ അവതരിപ്പിച്ചു. അദ്ദേഹത്തിനത് കേവലം സുഖ ദുഃഖ സമ്മിശ്രമായ ഒരു നാടകം മാത്രമായിരുന്നു. ആനാടകത്തിലെ അഭിനേതാക്കൾ വിചാരിക്കും 'ഞാൻ വെറുമൊരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു എന്ന. ഞാൻ അഭിനയിക്കുക മാത്രമാണ്.' അവർ ഒരിക്കലും അനുചിതമായ ദു:ഖത്താലും സന്തോഷത്താലും വിഷമിക്കുകയില്ല. ആരാണോ ഷാജഹാന്റെ വേഷം

ധരിക്കുന്നത് അയാൾ ആക്രോശിക്കുകയും ചാടുകയും ജയിലിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ ആരാണോ ഷാജഹാന്റെ വേഷം കെട്ടിയവനാണെന്ന് ശരിക്കും അറിയാം. തന്റെ ഭാഗം അഭിനയിച്ചുതീരത്താൽ വീട്ടിൽ പോയി ചോറും കറിയും കഴിക്കാമെന്നും അവർക്കറിയാം. എന്നാൽ പ്രപഞ്ചമാകുന്ന ഈ വേദിയിൽ ജീവികൾ, ആളുകൾ, ഈ നാടകത്തിലെ അഭിനേതാക്കൾ തങ്ങൾ വെറും അഭിനേതാക്കളാണെന്ന വസ്തുത മറക്കുന്നു. ശരിയായ വീട് മറ്റെവിടെയോ ആണെന്നും മറക്കുന്നു. ഈ പ്രപഞ്ചം വെറുമൊരു വേദിയാണെന്ന കാര്യവും മറക്കുന്നു. അഭിനയത്തിനു ശേഷം വീട്ടിൽ പോയി ചോറും കറിയും കഴിക്കണമെന്നകാര്യവും മറക്കുന്നു. വേഷമിടുമ്പോൾ അവർ വിചാരിക്കുന്നത് തങ്ങൾ ജീവിക്കുന്ന കഥാപാത്രങ്ങളാണെന്ന്. യഥാർത്ഥ ഷാജഹാനാണെന്ന്. അതിന്റെ ഫലമായി അവർ വളരെ വേദന അനുഭവിക്കുകയോ അമിതമായി സന്തോഷിക്കുകയോ ചെയ്യുന്നു. ചിലപ്പോൾ സന്തോഷത്താൽ സമതുലിതാവസ്ഥ തന്നെനഷ്ടപ്പെടുന്നു. സാമാന്യബോധവും നഷ്ടമാവുന്നു. ബംഗാളി നാടോടി ഭാഷയിൽ ഇങ്ങനെ പറയുന്നു. ജനങ്ങൾ അഹങ്കാരത്താൽ ഊതിവീർപ്പിക്കപ്പെടുമ്പോൾ അവർ ഈ ലോകം തന്നെ തിരസ്കരിക്കുന്നു. എന്നാൽ എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? അതു സംഭവിക്കുന്നത് ജീവികൾ തങ്ങൾ

നാടകത്തിലഭിനയിക്കുകയാണെന്നും താൻ ഒരു കഥാപാത്രമാണെന്നും മറക്കുന്നു. നാടകത്തിൽ ചിലർ ദുഃഖ പര്യവസായിയായ കഥാപാത്രത്തെയും മറ്റുചിലർ സന്തോഷ പര്യവസായിയായ കഥാപാത്രത്തെയും അവതരിപ്പിക്കുന്നു. ആരാണോ സാധന അനുഷ്ഠിക്കുന്നത് അവർക്കറിയാം തങ്ങൾ ഒരഭിനേതാവാണെന്നും ഒരുകഥാപാത്രത്തെ അവതരിപ്പിക്കുകയാണെന്നും അവർ ഒരിക്കലും സന്തോഷം കൊണ്ട് അഹങ്കരിക്കുകയില്ല. ദുഃഖത്തെ അവർ പരാജയപ്പെടുത്തുകയും ചെയ്യും.

ഈ പ്രപഞ്ചസൃഷ്ടിക്കു മുൻപ് പരമപുരുഷൻ നിത്യാനന്ദ അവസ്ഥയിലായിരുന്നു. അദ്ദേഹം സ്വയം ആസ്വദിക്കുകയായിരുന്നു. അദ്ദേഹം സ്വന്തം ആനന്ദത്തിൽ മൂടിക്കിടക്കുകയായിരുന്നു. പ്രപഞ്ചസൃഷ്ടിക്കു ശേഷം അദ്ദേഹത്തിന തന്റെ നിത്യാനന്ദവും അതോടൊപ്പം ലീലാനന്ദവും ഉണ്ടായി. ചെറിയ ജീവജാലങ്ങളോടൊപ്പം കളിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ലീലാനന്ദം. അപ്പോൾ ജ്ഞാനികളും കർമ്മികളും പ്രഖ്യാപിച്ചു. എന്തൊരു ഭീതിജനകമായ കളി. എന്തൊരു ഘോരമായ ലീലാനന്ദമാണ് പരമപുരുഷൻ നമ്മോടൊപ്പം കളിക്കുന്നത്. അദ്ദേഹം ലീലാനന്ദം ആസ്വദിക്കുന്നു. എന്നാൽ നമുക്കത് കൂടുതൽ സഹിക്കാനാവില്ല. നമുക്ക് സ്വന്തമായ ഒരു ജീവിതവും ഇരിപ്പിടവും വേണം. ജീവിതത്തിൽ ധാരാളം പ്രശ്നങ്ങൾ അനുഭവിക്കേണ്ടി വരും. എന്നിട്ടും

അദ്ദേഹം സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും കളികൾ നമ്മോടൊപ്പം കളിക്കുകയാണ്.

എന്നാൽ ഭക്തന്മാർ ഇത്തരം ഭാവുകത്വമൊന്നും പ്രകടിപ്പിക്കുകയില്ല. പരമപുരുഷൻ തന്റെ ശാരീരികാവയവങ്ങൾ ഉപയോഗിച്ചു കൊണ്ടാണ് കളിക്കുന്നത് എന്ന് അവർ പ്രഖ്യാ പിക്കും. അദ്ദേഹം തന്റെ തന്നെ കൈകളും, കാലുകളും മറ്റവയവങ്ങളും ഉപയോഗിച്ച് കളിക്കുന്നത് ആസ്വദിക്കുകയാണ്. മറ്റെന്താണ് ഇതിനെ പറ്റി പറയുക? ആർക്കും ഒരുവിധത്തിലും അഭിപ്രായം പറയാനുള്ള കാരണമില്ല. ജീവജാലങ്ങൾ അദ്ദേഹത്തിന്റെ സാമ്രാജ്യത്തിനു പുറത്ത് ചുറ്റിത്തിരിയുകയാണ്. അവരെല്ലാം പരമപുരുഷന്റെ തന്നെ അവിഭാജ്യഘടകമാണ്. ജീവജാലങ്ങൾ അദ്ദേഹത്തിന്റെ വിരലുകളും കൈകളും കാലുകളുമാണ്. അതിനാൽ ആർക്കും വിമർശിക്കാൻ അവകാശമില്ല. അഭിനയിച്ചു കൊണ്ടിരിക്കുമ്പോൾ സാധുക്കളായ ആളുകൾ അത് യഥാർത്ഥമാണെന്ന് കണക്കാക്കുന്നു. അതിന നാടകകൃത്തല്ല ഉത്തരവാദി. നിങ്ങളാണ് അതിനുത്തരവാദി. ഇതുമായി ബന്ധപ്പെട്ട് ഭക്തന്മാരുടെ അഭിപ്രായമാണിത്.

പരമപുരുഷൻ ഈ പ്രപഞ്ചം സൃഷ്ടിച്ചത് ആരേയും ഉപദ്രവിക്കാനോ, വേദനിപ്പിക്കാനോ അല്ല എന്ന് ഭക്തന്മാർ തിരിച്ചറിയുന്നു എന്ന കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. അദ്ദേഹം സ്വയം കളിക്കുകയാണ്. ആദ്യം തനിച്ചായിരുന്ന കാലത്ത്

അദ്ദേഹം സന്തോഷഭരിതനായിരുന്നില്ല. ഈ സൃഷ്ടിയിൽ ആരാണ് തനിച്ചിരിക്കാൻ ഇഷ്ടപ്പെടുക? അതുകൊണ്ട് അദ്ദേഹം സ്വയം നിരവധി നേരിയ ഭാഗങ്ങളായി വിഭജിക്കപ്പെടുകയും ആ ഭാഗങ്ങളുമായി ചേർന്ന് തന്റെ ലീലകൾ കളിക്കാൻ തുടങ്ങുകയും ചെയ്തു. അതുകൊണ്ട് ആർക്കും ഇതു സംബന്ധമായി ഒന്നും പറയാനില്ല.

''സ വാ ഏഷ തദാ ദ്രഷ്ടാ ന
പശ്യദ്ദൃശ്യമേകരാട്,
മേ നേ സന്തമിവാത്മാനം
സുപ്തശക്തിരസുപ്തദൃക്.''

എന്റെ പരമപുരുഷന നിരീക്ഷണശക്തിയുണ്ട്. അദ്ദേഹത്തിന കേൾക്കാനുള്ള ശക്തിയും സംസാരിക്കാനുള്ള ശക്തിയുമുണ്ട്. എന്നാൽ ജീവികൾ ആരും തന്നെ അത് നിരീക്ഷിക്കുന്നില്ല. ആരും ശ്രദ്ധിക്കുന്നതായി രേഖപ്പെ ടുത്തിയിട്ടില്ല. ആരും ശ്രദ്ധിക്കുന്നതായി സൂചനയില്ല. ആരും അതിന്റെ ഫലവും കാരണങ്ങളും വിശദീകരിക്കുന്നില്ല. സത്യത്തിന്റെ മൗലികമായ വസ്തുതകൾ തിട്ടപ്പെടുത്തേണ്ട ആവശ്യമില്ല. കാരണം അദ്ദേഹമല്ലാതെ രണ്ടാമതൊരു സത്തയില്ല. അദ്ദേഹമല്ലാതെ മറ്റാരും തന്നെയില്ല. ആരുംതന്നെ സംസാരിക്കാനുമില്ല.

''ന കർത്തൃത്വം ന കർമ്മാണി ലോകാനസൃജതേ പ്രഭു

ന കർമഫലസംയോഗഃ സ്വഭാവത്വാത് പ്രജായതേ''

അവിടെ മറ്റാരുമില്ല. 'എന്തുകൊണ്ടാണ് നീയതു ചെയ്തത്?' 'എന്റെ കുട്ടീ നിനക്ക് ശിക്ഷ വേണ്ടേ? നീ തീർച്ചയായും ശിക്ഷിക്കപ്പെടും' എന്ന് പറയുന്നതിൽ അർത്ഥമില്ല. കാരണം അവിടെ ആരും ഇല്ല. ഇപ്രകാരം പറയുന്നത് നിരർത്ഥകമാണ്. കാരണം കേൾക്കാൻ ആരും അവിടെയില്ല.

ഞാൻ നേരത്തെ പറഞ്ഞു. പരമപുരുഷൻ ജനങ്ങളോട് സംസാരിക്കാനാഗ്രഹിക്കുന്നു. എന്നാൽ ബന്ധം സ്ഥാപിക്കാൻ അവിടെ ആരും തന്നെയില്ല. ഭക്തന്മാർ പറയും തനിച്ചിരിക്കുക എന്നത് അതിയായ മനോവേദനയുണ്ടാക്കുന്ന കാര്യമാണ്. തനിച്ചിരിക്കുന്നതിന്റെ വൈരസ്യം ഒഴിവാക്കാൻ പരമപുരുഷൻ സ്വയം പലഭാഗങ്ങളായി പിരിയുകയം അവരോടൊപ്പം ലീലാനന്ദം അനുഭവിക്കുകയും ചെയ്യുന്നു. പരമപുരുഷനിൽ നിന്നും വരുന്നവർ അദ്ദേഹത്തിൽ തന്നെ നിലനിൽക്കുകയും അദ്ദേഹത്തിലേക്കു തന്നെ തിരിച്ചു പോവുകയും ചെയ്യുന്നു. വേദങ്ങൾ ഇപ്രകാരം പറയുന്നു.

''ആനന്ദാദ്ധ്യേവ ഖല്വിമാനി ഭൂതാനി ജായന്തേ
ആനന്ദേന ജാതാനി ജീവന്തി
ആനന്ദം പ്രയന്ത്യഭി സംവിശന്തിതി വാ''

(ആനന്ദത്തിൽ നിന്നും അഥവാ പരമാനന്ദത്തിൽ നിന്നും സൃഷ്ടികളുടെ ഈ പ്രപഞ്ചം ദൃഷ്ടിഗോചരമായി അവർ ജീവിക്കുന്നത് ആനന്ദത്തിനു നടുവിലാണ്.

അവസാനമായി അവർ പരമാനന്ദത്തിൽ ലയിക്കുകയും ചെയ്യും.)

അതുകൊണ്ട് എല്ലാ നിലനിൽപിന്റേയും സ്രോതസ്സ് ആനന്ദമാണ്. അഥവാ പരമാനന്ദമാണ്. എല്ലാം രൂപപ്പെട്ടു വരുന്നത് നിത്യാനന്ദത്തിൽ നിന്നുമാണ്. നിലനിൽക്കുന്നതും നിത്യാനന്ദത്തിലാണ്. അവസാനമായി തിരിച്ചു പോവുന്നതും നിത്യാനന്ദത്തിലേക്കാണ്. ജീവികൾ പറയും ഭക്തന്മാർ പറയും 'ഞാൻ നിലനിൽക്കുന്നു എന്റെ ദൈവവും നില നിൽക്കുന്നു.' ദൈവം ഞങ്ങളോടൊപ്പം കളിക്കുന്ന ലീലകൾ ഞങ്ങൾക്ക് പരമാനന്ദം നൽകുന്നു. എന്നാൽ അദ്വൈത വാദി പറയുന്നു. അല്ല ബ്രഹ്മമാണ് സത്യം. ഈ ജഗത്ത് മിഥ്യയാണ്. പരമപുരുഷൻ മാത്രമാണ് സത്യം മറ്റെല്ലാം തെറ്റാണ്, മിഥ്യയാണ്. ജീവികളും ഈ പ്രപഞ്ചം മുഴുവനും മിഥ്യയാണ്. അയ്യോ കഷ്ടം! സന്മനസ്സേ എല്ലാം മിഥ്യയാണെങ്കിൽ പിന്നെ ആരാണ് പരമപുരുഷനാണ് സത്യം എന്ന് തിരിച്ചറിയാനും സ്ഥാപിക്കാനും ഉണ്ടാവുക? സത്യം തിരിച്ചറിയണമെങ്കിൽ മറ്റൊരു സത്യമായ സത്തയുടെ സാന്നിധ്യം ആവശ്യമാണ്. അയാൾക്കു മാത്രമേ പരമപുരുഷൻ നിലനിൽക്കുന്നു എന്ന് പ്രഖ്യാപിക്കാനാവൂ. പഠിച്ച അദ്വൈതവാദികൾക്ക് അവരുടെ ജീവിതത്തിൽ മനഃസമാധാനം ലഭിക്കുകയില്ല. കാരണം തത്വശാസ്ത്രപരമായി അവരുടെ വാദഗതികൾ പരമാർത്ഥമല്ല. എങ്ങനെയാണ്

അദ്വേതികൾ സന്തോഷം അഥവാ ആനന്ദം അനുഭവിക്കുക. ഇല്ല. അദ്വൈതവാദം യുക്തിക്ക് അനുസരിച്ച് നിൽക്കുന്നില്ല. കാരണം ശാസ്ത്രവിധിയനുസരിച്ച് അത് ആനന്ദത്തെ പിന്തുടരുന്നില്ല. ആനന്ദത്തിന്റെ യാതൊരുവിധ അനുഭവങ്ങളും ദർശിക്കാൻ കഴിയുന്നില്ല. ആനന്ദം നേടനുള്ള ആധാരമായ ശ്രമങ്ങളൊന്നും നിലനിൽക്കുന്നില്ല. അതിനാൽ അദ്വൈത സിദ്ധാന്തം എന്നത് ഒന്നുമല്ല. എന്നാൽ അത് ജ്ഞാനികളുടെ കാടുകയറിയ പ്രകടനം മാത്രമാണ്.

‘‘വാക്‌വൈഖരീ ശബ്ദഝരീ
ശാസ്ത്രവ്യാഖ്യാന കൗശലം
വൈദുഷ്യം വിദുഷാം തദ്വത്
ഭുക്തയേ ന തു മുക്തയേ.’’

‘പാണ്ഡിത്യ ഗർവ്വമായ പ്രഭാഷണങ്ങളിലൂടെ ജ്ഞാനികൾ നിർഗ്ഗമിക്കുന്ന വാക്കുകൾ അത്ഭുതകരമായ സന്തോഷത്തെ ഉണ്ടാക്കുമെങ്കിലും ആ രീതിയിൽ ഒരിക്കലും മോക്ഷം നേടാൻ കഴിയുന്നില്ല.‘

അങ്ങനെ സിദ്ധാന്തമാക്കി കൽപിക്കുന്നത് പൊള്ളയാണ്. പ്രത്യേകിച്ച് വേദാന്തപരമായ അദ്വൈതസിദ്ധാന്തം പരമപുരുഷന്റെ നിലനിൽപു മാത്രമേ അംഗീകരിക്കുന്നുള്ളൂ. മറ്റൊന്നും ഇല്ല. പരമപ്രകൃതി അഥവാ ‘മായ‘ പോലും ഇല്ല. അത് സത്യമാണെങ്കിൽ ‘മറ്റൊന്നും തന്നെയില്ല.‘എന്ന്

നമ്മോട് പറയുന്ന ആ സത്ത ഏതാണ്? അത്തരമൊരു പ്രഖ്യാപനം നടത്താൻ തീർച്ചയായും മറ്റൊരു സത്ത കൂടിയുണ്ടായിരിക്കണം. ശരിയല്ലേ? അതായത് 'പരമപുരുഷൻ നിലനിൽക്കുന്നു' എന്ന് പറയാൻ മറ്റൊരാൾ കൂടി ഉണ്ടായിരിക്കണം. അതിനാൽ തർക്കശാസ്ത്ര പരമായി അദ്വൈത വാദികളുടെ വാദഗതികളും അനുമാനങ്ങളും സ്വീകാര്യമല്ല.

ശരിയായ ഭക്തന്മാർ വിചാരിക്കുന്നത് ആഗ്രഹമനുസരിച്ച് അവസാനകാലത്ത് അവർ പരമപുരുഷനിൽ ലയിച്ച് ഒന്നായിത്തീരുമെന്നാണ്. ഈ ഭക്തന്മാർക്കറിയാം അദ്ദേഹത്തിലേക്ക് മുന്നേറുമ്പോൾ അദ്ദേഹത്തിൽ നിന്നും പരമമായ ആനന്ദം ലഭിക്കുമെന്നും ലയിക്കുന്നതോടെ മോക്ഷം ലഭിക്കുമെന്നും. ആ ആനന്ദം, അതായത് അവനോ അവളോ അനുഭവിക്കുന്ന ആനന്ദം ലീലാനന്ദമാണ്. ഈശ്വര സാക്ഷാത്ക്കാരം ലഭിച്ചു കഴിഞ്ഞാൽ ഒരാൾക്ക് എന്താനന്ദമാണ് ലഭിക്കുന്നത്? അതും ലീലാനന്ദമാണ്. ചില വ്യക്തികൾ പലപ്പോഴും പറയും.

"ചീനീ ഹതേ ചാഇ നാ രെ മന,
ചീനീ ഖെതേ ഭാലവാസി"

(ഞാൻ പഞ്ചസാരയാകാനാഗ്രഹിക്കുന്നില്ല. പഞ്ചസാര യിൽ ഞാൻ ഇഷ്ടപ്പെടുന്നത് മധുരം മാത്രമാണ്.) 'ഞാൻ സ്വയം പഞ്ചസാരയായി മാറിയാൽ, ഞാൻ ബ്രഹ്മത്തിൽ ലയിച്ചാൽ, എനിക്കു പിന്നെ പഞ്ചസാരയുടെ മധുരം നുണയുന്ന സന്തോഷം

അനുഭവിക്കാനാവില്ല. അതുകൊണ്ട് ഞാൻ അദ്ദേഹവുമായി ഒന്നാവാനാഗ്രഹിക്കുന്നില്ല. ഞാൻ വേർപെട്ടു നിൽക്കാനാ ഗ്രഹിക്കുന്നു.‘ ഈ തരത്തിലുള്ള ആശയങ്ങൾ അനഭിലഷണീയമാണ്. വളരെ വേഗത്തിൽ ബ്രഹ്മത്തിൽ ലയിക്കുന്നവൻ യാദൃശ്ചികതയിൽ (ഞാൻ നിലനിൽക്കുന്നു) സ്ഥിതി ചെയ്യുന്നു. അല്ലെങ്കിൽ ഞാൻ നില നിൽക്കുന്നു എന്ന അവസ്ഥയിലെത്തുന്നു. പരമപുരുഷൻ അവിടെയുണ്ട്. അദ്ദേഹത്തിൽ നിന്നും ഒരാൾ സന്തോഷവും ദുഃഖവും നേടുന്നു. കാരണം ജീവൻ വരുന്നത് ആനന്ദത്തിൽ നിന്നാണ്. ആനന്ദത്തിൽ തന്നെ നിലനിൽക്കുന്നു. കവിളങ്ങനെ പറഞ്ഞു.

‘‘സവ് ദെവതാർ ആരാധ്യ ധന,
നിത്യ കാലെർ തുഇ പുരാതന.
തുഇ പ്രഭാതെർ ആലോർ സമവയസീ
തുഇ അസീമെർ ഉത്സ ഹതെ,
എസെചരിസ് ആനന്ദസ്രോതെ,
നൂതന ഹയെ ആമാർ ബുകെ ബിലസി.’’

(വാങലാ)

‘എസെച്ചിസ് ആനന്ദസ്രോതെ‘ (ഒരാൾ ആനന്ദത്തിന്റെ ഒഴുക്കിൽ ലയിച്ചു പോവുന്നു). അതുകൊണ്ട് ആരാണോ പരമപുരുഷനിൽ ലയിച്ച് ഒന്നായി മാറുന്നത അവർക്ക് പിന്നെ ആനന്ദത്തിന്റെ അഭാവം അനുഭവപ്പെടില്ല. ദൈവത്തിൽ നിന്ന് വേറിട്ട്

ഒരാൾ നിലനിൽക്കുന്നിടത്തോളം അയാൾ ലീലാനന്ദം ആസ്വദിക്കുന്നു. സാധകൻ ബ്രഹ്മത്തിൽ ലയിക്കുന്നതോടെ അവൻ അഥവാ അവൾ തന്നിലുള്ള നിത്യാനന്ദം ഭാഗിച്ചു നൽകുന്നു. അതുകൊണ്ട് സാധകന ഒരു നഷ്ടവും ഒരു ഭാഗത്തുനിന്നും സംഭവിക്കില്ല. അതിനാൽ ഈ ലീലാനന്ദം ആദ്യമായി സ്വന്തമായ സന്തോഷത്തിന വേണ്ടി സ്വന്തം സൃഷ്ടിച്ചതാണ്. അതദ്ദേഹം ജീവാത്മാക്കൾക്ക് ഭാഗിച്ചു നൽകിയിരിക്കയാണ്. ജീവാത്മാക്കൾ ആ ആനന്ദത്തിന്റെ പങ്കാളികളാണ്. ദൈവം ഈ ആനന്ദം എടുത്തുകളയാൻ ജീവാത്മാക്കളെ അനുവദിക്കുകയില്ല. കൃഷ്ണദാസ കവിത ഇപ്രകാരം പറഞ്ഞു.

‘‘ഗോപി ദരശനെ കൃഷ്നെർ ജെ ആനന്ദ ഹയ് തദാപെക്ഷാ കോടി ഗുണ് ഗോപി ആസ്വാദെയ്’’

അതായത് ജീവാത്മാക്കൾ പരമപുരുഷന്റെ അടുത്തെത്തുമ്പോൾ തന്നെ അദ്ദേഹം ഏറ്റവും വലിയ പരമാനന്ദത്തിൽ അതായത് ലീലാനന്ദത്തിൽ ലയിക്കുന്നു. പക്ഷെ, ജീവാത്മാക്കളുടെ ലീലാനന്ദത്തിന്റെ അളവ് പരമപുരുഷനേക്കാൾ ദശലക്ഷം മടങ്ങാണ്. അതുകൊണ്ടാണ് ആളുകൾ സാധന ചെയ്യാൻ സ്വയം സമർപ്പിക്കുന്നത്. ഒരു സാധകൻ എത്രകാലം സാധന ചെയ്യുന്നുവോ അത്രയും കാലം ആനന്ദിക്കുകയും ലീലാനന്ദത്തിൽ ലയിച്ചിരിക്കുകയും ചെയ്യുന്നു. എപ്പോഴാണോ അവൻ അഥവാ അവൾ വിജയപ്രാപ്തിയിലെത്തുന്നത്,

ബ്രഹ്മത്തിൽ ലയിക്കുന്നത് അപ്പോൾ മുതൽ അവൻ അല്ലെങ്കിൽ അവൾ നിത്യാനന്ദത്തിൽ അകപ്പെടുന്നു. അതിനാൽ ഒരാൾ എപ്പോഴും മുന്നേറണം. ഒരിക്കലും പുറകോട്ടു വരരുത്.

പരമുപുരുഷനടുത്തേക്ക് ഒരാൾ ചലിക്കുന്നതിനനുസരിച്ച് അയാൾ ചെയ്ത എല്ലാ പാപങ്ങളിൽ നിന്നും മോചനം നേടി ശുദ്ധനായി മാറുന്നു. എത്ര കണ്ട് അടുത്തു ചെല്ലുന്നുവോ അത്ര കണ്ട് പാപങ്ങൾ എരിഞ്ഞുതീരുന്നു. ആരാണോ തങ്ങൾ 'പാപികളാണെന്ന്' കരുതുന്നത് അവർക്ക് പരമപുരുഷനെ ലഭിക്കുമോ എന്നുള്ള സംശയമാണ് പലർക്കും. എന്നാൽ അത്തരം ചിന്തകൾ അർത്ഥശൂന്യമാണ്, അനാവശ്യമാണ്, വിഡ്ഢിത്തമാണ്. അതൊരിക്കലും സ്വീകരിക്കരുത്. ഒരിക്കൽ ഞാൻ നിങ്ങളോടു പറഞ്ഞു പാപത്തെപറ്റി ഒരിക്കലും വിഷമിക്കേണ്ട ആവശ്യമില്ലെന്ന്. അഥവാ പാപപരമായ പ്രവൃത്തികൾ ചെയ്യുന്നത് ഞാൻ നിങ്ങളോടു പറഞ്ഞു ഞാൻ ഒരിക്കലും മാനസികമായ പാപങ്ങൾ പാപമായി ഗണിക്കയില്ലെന്ന്. മനസ്സിലുണ്ടാകുന്ന പാപചിന്തകൾ ആത്യന്തികമായി പല പാപങ്ങളായി പ്രവർത്തന മണ്ഡലത്തിൽ വരുന്നു. മാനസികമായ പാപചിന്തകൾ പുറമേക്ക് പ്രകടമാക്കിയില്ലെങ്കിൽ അത് ദണ്ഡനാവിധിക്ക് അഥവാ ശിക്ഷക്ക് വിധേയമാണ്. എന്നാലത് ഒരു പാപമായി ഗണിക്കുന്നില്ല. പ്രസ്തത വ്യക്തി ഒരു ഉപദ്രവവും

സമൂഹത്തോട് ചെയ്യുന്നില്ല. എന്നാൽ ഒരു ഉപദ്രവവും സമൂഹത്തോട് ചെയ്യുന്നില്ല. എന്നാൽ ഒരു പാപപ്രവൃത്തിയാണെങ്കിൽ അത് സമൂഹത്തെ ഉപദ്രവിക്കുന്നതും ശിക്ഷാർഹവുമാണ്. ഇവിടെ ഞാൻ ഒരു കാര്യം വ്യക്തമായി പറയാനാഗ്രഹിക്കുന്നു. നിങ്ങളുടെ മനസ്സിൽ കടന്നുകൂടുന്ന പാപചിന്തകൾ, അതെന്തായാലും ഇതുവരെ ഭൗതിക പ്രവർത്തനങ്ങളിലേക്ക് മാറ്റപ്പെട്ടിട്ടില്ലെങ്കിൽ എത്രയും വേഗം കീർത്തനം ഏറ്റവും ഉറക്കെ ചൊല്ലാൻ തുടങ്ങുക. ഞാൻ ഒരു ലഘുകവിത രചിച്ചു.

‘‘ബാബാനാം കെവലം’’ യത പാപ ഹരെ
പാപീദെർ സാധ്യ നാഇ തത പാപ്കരെ.’’

(ബാബാനാം കേവലം എന്നതിന്റെ ആവർത്തനം ഒരാളുടെ പാപങ്ങളെ നശിപ്പിക്കുന്നു. ഒരു അധമനായ പാപിക്കു പോലും പാപങ്ങൾ കൂട്ടി വെക്കാനാവില്ല.)

14 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 13

# സാധനാ മാർഗ്ഗത്തിൽ വിജയം നേടാനുള്ള മൂന്ന് അടിസ്ഥാന ഘടകങ്ങൾ

## Three Fundamental Factors to Succeed in Sa'dhana' Marga.

ഭൗതിക മാനസിക ആത്മീയ മണ്ഡലങ്ങളിൽ എന്തെങ്കിലും നേടാനുള്ള ഉദ്യമമില്ലാതെ ഒരാൾക്ക് എളുപ്പത്തിൽ വിജയം വരിക്കാനാവില്ല. അതായത് എന്തെങ്കിലും സഫലീകരിക്കാനുള്ള പാത, മുന്നോട്ടു കുതിക്കാനുള്ള വഴി ഒരിക്കലും തിളക്കമുള്ളതാവുകയില്ല. ഈ വിഷയത്തിൽ മൂന്ന് അടിസ്ഥാന കാര്യങ്ങൾ വളരെ ശ്രദ്ധിച്ച് ഓർക്കണം. ആദ്യത്തേത് യോഗ്യതയാണ്. അതായത് സാധകനാവാനുള്ള ചുരുങ്ങിയ യോഗ്യത നേടണം. സദാശിവന്റെ വ്യാഖ്യാനമനുസരിച്ച് സാധകന് ഒരു മനുഷ്യശരീരം ഉണ്ടായിരിക്കണമെന്നാണ്, അതായത് അവനോ അതോ അവളോ മനുഷ്യനായിരിക്കണം എന്നതാണ് അടിസ്ഥാനപരമായ കുറഞ്ഞ യോഗ്യത.

സാധനാ മാർഗ്ഗത്തിൽ വിജയിക്കാനുള്ള രണ്ടാമത്തെ വസ്തുത ഏഴു രഹസ്യമായ നിയമാവലി പഠിക്കുകയും കീഴടക്കുകയും ചെയ്യണം എന്നതാണ്. എന്താണ് വിജയിക്കാനുള്ള ഏഴു നിയമാവലികൾ? ശിവന്റെ പത്നി പാർവ്വതിയാണ് ഈ ചോദ്യം ഉന്നയിച്ചത്. ശിവൻ അതിന് മറുപടി പറഞ്ഞു.

''ഫലിഷ്യതീതി വിശ്വാസസിദ്ധേർ പ്രഥമലക്ഷണം
ദ്വിതീയം ശ്രദ്ധായയുക്തം തൃതീയം ഗുരുപൂജനം
ചതുർത്ഥോ സമതാഭാവോ പഞ്ചമേന്ദ്രിയനിഗ്രഹം
സഷ്ഠഞ്ച പ്രമിതാഹാരോ സപ്തമം നൈവ വിദ്യതേ''.

പാറ്റ്നയിൽ വെച്ച് ഈ കാര്യം ഞാൻ വിശദമായി ചർച്ച ചെയ്തതാണ്. നിങ്ങൾ എന്റെ പ്രഭാഷണം വായിച്ചു നോക്കുക.

അപ്പോൾ ഒരു കർമ്മം ചെയ്യാനുള്ള, ഫലപ്രദമായ വഴി ഏതാണ്? ഒരാൾ തന്റെ ലക്ഷ്യം ഏതെന്നുറപ്പിച്ചാൽ, തന്റെ ലക്ഷ്യം മുൻകൂട്ടി തീരുമാനിച്ചതാണെന്നിരിക്കിലും അതിന്റെ ശരിയായ രീതി അവലംബിച്ചില്ലെങ്കിൽ അത് പരാജയപ്പെട്ടു പോകും. ഈ നടപടിക്രമം ഈ രീതി പ്രണിപാത്, പരിപ്രശ്നം, സേവാ എന്നിങ്ങനെ മൂന്നു രീതിയിൽ വരുന്നു. അതായത് കർമ്മത്തിന്റെ പാതയിൽ മുന്നേറണമെങ്കിൽ ഒരാൾ പൂർണ്ണമായും പ്രണി പാതം, പരിപ്രശ്നം സേവാ തുടങ്ങിയവ പരിചയമുണ്ടാവണം.

പ്രണിപാത എന്നതിനർത്ഥം എന്താണ്? പ്രണിപാത എന്ന വാക്ക് സംസ്കൃത മൂലധാതു 'ഫത്' എന്നതിനോട് പ്ര, നി എന്നീഉപസർഗ്ഗങ്ങൾമുന്നിലും ഘയിൻ എന്ന പ്രത്യയംപിൻചേർക്കുകയും വേണം (പ്ര-നി-പത്+ഘയിൻ) എന്നാണ്. പ്രണിപാത് എന്നതിനർത്ഥം സമ്പൂർണ്ണസമർപ്പണം എന്നാണ്. എന്നാൽ എവിടെയാണ് ഒരാൾ സമർപ്പിക്കുക? ഒരാളുടെ വ്യത്യസ്തമായ ലക്ഷ്യത്തിൽ, സാധകൻ പൂർണ്ണമായി അഹംഭാവമില്ലാതെ ആ രൂപാന്തരപ്പെട്ട വസ്തുവിലാണ് സമർപ്പിക്കേണ്ടത്. ആരിലാണ് ഒരാൾ പൂർണ്ണസമർപ്പണം നടത്തേണ്ടത്. ഒരാൾ സമർപ്പിക്കേണ്ടത് തന്റെ ജീവിതത്തിലെ പരമമായ ലക്ഷ്യത്തിലാണ്. ഒരാളുടെ ഏറ്റവും ഉന്നതമായ അവസ്ഥയിലാണ്.

രണ്ടാമത് പരിപ്രശ്നേന. ജനങ്ങൾ പലപ്പോഴും തന്റെ ബുദ്ധിപരമായ അറിവ് ഉയർത്താൻ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരിക്കും. ചിലപ്പോൾ ചോദ്യം ചോദിക്കുന്നത് ഒരാളുടെ ആഴത്തിലുള്ള അറിവ് അളക്കാനാവും. വീണ്ടും ചിലതെല്ലാം പരിശോധിച്ചറിയാൻ ചില ചോദ്യങ്ങൾ ചോദിക്കും. അത് തന്റെ കർമ്മങ്ങൾ ശരിയായ രീതിയിൽ ചെയ്യാനാണ്. ഇവിടെ പരിപ്രശ്ന എന്നാൽ അർത്ഥം, ചോദ്യങ്ങൾ ഒരാളുടെ ജീവിതത്തിൽ അനുഷ്ഠിക്കാൻ വേണ്ടിയുള്ളതാണെന്നാണ്. ചോദ്യങ്ങൾ ചോദിക്കുന്നത് ശരിയായ നിർദ്ദേശം ലഭിക്കാനാണ്.

അതുവഴി ഒരാൾ മുന്നോട്ട് കുതിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും.

മൂന്നാമത്തെ കാര്യമാണ് സേവാ. സേവാ എന്നാൽ നിസ്വാർത്ഥമായ പ്രവർത്തനമാണ്. ആർക്കാണ് ഈ സേവ നൽകേണ്ടത്? തീർച്ചയായും അത് നൽകേണ്ടത് അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കാണ്. അവരിൽ നാരായണൻ, ബ്രഹ്മം എന്നീ പേരുകൾ ചുമത്തിയാണ് ഈ സേവനം നടത്തേണ്ടത്. ഈ സേവനം അവതരിപ്പിക്കുന്നതു വഴി ഞാൻ അസാധാരണമായി ഒന്നും ചെയ്യുന്നില്ല. എന്നാൽ ഞാൻ അവരോട് കൃപയുള്ളവനാവുകയും ഇങ്ങനെ ഒരവസരം നൽകിയതിന് നന്ദി പറയുകയും ചെയ്യുന്നു. ഇതാണ് സേവനം ചെയ്യുമ്പോൾ ഒരാൾക്ക് അനുഭവപ്പെടേണ്ടത്. എന്നിരുന്നാലും എല്ലാവരും ജീവിതത്തിന്റെ ചലനാത്മകമായ ഭാഗത്തെക്കുറിച്ച് ബോധവാന്മാരാവണം. അത് വിജയിക്കാൻ അതാവശ്യമാണ്. ചലനാത്മകമായത് എന്നത് മറ്റൊന്നുമല്ല. സേവനം എന്നതിന്റെ പ്രധാന നിയമങ്ങൾ അനുസരിച്ചുള്ള പ്രവർത്തനം നടത്തുക എന്നതാണ്. പ്രണിപാത്, പരിപ്രശ്ന, സേവ എന്നതിലെ ജന്മസിദ്ധമായ നിയമങ്ങൾ പാലിക്കുകയാണ്.

15 ഡിസംബർ 1978; കൽക്കത്ത

ഉള്ളടക്കം

അധ്യായം 14

# പരമപുരുഷൻ ഒരേയൊരു ബന്ധു.

Parama Purusìa – the Only Bandhu.

പരമപുരുഷന്റെ ഒരു പേരാണ് ജഗത്ബന്ധു എന്ന്. എന്തുകൊണ്ടാണദ്ദേഹത്തെ ജഗത്ബന്ധു എന്നു വിളിക്കുന്നത്? സംസ്കൃതഭാഷയിൽ ജഗത് എന്ന വാക്ക് 'ഗം' എന്ന മൂലധാതുവിൽ നിന്നും വന്നതാണ്. 'ഗം' എന്നാൽ പോകുക, ചലിക്കുക എന്നാണ്. ജഗത് എന്നാൽ പോകുന്നത് അഥവാ ചലിക്കുന്നത്. പ്രകൃതിപരമായി നംഗത എന്നത് ജന്മസിദ്ധമായ ചലനമാണ്. പോകുക, ചലിക്കുക എന്നതാണ് ഓരോ ദ്രവ്യത്തിന്റേയും സ്വഭാവം. ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ചലിച്ചുകൊണ്ടിരിക്കയാണ്. ഇളകാത്തതായി ഒന്നുമില്ല. ധ്രുവനക്ഷത്രം പോലും നിശ്ചലമല്ല. എല്ലാം ചുറ്റിത്തിരിയുകയാണ്. അതുകൊണ്ടാണ് ഈ പ്രപഞ്ചത്തിന ജഗത എന്ന

പേരു വന്നത്. പരമപുരുഷൻ ജഗത്തിന്റെ ബന്ധു (സുഹൃത്ത്)വാണ്.

എന്താണ് ‘ബന്ധു‘ എന്നതിനർത്ഥം? സംസ്കൃതത്തിൽ ‘ബന്ധു‘ എന്നാൽ തളക്കുക, കെട്ടുക എന്നാണർത്ഥം. ബന്ധു എന്നത് സൂചിപ്പിക്കുന്നത് വേർപെടാനാവാതെ നിൽക്കുന്ന വ്യക്തി അഥവാ സത്ത എന്നാണ്. പരമപുരുഷൻ അഥവാ സഗുണബ്രഹ്മം ഈ പ്രകടമായ പ്രപഞ്ചത്തിൽ അഥവാ ജഗത്തിൽ വളരെയടുത്ത് ദൃഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം വ്യാപകമായി ഓരോ സത്തയുമായും ബന്ധപ്പെട്ടു കിടക്കുന്നു. അത് ജീവനുള്ളതോ അല്ലാത്തതോ ആവാം. അദ്ദേഹം സമ്പൂർണ്ണ ജഗത്തുമായി യോജിപ്പിച്ചിരിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ അദ്ദേഹം പിരിയാനാവാതെ, രക്ഷപ്പെടാൻ കഴിയാതെ എല്ലാമായും സമ്മിശ്രമായി നില കൊള്ളുന്നു. (ഓതപ്രോതയോഗം). അതുകൊണ്ട് ഈ പ്രപഞ്ചത്തിലെ ഒരേയൊരു ബന്ധുവാണ് അദ്ദേഹം. ഭൗതികലോകത്ത് നിങ്ങൾക്കുള്ള മറ്റെല്ലാ ബന്ധുക്കളും നിങ്ങളുടെ ശാശ്വതമായ ബന്ധുക്കളല്ല. ഇന്ന് അവർ നിങ്ങളോടൊപ്പം ഉണ്ടെങ്കിലും അവർ പോകുന്ന ഒരു ദിവസം വരും. അവർ നിങ്ങളിൽ നിന്നും വേർപിരിയും. നിങ്ങൾ ഈ ലോകത്തു നിന്ന് യാത്രയാകുമ്പോൾ ഈ സുഹൃത്തുക്കൾ നിങ്ങളെ അനുഗമിക്കുകയും മൃതശരീരം ചുമക്കുകയും ചെയ്യും. അവർക്ക് എത്ര ദൂരം നിങ്ങളെ പിന്തുടരാനാവും?

അവർ നിങ്ങളെ ശ്മശാനം വരെ അഥവാ ചുടല വരെ നിങ്ങളെ അനുഗമിക്കും. അതുവരെ അനുഗമിച്ച ശേഷം എത്രയും പെട്ടെന്ന് അവർ സ്വന്തം പാർപ്പിടത്തിലേക്ക് പോകും. അതിനാൽ അവർ നിങ്ങളുടെ യഥാർത്ഥ ബന്ധുവല്ല.

സംസ്കൃതത്തിൽ ഒരു ശ്ലോകമുണ്ട്.

‘‘അത്യാഗ സഹനോ ബന്ധുഃ
സദൈവാനുമതഃ സുഹൃദ്
ഏകക്രിയം ഭവേൻമിത്രം
സമപ്രാണാഃ സഖാ സ്മൃതഃ’’

ആരാണോ ഏറ്റവുമധികം സ്നേഹിക്കുന്നവൻ, വേർപാടിന്റെ ദുഃഖം സഹിക്കാൻ കഴിയാതിരിക്കുന്നവൻ അവനെയാണ് ബന്ധു എന്നു പറയുന്നത്. ഈ അർത്ഥത്തിൽ ഈ ലോകത്തിൽ ആർക്കും ബന്ധുവാകാൻ കഴിയില്ല.

ആ ജഗത് ബന്ധുവിന മാത്രമേ പരമപുരുഷന മാത്രമേ നിങ്ങളുടെ ബന്ധുവാകാൻ കഴിയൂ. മറ്റാരും നിങ്ങളുടെ ബന്ധുവല്ല. അദ്ദേഹം മാത്രമാണ് നിങ്ങളുടെ യഥാർത്ഥ ബന്ധു.

‘സദൈവാനുമതഃ സുഹൃദ്.‘ എവിടെയാണോ അഭിപ്രായ വ്യത്യാസമില്ലാത്തത്, എവിടെയാണോ ആശയ സംഘട്ടനങ്ങളോ ആദർശ സംഘർഷമോ മറ്റൊരാളുമായി ഇല്ലാത്തത് അത്തരം വ്യക്തിയെ സുഹൃത്ത് എന്നു പറയുന്നു. ഈ ലോകത്ത് നിങ്ങൾക്ക് ഒരിക്കലും ഒരു സുഹൃത്താവാൻ കഴിയില്ല. അഭിപ്രായ

വ്യത്യാസങ്ങൾ എപ്പോഴും ഉണ്ടാവും. കുടുംബത്തിൽ തന്നെ സഹോദരനും സഹോദരിയും തമ്മിൽ, അച്ഛനും അമ്മയും തമ്മിൽ, ഭാര്യയും ഭർത്താവും തമ്മിൽ കലഹങ്ങൾ ഉണ്ടാവും. അതുകൊണ്ട് കുടുംബത്തിലും സമൂഹത്തിലും നിങ്ങൾക്ക് ഒരു സുഹൃത്തിനെ കാണാൻ കഴിയുകയില്ല.

ഏകക്രിയം ഭവേൻമിത്രം

ഒരേ കാര്യത്തിൽ ഏർപ്പെട്ടവരും ഒരേ ജോലിയിൽപ്പെട്ടവരും തമ്മിലുള്ള ബന്ധത്തെ സംസ്കൃതത്തിൽ മിത്രം എന്ന് പറയുന്നു. ഇംഗ്ലീഷ് ഭാഷയിൽ അതിനെ Clleague എന്നു പറയുന്നു. ഈ ലോകത്ത് നിങ്ങൾക്ക് ധാരാളം മിത്രങ്ങളെ കാണാം. രണ്ടു ഡോക്ടർമാർ മിത്രങ്ങളാണ്. അതുപോലെ രണ്ടു വക്കീൽമാർ. ഈ മിത്രങ്ങളെല്ലാം നിങ്ങളുടെ തുല്യപദവിയിലുള്ളവരാണ്. ഇവർ നിങ്ങളുടെ ഭൗതിക ശരീരം നില നിൽക്കുന്നിടത്തോളം മാത്രമേ ഉണ്ടാവൂ. നിങ്ങൾ മരിക്കുന്നതോടെ ശരീരം ഉപേക്ഷിക്കുന്നതോടെ നിങ്ങളുടെ മാനസികസത്തയും ഭൗതിക ശരീരവും വേർപിരിയുന്നതോടെ നിങ്ങളുടെ എല്ലാ മിത്രങ്ങളും നിങ്ങളോടൊപ്പം ഇല്ലാതെ വരുന്നു. നിങ്ങളുടെ ശരീരത്തിൽ മനസ്സുള്ളേടത്തോളം മാത്രമേ അവർ നിങ്ങളോടൊപ്പമുണ്ടാവൂ. അതുകൊണ്ട് നിങ്ങൾക്കുണ്ടാവുന്ന സുഹൃത്തുക്കൾ അതായത് മിത്രങ്ങൾ ശരിക്കും ശാശ്വതമായ മിത്രങ്ങളല്ല.

സംസ്കൃതഭാഷയിൽ അലിംഗവചനത്തിൽ മിത്രം എന്ന വാക്കുപയോഗിക്കുമ്പോൾ ഇംഗ്ലീഷിൽ തുല്യമായ പദംClleague എന്നാണ്. എന്നാൽ പുല്ലിംഗവചനത്തിൽ അതിന്റെ അർത്ഥം സൂര്യൻ എന്നാണ്.

സഖാസ്മൃതഃ- എപ്പോഴാണോ സ്നേഹവും ഭക്തിയും ആഴത്തിലുള്ളത് അത് രണ്ടു ശരീരങ്ങൾക്ക് ഒരു ആത്മാവെന്ന പോലെയാണ്. അങ്ങനെയുള്ള ഇരട്ടവ്യക്തികളെയാണ് സഖാവ് എന്ന് പറയുന്നത്. ഭക്തൻ പരമപുരുഷന്റെ സഖാവാണ്. കാരണം ഭക്തന് പരമപുരുഷനിൽ നിന്നും അവനെ അല്ലെങ്കിൽ അവളെ വേറിട്ടു കാണാൻ കഴിയുകയില്ല. ഇവിടെ അവനോ അവളോ ദൈവത്തിൽ നിന്നും വേർപെട്ടുവെന്ന കാര്യം മറന്നു പോവുന്നു. അതുകൊണ്ടാണ് പരമപുരുഷൻ ഭക്തന്റെ സഖാവാകുന്നത്. അതു പോലെ ഭക്തന് പരമപുരുഷനും സഖാവാണ്.

ഈ കാരണത്താലാണ് അർജുനൻ ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണനെ സഖാവായി അഭിസംബോധന ചെയ്യുന്നത്. അതുപോലെ ശ്രീകൃഷ്ണനും അർജ്ജുനനെ സഖാവെന്ന തന്നെ വിളിക്കുന്നത്.

നിങ്ങൾ ഈ സത്യം ഓർക്കണം. ഈ ലോകത്തിൽ നിങ്ങളുടെ ഒരേയൊരു അഭ്യുദയകാംക്ഷി, ഒരേയൊരു മിത്രം, ഒരേയൊരു സഖാവ്, പരമ പുരുഷൻ മാത്രമാണ്. നിങ്ങൾ ഇക്കാര്യം അറിയണം. അഥവാ ആ അനന്തമായ സത്ത മാത്രമാണ്. അതുകൊണ്ട്

ജീവിതത്തിന്റെ ഓരോ മണ്ഡലത്തിലും അദ്ദേഹത്തിന്റെ (ഒരേയൊരു ബന്ധുവിന്റെ) കരങ്ങൾക്ക് ശക്തി പകരണം.

16 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 15

# ആയിരം തലകളുള്ള പുരുഷൻ

## Thousand-Headed Purus’a’.

എന്തെല്ലാമാണോ അവൻ അറിയുന്നത്, എന്തെല്ലാമാണോ അവൻ നേടുന്നത് അതിനെല്ലാം കാരണമായി ഭവിക്കുന്ന ഒരു ബലവത്തായ ശക്തി ഓരോ ചലനത്തിനു പിന്നിലുമുണ്ടെന്ന് വളരെക്കാലം മുൻപു തന്നെ മനുഷ്യൻ സാവധാനം മനസ്സിലാക്കാൻ തുടങ്ങി. അതിൽപിന്നെ മനുഷ്യർ ഒരാഗ്രഹം വളർത്തിക്കൊണ്ടു വന്നു. ആ അപാരശക്തിയിൽ എത്താനും ജേതാവാകാനും. ഈ അത്യാകാംക്ഷയിലൂടെ, ഈ ഔത്സുക്യത്തിൽ നിന്നും അറിയാനും നേടാനുമുള്ള മനുഷ്യന്റെ ആശ അതായത്

ധർമ്മബുദ്ധി (ധർമ്മത്തിന്റെ മേധാശക്തി) വളർന്നുവരികയും മനസ്സിൽ വികാസം പ്രാപിക്കുകയും ചെയ്തു. ധർമ്മബുദ്ധി ഉണർന്നുവന്ന അതേ സമയത്ത് അതേ ദിവസം തന്നെ മനുഷ്യർ ശരിയായ മനുഷ്യനായിത്തീർന്നു. അതിനുമുൻപ് മനുഷ്യന്റെ അവസ്ഥ മൃഗങ്ങളുടേയും പക്ഷികളുടേയും പോലെയായിരുന്നു. ആ കാലഘട്ടത്തിൽ മനുഷ്യബുദ്ധി ഇന്നത്തെപോലെ വിശാലമായി വികസിച്ചിരുന്നില്ല. എന്നാൽ പരമപുരുഷനെ നേടാനുള്ള പ്രയത്നത്തിൽ, മനുഷ്യർ അവരുടെ ചിന്തകളും പ്രയത്നവും വിജയത്തിനു വേണ്ടി തിരിച്ചുവിട്ടു. പരമപുരുഷനിൽ നിന്നും വിവിധ ലക്ഷ്യങ്ങൾ ആർജ്ജിക്കാൻ എനിക്കിതു തരൂ, എന്റെ ശത്രുക്കളെ നശിപ്പിക്കൂ തുടങ്ങിയ കാര്യങ്ങൾ ആവശ്യപ്പെടുകയും ചെയ്തു.

എന്നെ സുന്ദരനാക്കൂ, എനിക്ക് വിജയം നേടിത്തരൂ, ബഹുമതികൾ എന്നിൽ ചൊരിയൂ, എനിക്കിതു തരൂ, അതു തരൂ, എന്റെ ശത്രുവിനെ വധിക്കൂ, ഇതൊക്കെയായിരുന്നു ചരിത്രാതീത കാലത്തെ ജനങ്ങളുടെ ധർമ്മചക്രം (ധാർമ്മിക പരിശീലനം) പിന്നീട് മനുഷ്യർക്ക് കാര്യങ്ങൾ മനസ്സിലാവുകയും, എന്താണെന്റെ അഭിലാഷം, അതുതന്നെയാണോ എന്റെ യഥാർത്ഥ ആവശ്യകത? എന്നുള്ള ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുകയും ചെയ്തു. എനിക്കെന്താണ് ആവശ്യമെന്ന് മനസ്സിലാവുന്നുണ്ടോ? ഞാൻ എന്നേക്കാളും ആയിരം മടങ്ങ് ബുദ്ധിശക്തിയുള്ള ആ

സത്തയെ എന്റെ ഏറ്റവും പ്രിയപ്പെട്ട ബന്ധുവിനെ കൂടുതൽ അറിയുന്നുണ്ടോ?

മനുഷ്യ മസ്തിഷ്കത്തിന്റെ വിസ്തൃതി എത്രയാണ്? മനുഷ്യ മസ്തിഷ്കത്തിന വശമാക്കാവുന്ന വിസ്തൃതി എത്ര മാത്രമാണ്? മനുഷ്യ വർഗത്തിന്റെ ഇഷ്ടം ഇഷ്ടം മാത്രമല്ല എല്ലാറ്റിന്റേയും സ്രോതസ്സ്, ഏതിൽ നിന്നാണോ മനുഷ്യരുടെ ആവിർഭാവം. ഏതിലാണ് എല്ലാം ലയിക്കുന്നത്, ഒരു ദിവസം ഏതിലേക്കാണ് എല്ലാം തിരിച്ചു പോവുന്നത് അദ്ദേഹത്തിന്റെ ശക്തിയല്ല. മനുഷ്യരുടെ ബുദ്ധിശക്തിയേക്കാൾ പതിന്മടങ്ങ് ശക്തിയുള്ളതാണ് അദ്ദേഹത്തിന്റേത്. പരമപുരുഷൻ എല്ലാറ്റിനും സാക്ഷിയാണ്. അദ്ദേഹം തീവ്രമായ നിരീക്ഷണം നടത്തുന്നു. എല്ലാത്തിന്റേയും തുടർച്ചയായ നിരീക്ഷണം നടത്തുന്നു. ഇതിൽ കൂടുതലെന്താണ്എനിക്കദ്ദേഹത്തോട് ചോദിക്കാനാവുക? എനിക്കെന്താണ് ആവശ്യമെന്ന് അദ്ദേഹത്തിന എന്നേക്കാൾ നന്നായി അറിയാം.

രണ്ടോ മൂന്നോ മാസം പ്രായമുള്ള ഒരു കുഞ്ഞിന് അതിന്റെ ആവശ്യങ്ങൾ എന്താണെന്നറിയില്ല. എന്നാൽ അമ്മക്ക് അത് നന്നായറിയാം. എല്ലാം അറിയാം. അമ്മയുടെ ശ്രദ്ധ ക്ഷണിക്കാൻ കുഞ്ഞ് കരയുക മാത്രം ചെയ്യുന്നു. അമ്മയുടെ ജോലി എന്താണ്? കുട്ടിക്കത് അറിയില്ല. എന്നാൽ തന്റെ ആവശ്യങ്ങളിൽ അമ്മ ശ്രദ്ധ പതിപ്പിക്കണമെന്ന് കുഞ്ഞിനറിയാം. കുഞ്ഞ് പരിഭവം പ്രകടമാക്കുന്നു. അതൃപ്തി രേഖപ്പെടുത്തുന്നു.

തനിക്കെന്തോ ആവശ്യമുണ്ടെന്ന് കുട്ടിക്ക് അനുഭവപ്പെടുന്നു. അമ്മ ധൃതിവെച്ച് കടന്നു വരികയും കുഞ്ഞിനെ പരിശോധിക്കുകയും ചെയ്യുന്നു. പരിശോധിച്ചപ്പോൾ തണുപ്പനുഭവപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു. വേഗത്തിൽ അമ്മ ഒരു പുതപ്പു കൊണ്ടുവന്ന് കുഞ്ഞിനെ പുതപ്പിക്കുന്നു. കുഞ്ഞ് കരച്ചിൽ നിർത്തുന്നു. അല്ലെങ്കിൽ കുഞ്ഞിന് വിശക്കുന്നുവെന്ന് മനസ്സിലാക്കുന്നു. പാൽ ആവശ്യമാണെന്ന് കണ്ടെത്തുന്നു. അപ്പോൾ കുഞ്ഞിനെ പാൽ കുടിപ്പിക്കുന്നു. ഇത്തരം ആവശ്യങ്ങൾക്കെല്ലാം കുഞ്ഞ് കരയുന്നു. അമ്മ ആവശ്യം മനസ്സിലാക്കുന്നു. അത്രമാത്രം.

പരമപുരുഷനാണ് ഈ പ്രപഞ്ചത്തിന്റെ പിതാവ്. എല്ലാവരുടേയും ആവശ്യങ്ങൾ അദ്ദേഹം കൃത്യമായും മനസ്സിലാക്കുന്നു. ഒരാൾ അദ്ദേഹത്തോട് കരഞ്ഞ് അപേക്ഷിച്ചില്ലെങ്കിലും അദ്ദേഹം തന്റെ ജോലി ശരിയായി ചെയ്യും. എന്നാൽ അൽപം കരഞ്ഞു പറയുന്നത് മാനസികമായി സംതൃപ്തി മാത്രം നൽകിയേക്കും. അല്ലാതെ ഇതിൽ വലിയ കാര്യമൊന്നുമില്ല. മനുഷ്യർ തന്റെ പരിമിതമായ കഴിവുമായാണ് ഈ പ്രപഞ്ചത്തിൽ വന്നത്. എന്നാൽ അവരുടെ പൊങ്ങച്ചം കൊണ്ടും അഹംഭാവം കൊണ്ടും അവർക്ക് വലിയ ബുദ്ധിശക്തിയുണ്ടെന്നും, വളരെയൊക്കെ കഴിവുണ്ടെന്നും വിചാരിക്കുന്നു. അവസാനം വളരെയധികം അബദ്ധങ്ങൾ കാണിക്കുന്നു.

അപ്പോൾ പരമ പുരുഷൻ വിചാരിക്കും അവൻ ഒരു കഴിവുള്ള മനുഷ്യനാണെങ്കിൽ, വളരെ ബുദ്ധിമാനാണെങ്കിൽ പിന്നെ എന്തുകൊണ്ട് സ്വന്തം കാര്യങ്ങളിൽ ശ്രദ്ധിച്ചുകൂടാ. സ്വയം എല്ലാ കാര്യങ്ങളും ചെയ്തുകൂടാ.

ഒരു മനുഷ്യൻ മറ്റൊരാളോട് വാക്കു നൽകുന്നു. 'നിങ്ങൾ നാളെ 8 മണിക്ക് വരൂ. ഞാൻ വാക്കു പാലിക്കുന്നവനാണ്. 8 മണിക്കു തന്നെ വരണം.' എന്നാൽ 8 മണിക്ക് അയാൾ അന്തരിച്ചു. ഇനി ജീവിതത്തിലൊരിക്കലും അയാൾക്ക് 8 മണി വരികയില്ല. അതുകൊണ്ട് സമർത്ഥനായ ഒരു വ്യക്തി പറയും. ദൈവേച്ഛയുണ്ടെങ്കിൽ, പരമ പുരുഷന്റെ അനുഗ്രഹമുണ്ടെങ്കിൽ നമുക്ക് രാവിലെ 8 മണിക്ക് കാണാം. ഒരാൾ ഇങ്ങനെ പറഞ്ഞാൽ ചുരുങ്ങിയത് അവനോ അവളോ വാക്കുകളിൽ സത്യസന്ധത പുലർത്താനാവുന്നു. അതുപോലെ ഒരാൾക്ക് ഈ വാക്കുകൾ ഉറക്കെ പറയാനാവില്ലെങ്കിലും അത് മനസ്സിൽ പറയുന്നു. 'അതെ ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ നാളെ 8 മണിക്കു തന്നെ വരൂ' ആത്മഗതത്തെ പറ്റി നിങ്ങൾ കേട്ടിട്ടില്ലേ? ഡ്രാമയിലും തിയേറ്ററിലും അത് സാധാരണയാണ്. അതിനാൽ മനുഷ്യന്റെ കഴിവ് വളരെ കുറവാണ്. വളരെ പരിമിതമാണ്. പരമപുരു ഷനാകട്ടെ:

സഹസ്രശീർഷ പുരുഷഃ സഹസ്രാക്ഷ സഹസ്രപാദ്,

സ ഭൂമിം വിശ്വതോ വൃത്ത്വാ അത്യാതിഷ്ഠദ്ദശാശാങ്ഗുലം.

പുരുഷ ഇവേദം സർവ്വം യദ്ഭൂതം യച്ച ഭവ്യം

ഉതാമൃതത്വസ്യേശാനോ യദന്നേനാതിരോഹിത.

പരമപുരുഷന്റെ സ്വഭാവം എന്താണ്? ലൗകിക സംസ്കൃതത്തിൽ സഹസ്രം എന്നാൽ ഒരായിരം എന്നാണർത്ഥമെന്ന് നിങ്ങൾ അറിയണം. ഹസാര എന്നത് ഒരു പേർഷ്യൻ വാക്കാണ്. എന്നാൽ വൈദിക സംസ്കൃതത്തിലെ സഹസ്രാര എന്നതിന് അവസാനമില്ലാത്തത് എന്നാണർത്ഥം. എണ്ണമില്ലാത്തത് അതായത് എണ്ണിത്തീർക്കാൻ പറ്റാത്തത്. യുഗങ്ങൾക്കു മുൻപ് മനുഷ്യർക്ക് സംഖ്യകൾ എണ്ണാനറിയില്ലായിരുന്നു. അവർ സഹസ്രം എന്നതിന് എണ്ണാനാവാത്ത, ധാരാളം എന്നാണ് അർത്ഥമായെടുത്തത്. ഉദാഹരണമായി യഥാർത്ഥത്തിലുള്ള ചില ആദിവാസികൾക്ക് 20 ആയിരുന്നു ഏറ്റവും വലിയ സംഖ്യ. അന്നത്തെ മനുഷ്യർ ഒന്നിന് ഒരു വിരൽ കാണിക്കും. രണ്ടിന് രണ്ടു വിരൽ, ഒരു കൈ മുഴുവൻ കാണിക്കുമ്പോൾ അഞ്ച്. അതായത് പാഞ്ച, അല്ലെങ്കിൽ പൈൻച. പേർഷ്യൻ ഭാഷയിൽ പായിൻജ എന്നാൽ അഞ്ച്. പത്തിന് അവർ രണ്ടു കൈകളും കാണിക്കും. പതിനഞ്ചിന് രണ്ടു കൈകളും ഒരു കാലും കാണിക്കും. ഇരുപതാകുമ്പോൾ രണ്ടു കാലുകളും രണ്ടു കൈകളും. അതായത് ശരീരം മുഴുവൻ. ആസ്ട്രിക് ഭാഷയിൽ

കുഡ് എന്ന പദത്തിന് ഒരു മനുഷ്യശരീരം മുഴുവൻ എന്നാണർത്ഥം. കുറി എന്നാൽ ഒരു മനുഷ്യന്റെ പൂർണ്ണ ശരീരം. ബംഗാളി വാക്കായ വിശ് എന്നത് വിംശ. എന്ന സംസ്കൃത വാക്കിൽ നിന്നും വന്നതാണ്. കുറി എന്ന വാക്ക് ആര്യഭാഷയുടെ ഒരുപ ഭാഷയിൽ നിന്നും വന്നതാണ്. അത് ശുദ്ധമായ ബംഗാളിയാണ്. ഇപ്പോഴും അവികസിതമായ ചില കച്ചവടഗ്രൂപ്പുകാർ ഒരു കുറി, രണ്ടു കുറി എന്നിങ്ങനെ വാങ്ങുമ്പോഴും വിൽക്കുമ്പോഴും ഉച്ചരിക്കാറുണ്ട്. പുരാതനകാലത്ത് സഹസ്രം എന്ന വാക്ക് എണ്ണാനാവാത്ത അഥവാ അസംഖ്യം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. അയാൾ എന്താണ് സഹസ്രശീർഷ പുരുഷ എന്നതിനർത്ഥം? അതിന്നർത്ഥം പരമപുരുഷന് അസംഖ്യം തലച്ചോറുണ്ട്, ഒന്നോ രണ്ടോ കുറച്ചോ അല്ല എന്നാണ്. മറ്റൊരർത്ഥത്തിൽ മനുഷ്യന് ഒരു ചെറിയ തലയോട്ടിക്കുള്ളിൽ ഒരു കൊച്ചു തലച്ചോറേ ഉള്ളൂ എന്നതാണ്. എന്നിട്ടും മനുഷ്യർ വീരവാദം മുഴക്കുന്നു. ഞാൻ ഇതാണ്, അതാണ്, ഞാൻ വിശാലമായി പഠിച്ച വ്യക്തിയാണ്. ഞാൻ ഒരു പണ്ഡിതനാണ് എന്നൊക്കെ വിളിച്ചു പറയുന്നു. എന്നാൽ സമർത്ഥരായ മനുഷ്യർ പൊങ്ങച്ചം പറയുകയില്ല. ഒരു പക്ഷേ അവരിതൊക്കെ മനസ്സിൽ പറഞ്ഞേക്കാം. എന്നാൽ അൽപം വിഡ്ഢികളായ മനുഷ്യർ ഉറക്കെ വീരവാദം

മുഴക്കുന്നു. അവർ പണ്ഡിതന്മാരാണെന്ന് പ്രഖ്യാപിക്കുന്നു.

സഹസ്ര ശീർഷ പുരുഷ എന്നതിനർത്ഥം പുരേ ശേതേ യഃ സഃ പുരുഷ, അല്ലെങ്കിൽ പുരശി ശേതേ യഃ സഃ പുരുഷഃ അതായത് പരമപുരുഷൻ. നിങ്ങളുടെ മുൻപിൽ ഇവിടെക്കിടക്കുന്നു. എന്നാൽ അദ്ദേഹം എന്തോ ചെയ്യുന്നു. എന്താണദ്ദേഹം ചെയ്യുന്നത്? നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. നിങ്ങൾ ചെയ്യുന്നതിനെല്ലാം അദ്ദേഹം സാക്ഷിയായി നിൽക്കുന്നു. അദ്ദേഹം ഒന്നിലും സ്വയം ഇടപെടുന്നില്ല. സമയം വരുമ്പോൾ അദ്ദേഹം തന്റെ അഭിപ്രായം പറയും. അതുകൊണ്ട് ഇത് സഹർഷശീർഷ പുരുഷനാകുന്നു. അദ്ദേഹം അസംഖ്യം തലച്ചോറുകൾ കൈവശം വെച്ചിരിക്കുന്നു. നിങ്ങളുടെ ചെറിയ തലച്ചോറു കൊണ്ട് നിങ്ങൾക്കെന്തു നേടാനാവും? സമയം ഓടിക്കൊണ്ടിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തോടു പറയണം. നിങ്ങൾക്ക് ധാരാളം തലച്ചോറുകളുണ്ട്. അപ്പോൾ പ്രഭോ അങ്ങ് എന്നെക്കുറിച്ച് ചിന്തിക്കണം. എന്റെ ഒറ്റ തലച്ചോറു വെച്ച് എനിക്കെന്തു ചെയ്യാൻ കഴിയും? കണ്ണുനീർ വീഴ്ത്തിക്കൊണ്ട് ആരെങ്കിലും അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നതാണിത്.

സഹസ്ര ശീർഷാപുരുഷഃ സഹസ്രാക്ഷ സഹസ്രപാദ്, പരമപുരുഷന എണ്ണാനാവാത്ത അത്ര കണ്ണുകളുണ്ട്. ഒരു ജോഡി കണ്ണുകൾ കൊണ്ട് ഒരു

വ്യക്തിക്ക് എന്തൊക്കെ കാണാനാവും? അത്തരം ഒരാൾക്ക് അധികദൂരം കാണാനാവില്ല. എന്നാൽ പരമപുരുഷന എണ്ണിയാലൊടുങ്ങാത്തത്ര കണ്ണുകളുണ്ട്. അദ്ദേഹം സഹസ്രാക്ഷനാണ്. അദ്ദേഹം എല്ലാറ്റിനും സാക്ഷിയാകുന്നു. അദ്ദേഹത്തിൽ നിന്നും ഒന്നും ഒളിക്കാനാവില്ല. എന്തുകൊണ്ട്? അദ്ദേഹം എല്ലാം കാണുന്നു. ഈ ജഗത്തുണ്ടായതു തന്നെ അദ്ദേഹത്തിന്റെ ചിന്താതരംഗത്തിൽ നിന്നാണ്. അതിനാൽ എല്ലാ സൃഷ്ടികളും എല്ലാ വസ്തുക്കളും അദ്ദേഹത്തിന്റെ ചിന്തകളിൽ പൊങ്ങിക്കിടക്കുന്നു. ചിന്താ തരംഗത്തിൽ ചലിച്ചു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വലയത്തിൽ ധാരാളം തരംഗങ്ങൾ ചുറ്റിത്തിരിയുന്നു. പല നീളത്തിലുമുള്ളവയാണത്. നിരവധി കമ്പനങ്ങളും പ്രകമ്പിത ഭാവങ്ങളും അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഒന്നു തന്നെ ഒളിച്ചു വെക്കാനില്ല. ഒളിപ്പിച്ചു വെക്കുക എന്നത് തീരെ സാധ്യമല്ലാത്ത കാര്യമാണ്. പരമപുരുഷൻ സ്വയം ചിലതൊക്കെ സാക്ഷിയാവേണ്ട ഒന്നും കേൾക്കേണ്ട എന്ന് വിചാരിച്ചാൽ പോലും അതദ്ദേഹത്തിനു തന്നെ അസാധ്യമാണ്. ഏതെങ്കിലും ഒരാൾ തന്റെ കഠിന നേത്രത്താൽ കാണേണ്ടെന്ന് കരുതിയാൽ അവന തന്റെ കണ്ണുകൾ അടച്ചു പിടിക്കാം. എന്നാൽ മനസ്സിലുണ്ടായ രൂപം അതേപടി അവിടെ നിലനിൽക്കും. അതുകൊണ്ട് ഒന്നും കാണാതിരിക്കാൻ ശ്രമിച്ചാൽ തന്നെ കണ്ണടക്കുന്നതത്ര പ്രായോഗികമല്ല.

കാരണം മനസ്സാകുന്ന നേത്രങ്ങൾക്ക് കൺപോളകളില്ല. അതുകൊണ്ട് സൗകര്യം പോലെ അടക്കാനുമാവില്ല.

'സഹസ്രസപാദം' എണ്ണമില്ലാത്ത പാദങ്ങൾ. എനിക്ക് പാറ്റനയിൽ പോകണമെന്ന് വിചാരിക്കുക. ആ ട്രിപ്പിനെപറ്റി ആലോചിക്കുകയും യാത്രാ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. എങ്ങനെ പോകണം? വീട്ടിൽ നിന്ന് എപ്പോൾ പുറപ്പെടണം? എപ്പോഴാണ് ഞാൻ അവിടെയെത്തുക? തുടങ്ങിയ കാര്യങ്ങൾ ചിന്തിക്കണം. ഇതുകൂടാതെ നിരവധി വസ്തുവഹകൾ കൂടി വേണം. ധാക്കയിൽ നിന്നും വാർത്ത വരുന്നു. ഒന്നും തന്നെ ഒരുക്കിയിട്ടില്ല എന്ന്. അതുകൊണ്ട് പാസ്പോർട്ട്, വിസ, ട്രെയിൻ അഥവാ വിമാനചാർജ് തുടങ്ങിയവ ഏർപ്പാടു ചെയ്യണം. ഇതെല്ലാം വേണ്ടി വരുന്നത് നിങ്ങൾക്ക് കൽക്കത്തയിൽ മാത്രമാണ് താവളം. നിങ്ങൾ തേജ് ഗൗണിൽ (ബംഗ്ലാദേശ്) എത്തണമെന്ന് വിചാരിക്കുക. അപ്പോൾ രണ്ടു കേന്ദ്രങ്ങൾക്കിടയിലുള്ള ഏതാനും ദൂരം യാത്ര ചെയ്യേണ്ടതുണ്ട്. എന്നാലവർക്ക് ഡംഡമിൽ ഒരു പാദവും മറ്റൊരു പാദം തേജ് ഗൗണിലും ആണെങ്കിൽ അയാൾക്ക് കൽക്കത്തയിൽ നിന്നും യാത്ര ചെയ്യേണ്ട പ്രത്യേക സാഹചര്യം ഉണ്ടാവുന്നില്ല. ഡാക്കാ നിവാസികൾ അവർ ഡാക്കയിലാണെന്ന് പ്രഖ്യാപിക്കും. കാരണം അവർക്ക് ഡാക്കയിൽ ആവാസമുണ്ട്. എന്നാൽ കൽക്കത്തയിലുള്ളവർ പറയും ഞങ്ങൾ കൽക്കത്തയിലാണെന്ന്. സഹസ്രസപാദ

എന്നാൽ എണ്ണാനാവാ ത്തത്ര പാദങ്ങൾ. അതിനാൽ അദ്ദേഹത്തിന ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്ക് യാത്ര ചെയ്യേണ്ട ആവശ്യം വരുന്നില്ല.

“ അപാനിപാദോ യവനോ ഗ്രഹീതാ
പശ്യത്യചക്ഷുഃ സ ശൃണോത്യകർണ്ണഃ
സ വേത്തി വേദ്യം ന ച തസ്യാസ്തി വേത്താ
തമാഹുരഗ്ര്യം പുരുഷം മഹാന്തമ്.”

പാണി എന്നാൽ കരത്തിന്റെ മുൻഭാഗം. ഇംഗ്ലീഷ് ഭാഷയിൽ (cerebral) എന്നു പറയുന്നു. വീണാപാണി എന്നതിലെ ഉച്ചാരണം ന മസ്തിഷ്കപരമായത്. ബംഗാളിയിൽ അത് തെറ്റായി ഉച്ചരിക്കുന്നു. അപാനിപാദ എന്നാൽ കൈകൾ ഇല്ല. കൈപ്പത്തിയില്ല എന്നർത്ഥം. ആരെങ്കിലും നിങ്ങൾക്കെന്തെങ്കിലും സമ്മാനിക്കുന്നുവെങ്കിൽ ബഹുമാനത്തോടെ കൈകൾ നീട്ടി അത് സ്വീകരിക്കും. എന്നാലാ സത്തക്ക് കൈകളോ കൈപ്പത്തിയോ കാലോ ഇല്ലാതെ എല്ലായിടത്തും ചുറ്റിത്തിരിയുകയാണെങ്കിൽ കൈകൾ നീട്ടുകയില്ല. പക്ഷെ അയാൾ അത് സ്വീകരിക്കുന്നു. അദ്ദേഹമാണ് എല്ലാറ്റിന്റേയും സ്വീകർത്താവ്. ‘പശ്യത്യ ചക്ഷുഃ’ എന്നാൽ ലൗകിക ചക്ഷുഃ, ലൗകികമായ കണ്ണുകൾ, അപകഩമായ കണ്ണുകൾ, അദ്ദേഹത്തിന അത്തരം കണ്ണുകളില്ല. എന്നാലും അദ്ദേഹം എല്ലാം നിരീക്ഷിക്കുന്നു, മനസ്സിലാകുന്നു. കണ്ണിലൂടെ അദ്ദേഹം എല്ലാറ്റിനും സാക്ഷിയാകുന്നു. ആന്തരികമായ

കണ്ണുകൾ ഉപയോഗിച്ച്. അദ്ദേഹത്തിനതു ചെയ്യാനാവുന്നത് എല്ലാം അദ്ദേഹത്തിൽ ഉൾക്കൊള്ളുന്നതുകൊണ്ടാണ്. അദ്ദേഹത്തിന ലൗകികമായ കണ്ണുകളുടെ ആവശ്യമില്ല.

അതുപോലെ അദ്ദേഹം ആന്തരികമായ ചെവിയിലൂടെ കേൾക്കുന്നു. എല്ലാവരും ചിന്തിക്കുന്നതും മനസ്സുകൊണ്ട് ധ്യാനിക്കുന്നതും അദ്ദേഹം കേൾക്കുന്നു. എന്താണ് മാനസികമായ ചിന്താതരംഗങ്ങൾ? ജനങ്ങൾ ചിന്തിക്കുമ്പോൾ എന്താണ് ആ ചിന്ത? ചിന്ത അഥവാ വിചാരം എന്നത് മറ്റൊന്നുമല്ല. മനസ്സുകൊണ്ട് വ്യവഹരിക്കലാണ്. നിങ്ങൾ മനസ്സുകൊണ്ട് നിങ്ങളോടു തന്നെ സംസാരിക്കുകയാണ്. നിങ്ങൾ മാതൃസഹോദരന്റെ അടുത്തേക്ക് പോകുകയാണെന്ന് ചിന്തിക്കുക. ഞാൻ അമ്മാവനോട് ചിലതെല്ലാം പറയുന്നു. ഈ കാര്യങ്ങളെല്ലാം ചിന്തിക്കുകയാണെന്ന് വെച്ചാൽ അതിനർത്ഥം നിങ്ങൾ നിങ്ങളോടു തന്നെ സംസാരിക്കുകയാണ്. നിങ്ങളുടെ മനസ്സിന്റെ അന്തരാളത്തിൽ കുടികൊള്ളുന്ന സത്ത എല്ലാം കേൾക്കുന്നു. സംഭാഷണം മനസ്സിലാക്കുന്നു.

സ ശൃണോത്യകർണഃ, ഒരാൾക്ക് അയാളുടെ അപകർമായ ചെവി കൊണ്ട് ഒന്നും കേൾക്കാനാവില്ല. ആദ്യം അടുത്തുള്ള ശബ്ദങ്ങളേ കേൾക്കൂ. 'സ വെത്തി വേദ്യം ന ച തസ്യാസ്തി വെത്താ'. അദ്ദേഹം എല്ലാമറിയുന്നു. എന്നാൽ അദ്ദേഹത്തെ അറിയാൻ

രണ്ടാമതൊരു സത്തയില്ല. കാരണം അദ്ദേഹം നിങ്ങളുടെ മനസ്സിലില്ല. പക്ഷേ, നിങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ട്. അപ്പോൾ എങ്ങനെയാണദ്ദേഹത്തെ അറിയുക? അദ്ദേഹമാണ് അഗ്രപുരുഷൻ അഥവാപരമപുരുഷൻ. സഹസ്രപാദ എന്നാൽ അദ്ദേഹം എല്ലായിടത്തുമുണ്ട് എന്നാണ്. എല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ സ്ഥിതി ചെയ്യുന്നു. നിങ്ങൾ താരകേശ്വരനെ പറ്റി ചിന്തിക്കുകയാണെന്ന് കരുതുക. നിങ്ങളുടെ മനസ്സിൽ താരകേശ്വര റയിൽവേ സ്റ്റേഷനും താരകേശ്വരക്ഷേത്രവും പ്രത്യക്ഷമാവുന്നു. രണ്ടും പുറത്തല്ല. അതുപോലെ ഒന്നും അദ്ദേഹത്തിന്റെ മനസ്സിനു പുറത്തല്ല. അതായത് അദ്ദേഹം എല്ലായിടത്തുമുണ്ട്.

'സ ഭൂമിം വിശ്വതോ വൃത്ത്വാഅത്യതിഷ്ഠദ്ദശാങ്ഗുലം'

അദ്ദേഹം എല്ലായിടത്തുമുണ്ട്. എല്ലാ വസ്തുക്കളിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്. അതു മാത്രമാണോ? അത് അധ്യായം അവസാനിപ്പിക്കുമോ? ഇനി അദ്ദേഹം ഉണ്ടാവില്ലേ? അതെ അദ്ദേഹം അതിലും ഉപരിയാണ്. ഈ ലൗകിക ലോകവും സൃഷ്ടിക്കപ്പെട്ട ഈ ലോകവും അദ്ദേഹത്തിൽ സ്ഥിതി ചെയ്യുന്നു. ഈ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിൽ അദ്ദേഹം ഒരു കാരണ സത്തയാണ്. ഈ പ്രപഞ്ചം ഒരു ദിവസം കൊണ്ട് രൂപപ്പെട്ടതല്ല. അതിനു പിന്നിൽ ഒരു കാരണമുണ്ട്.

അതിനതിന്റെ യാദൃശ്ചിക മായരൂപമുണ്ട്. ആ ആകസ്മികത അദ്ദേഹത്തിനറിയാം.

നിങ്ങൾ മണ്ണു കൊണ്ടുള്ള ഒരു കളിപ്പാട്ടം ഉണ്ടാക്കുന്നു എന്ന് വിചാരിക്കുക. ഒരു പാവക്കുട്ടി. പാവയെ രൂപപ്പെടുത്തുന്നതിനു മുൻപ് നിങ്ങൾ കളിമണ്ണ് ശേഖരിക്കണം. ചായം അഥവാ നിറങ്ങൾ കണ്ടെത്തണം. നിങ്ങൾ ഇത്തരം അത്യാവശ്യ ഘടകങ്ങൾ പാവയുണ്ടാക്കുന്നതിന മുൻപ് കണ്ടെത്തണം. അതുകൊണ്ട് ആ ആശയം, ധാരണ, മണ്ണു കൊണ്ടുള്ള കളിപ്പാവ, നിങ്ങളുടെ മനസ്സിൽ വിടർന്നു വരുന്നു. പാവയും കളിമണ്ണായി അവിടെ കിടക്കുന്നുണ്ട്. ഒരു പാവയുടെ ആകൃതിയുണ്ടാവാനാവശ്യമായ എല്ലാം അവിടെയുണ്ട്. മറ്റൊരു രീതിയിൽ പറഞ്ഞാൽ എല്ലാറ്റിനും ഒരു കാരണണ്ട്. രൂപമുണ്ട്. ആ ആകസ്മിക ഘടകമാണ് മുൻപത്തെ യാദൃശ്ചികതയുടെ പരിണിത രൂപം. പ്രായോഗിക തലത്തിൽ ഈ അപകചമായ ലോകത്തിൽ എന്തെല്ലാമാണോ നാം നിരീക്ഷിക്കുന്നത് അതെല്ലാം ആകസ്മിക പ്രതിഫലനമാണ്. പ്രവൃത്തിച്ചു കൊണ്ടിരിക്കുന്ന ഘടകം ഫലം ഉളവാക്കുന്നു. കാരണസത്തയാണ് ഉദ്ദേശിക്കുന്നതിനു പിന്നിലെ പ്രവൃത്തിക്കുന്ന രൂപം. അതായത് കാരണങ്ങൾ കൊണ്ടാണ് ഒരു പ്രവൃത്തി ചെയ്യപ്പെടുന്നത്. വിത്ത്, മരം, കായ്കൾ, എന്നീ രൂപം പോലെ. അതിനാൽ കാരണവും പ്രഭാവവും എന്ന സാങ്കേതികതചമനുസരിച്ച്

നമ്മൾ പുറകോട്ട് പിൻ വലിക്കപ്പെടുന്നുവെങ്കിൽ അവസാനം ആകസ്മിക ഘടകം നാം കണ്ടെത്തുന്നു. വീണ്ടും നാം പുറകോട്ടു പോയാൽ ആ ആകസ്മിക വസ്തുവെ വീണ്ടും കാണാൻ കഴിയുന്നു. എ എന്നതിനു പുറകിലെ ആകസ്മിക ഘടകത്തെ കണ്ടെത്താൻ പരിശ്രമിച്ചാൽ നാം അതിന്റെ ഉത്ഭവമായ ബിയെ കണ്ടെത്തുന്നു. ബിക്കു പുറകിൽ നാം ബിയുടെ ഹേതുവായി.സിയെ കണ്ടെത്തുന്നു. അതായത് കാരണത്തിനു നേരെ നാം മുന്നേറുമ്പോൾ നാം കണ്ടെത്തുന്നത് കാരണം എന്നത് ഒരു പ്രവർത്തനമാണ് എന്നതാണ്. അതിനു പിന്നിൽ ഒരു കാരണവും ഉണ്ട്. അതിനാൽ ഈ സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ കാരണഘടകമെന്നാണ്? നാം വീണ്ടും പുറകോട്ടു പോയാൽ ഓരോ പ്രവൃത്തിക്കു പുറകിലും ആകസ്മികമായ ഘടകമുണ്ടെന്നു കാണാം. ലസി (ഊതി വീർപ്പിച്ച വളരെ കനം കുറഞ്ഞ റൊട്ടി)യുടെ കാരണഘടകം ധാന്യപ്പൊടിയാണ്. ധാന്യപ്പൊടിയിലെ ആകസ്മിക ഘടകമാണ് ഗോതമ്പ്. ഗോതമ്പിന്റെ ഘടകം അതിന്റെ ചെടിയാണ്. ചെടിയുടെ കാരണഘടകമാണ് മണ്ണ്. അതുപോലെ മടങ്ങിപ്പോകുമ്പോൾ എന്തു തന്നെയുണ്ടായാലും പരമപുരുഷനാണ് യാദൃശ്ചികമായ സത്ത. അതായത് ഒരു കാരണവശാലും അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ നിന്നും നമുക്ക് ഒഴിഞ്ഞു മാറാനാവില്ല. നിങ്ങളെങ്ങോട്ടു പോയാലും നിങ്ങൾ പിടിക്കപ്പെട്ടതായി തോന്നും.

അന്നൊരു ദിവസം ഞാൻ നിങ്ങളോടു പറഞ്ഞു രവീന്ദ്രനാഥ ടാഗോർ എന്ന കവി അദ്ദേഹത്തിന്റെ ഒരു ഗാനത്തിൽ ഇപ്രകാരം പറഞ്ഞു.

''വിശ്വജോറാ ഫാദ് പെതെഛ കെമനേ ദിഇ ഫാകി
ആധേക് ധരാ പരേഛി ഗോ, ആധേക് ആഛേ ബാകി''

(ലോകം മുഴുവൻ നിങ്ങൾ ഒരു ചതിക്കുഴിയുണ്ടാക്കി. എങ്ങനെ എനിക്കതിൽ നിന്നും ഒഴിഞ്ഞു മാറാനാവും? എന്റെ പകുതിയും കെണിയിൽ പെട്ടു കഴിഞ്ഞു. പകുതി മാത്രമാണിന ബാക്കിയുള്ളത്). നിങ്ങൾ പൂർണ്ണമായും സ്പഷ്ടമായി കെണിയിലാണ് എന്ന് ഞാൻ പറയും, തീർച്ചയായും പകുതിയല്ല.

''സ ഭൂമിം വിശ്വതോ വൃത്ത്വാ അത്യതിഷ്ഠദ്ദശാങ്ഗുലം''. ആ കാരണസത്തക്ക് സഞ്ചരിക്കാവുന്നതിലുമപ്പുറം ആശയങ്ങളുടെ ഒരു ലോകമുണ്ട്. ഒരു കാരണലോകം എല്ലാം അദ്ദേഹത്തിൽ അഭയം തേടിയിരിക്കുന്നു. അതുകൊണ്ടാണദ്ദേഹം ഇങ്ങനെ വിവരിച്ചത്. 'അത്യതിഷ്ഠദ്ദശാങ്ഗുലം' അജ്ഞതാ ചക്രം അഥവാ അന്തസ്രാവഗ്രന്ഥി മനസ്സിനെ നിയന്ത്രിക്കുന്നു. ബോധമനസ്സിനേയും ഉപബോധ മനസ്സിനേയും നേരിട്ട് നിയന്ത്രിക്കുന്നു. അബോധ മനസ്സിനെ പരോക്ഷമായും നിയന്ത്രിക്കുന്നു. അതാണ് മനസ്സിന്റെ ഇരിപ്പിടം, മനസ്സ് കുടിയിരിക്കുന്ന സ്ഥലം. ആ ഘടകത്തിനു മുകളിലായി

ഒരു ആകസ്മിക ഘടകവുമുണ്ട്. മനസ്സ് എവിടെ നിന്നാണ് ആവിർഭവിക്കുന്നത്? അത് ഉദിച്ചു വരുന്നത് ആത്മതത്വത്തിൽ നിന്നാണ്. ഇവിടേയും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്. ആ രൂപത്തിലുള്ള പരമപുരുഷനെ അത്യതിഷ്ത്ത ദശാഗുലം എന്നു പറയുന്നു. മറ്റൊരർത്ഥത്തിൽ മനോലോകത്തു നിന്നും പത്തു വിരൽ മുകളിൽ തന്നെ അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്. അതിനർത്ഥം ആത്മികജഗത്തിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട് എന്നതാണ്.

എന്താണ് സഹസ്രാരചക്രം? സഹസ്രാരചക്രമെന്നാൽ ആത്മാവും പരമാത്മാവും കൂടിച്ചേർന്നിരിക്കുന്ന ബിന്ദുവാണ്. അത് പിനിയൽ ഗ്രന്ഥിയിൽ നിന്നും പത്തു വിരൽ മുകളിൽ സ്ഥിതി ചെയ്യുന്നു. അതുകൊണ്ടാണ് അത്യതിഷ്ഠദ്ദശാങ്ഗുലം മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ സഹസ്രാരഗ്രന്ഥിയിൽ നിന്നും പത്തു വിരൽ മുകളിൽ അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്. അവിടെയാണദ്ദേഹത്തിന്റെ വാസസ്ഥലം. അതായത് പരമതത്വത്തിലും ആത്മീയജഗത്തിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്. ആരും അദ്ദേഹത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നില്ല.

അതുപുരാതന കാലം മുതൽ മനുഷ്യർ അദ്ദേഹത്തെ ലഭിക്കാൻ അടിവെച്ചടിവെച്ച് മുന്നോട്ടു കുതിക്കുകയാണ്. അങ്ങനെ ചെയ്തതുകൊണ്ട് അവർ കൂടുതൽ നിലവാരമുള്ള ഇന്നത്തെ അവസ്ഥയിലെത്തിയിരിക്കുകയാണ്. ആ സമയമത്രയും

ജനങ്ങൾ ജ്ഞാനത്തിന്റെ പാതയും കർമ്മത്തിന്റെ പാതയും പിൻതുടരുകയായിരുന്നു. അവസാനം ബുദ്ധിശക്തിയുടേയും അറിവിന്റേയും വികാസം അതിന്റെ പരമോന്നതിയിൽ എത്തിയപ്പോൾ ജ്ഞാനം എന്നത് തലച്ചോറിന്റെ ഒരുൽപന്നമാണെന്നും, കർമ്മം കൈകളിൽ നിന്നും കാലുകളിൽ നിന്നും രൂപപ്പെട്ടതാണെന്നും മനുഷ്യന് മനസ്സിലായി. അത്തരമൊരു പാതയിലെത്താൻ മനുഷ്യൻ എത്രമാത്രം ശക്തിയോടെ പ്രയത്നിച്ചിട്ടുണ്ടാവും? അത്യധികമായി ചിന്തിക്കുന്നതിൽ എത്രമാത്രം അവരുടെ മസ്തിഷ്കം സ്വാധീനം ചെലുത്തിയോ അത്രമാത്രം അവർ പരിഭ്രാന്തരായിട്ടുണ്ടാവും. പരീക്ഷയുടെ കാലത്ത് ധാരാളം കുട്ടികൾക്ക് തലകറക്കം ഉണ്ടാവും. അതാണ് മനുഷ്യരുടെ ഉൾക്കൊള്ളാനുള്ള കഴിവ്. സാന്ദർഭികമായി കുട്ടി പരീക്ഷയിൽ വിജയിച്ചാൽ അവൻ അഥവാ അവൾ വിശ്രമം ആഗ്രഹിക്കും. മനസ്സ് ശാന്തമാകുന്നതിന് ചിലപ്പോൾ ഒരു സിനിമക്കു പോകും. അതോടെ എന്തെല്ലാം പഠിച്ചിരുന്നുവോ അതെല്ലാം ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ മറക്കും. മൂന്നു മാസത്തോളം പരീക്ഷക്ക് അധ്വാനിച്ച് നേടിയതെല്ലാം ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ മറക്കും. അത് പ്രകൃതിദത്തമാണ്. അതുകൊണ്ട് ജ്ഞാനവും കർമ്മവും കൊണ്ട് എന്താണ് ഫലം? എന്നാൽ ഭക്തന്മാർ എന്താണ് പറയുക? ‘ഇല്ല. എനിക്ക് ഒരു പ്രയാസവുമില്ല. കാരണം ഞാൻ

അങ്ങയിലേക്കാണ് ചലിക്കുന്നത്. അങ്ങ് മുകളിലോട്ടു വലിക്കുന്നു. അപ്പോൾ ഞാൻ ഓടുന്നു.'

ഛേരാടെ യെ ജൻ ബാശിര ടാനെ,
സെകി താകായ് പഥെർ പാനെ?
(ആരാണോ ഓടക്കുഴലിനു പുറകെ ഓടുന്നത് അവർ വഴി ശ്രദ്ധിക്കുമോ?)

അവർ മധുരമായ സംഗീതത്തിനു പുറകെ ഓടുന്നു. അവർ ഒരിക്കലും വ്യക്തിപരമായ അഹങ്കാരം കൊണ്ട് പ്രയാസപ്പെടുകയില്ല. അവർക്ക് അവരുടെ ഭക്തിയുണ്ട്. ഏറ്റവും നല്ല ചലനത്തിന അവർക്ക് അവരുടേതായ ഭക്തിയുണ്ട്. ഭാരതത്തിൽ ജനിച്ച ഏറ്റവും ജ്ഞാനിയും വിവേകശാലിയുമായ ശങ്കരാചാര്യർ സ്തുതിച്ചിരുന്നതും ആരാധിച്ചിരുന്നതും ഭഗവാൻ എന്നാണ്. 1300 വർഷങ്ങൾക്കപ്പുറം വളരെ വ്യക്തമായി അദ്ദേഹം ഇത് സമ്മതിച്ചതാണ്.

മോക്ഷകാരണ സമഗ്രം ഭക്തിരേവ ഗരീയസീ. എല്ലാ വിശാലമായ പന്ഥാവിലും വെച്ച് മോക്ഷപ്രാപ്തിക്ക് ഭക്തിയാണ് ഏറ്റവും നല്ല മാർഗം. ബുദ്ധിശക്തിയുടെയും അറിവിന്റേയും ഉത്തുംഗശൃംഗത്തിലെത്തിയവരെല്ലാം ഈ ആത്യന്തികസത്യം മനസ്സിലാക്കിയവരാണ്. എന്നാൽ മുൻപുള്ളവരെല്ലാം അങ്ങനെ ചെയ്യുന്നതിനു പരാജയപ്പെട്ടവരാണ്. അതുകൊണ്ടാണ് ഞാൻ ബോംബെയിലെ ഒരു പൊതുദർശനത്തിൽ ഇങ്ങനെ പറഞ്ഞത്. ജ്ഞാന മാർഗ്ഗികളെല്ലാം അവരുടെ

ബുദ്ധിശക്തിയിലും അറിവിലും മൂന്നാം കിടക്കാരാണെന്ന്. കർമ്മ ഭാർഗ്ഗികൾ രണ്ടാം തരക്കാരാണ്. എന്നാൽ ഭക്തിമാർഗ്ഗികൾ ഏറ്റവും ഉയർന്ന തരത്തിലുള്ളവരാണ്. അവർ ബുദ്ധിയിലും അറിവിലും മുന്നിട്ടു നിൽക്കുന്നു. കാരണം അവരാണ് ഈ ചെറിയ ജീവിതത്തിൽ സമ്പൂർണ്ണമായും അവരുടെ കഴിവ് ഉപയോഗിക്കുന്നത്.

17 ഡിസംബർ 1978 കൽക്കത്ത

**ഉള്ളടക്കം**

അധ്യായം 16

# സവിശേഷമായ മസ്തിഷ്കാതിത സ്മരണകൾ

Extra-Cerebral Memory.

ഏതാനും ദിവസങ്ങൾക്കുമുൻപ് ഞാൻ ഓർമ്മ ശക്തിയെക്കുറിച്ച് റാഞ്ചിയിൽ വെച്ചു പറഞ്ഞു.

മസ്തിഷ്ക പരമായ ഓർമ്മയും മസ്തിഷ്ക പരമല്ലാത്ത ഓർമ്മയും.

മനുഷ്യർക്ക് വളരെയധികം കാര്യങ്ങൾ അവരുടെ ജീവിതത്തിൽ ഓർമ്മിച്ചെടുക്കാനാവും. അതുപോലെതന്നെ വളടെയധികം കാര്യങ്ങൾ മറക്കുകയും ചെയ്യും. അവർ വായിക്കുകയും പഠിക്കുകയും ചെയ്യുന്നു. അതുപോലെ ഇന്നവർ പഠിക്കുന്ന കാര്യങ്ങൾ നാളെ മറക്കുകയും ചെയ്യും. വളരെയധികം ആളുകൾക്ക് അവരുടെ കഴിഞ്ഞ ജന്മത്തിലെ കാര്യങ്ങൾ ഓർക്കാൻ കഴിയും. അവർക്ക് കഴിഞ്ഞകാല ജീവിതങ്ങളിലെ ചില ഉപകഥകൾ ഓർക്കാനാവും. അവരത് സ്വപ്നം കാണുന്നത് പോലെയാണ് കാണുക. അറിഞ്ഞുകൂടാനാവാത്ത പല ഉപവ്യാഖ്യാനങ്ങളും അവർ കാണുന്നു. അവർ അതിനെ പറ്റി ബോധവാനല്ലെങ്കിലും അവരത് ഓർമ്മിക്കുന്നു.

അത്തരം ഓർമ്മകളെ മസ്തിഷ്ക പരമല്ലാത്ത ഓർമ്മകൾ എന്നു പറയുന്നു. ഒരു വ്യക്തിയുടെ മനസ്സ് 50 വർഷങ്ങൾക്കും നൂറു വർഷങ്ങൾക്കും 5 വർഷങ്ങൾക്കും മുൻപ് മുതൽ പിൻവലിയുമ്പോൾ എങ്ങനെ പെരുമാറുന്നു വെന്ന് ഒരിക്കൽ ഞാൻ റാഞ്ചിയിൽ വെച്ച് നിങ്ങൾക്ക് കാണിച്ചു തന്നു.

സത്യത്തിൽ മസ്തിഷ്ക പരമല്ലാത്ത ഓർമ്മ എന്നാലെന്താണ്? സാധാരണഗതിയിൽ ഓർമ്മശക്തിയെ ഇങ്ങനെ വിസ്തരിക്കാം.

നാഡീവ്യവസ്ഥയിലൂടെ നിങ്ങൾ ശേഖരിച്ചു വെക്കുന്ന ഓർമ്മകളെയാണ് മസ്തിഷ്ക പരമായ ഓർമ്മകൾ എന്നുപറയുന്നത്. എന്നാൽ മസ്തിഷ്ക പരമല്ലാത്ത ഓർമ്മയിൽ നിങ്ങളുടെ നാഡീകോശങ്ങൾ നിങ്ങളെ സഹായിക്കാൻ മുന്നോട്ട് വരില്ല. കഴിഞ്ഞകാലത്തുള്ള സംഭവങ്ങളെ സംബന്ധിക്കുന്ന ഓർമ്മകൾ നിങ്ങളുടെ ഇപ്പോഴുള്ള നാഡീകോശങ്ങളിൽ സൂക്ഷിച്ചു വെക്കാത്തതുകൊണ്ട് അത്തരം ഓർമ്മകളെ തിരിച്ചുകൊണ്ടുവരാൻ അവയ്ക്ക് നിങ്ങളെ സഹായിക്കാനാവില്ല. കഴിഞ്ഞ ജന്മങ്ങളിൽ ആ നാഡീകോശങ്ങളെല്ലാം ശരീരത്തോടൊപ്പം ദഹിപ്പിക്കപ്പെട്ടതിനാൽ ഇപ്പോഴത്തെ നാഡീകോശങ്ങൾക്ക് അതോർക്കാൻ കഴിയില്ല. അതു കൊണ്ട് ഒരാൾ അതെങ്ങനെ ഓർത്തെടുക്കും? അത്തരം ഓർമ്മകൾ നിങ്ങളുടെ മനസ്സ് എങ്ങനെയാണ് തിരിച്ചു കൊണ്ടു വരുന്നത്? ജനങ്ങൾ മരിക്കുമ്പോൾ തിരിച്ചടിക്കുന്ന സംവേദന ശക്തി അടുത്തജന്മത്തിലും ആത്മാവിനോടൊപ്പം സഞ്ചരിക്കുന്നു. എന്താണീ പ്രതികരണ ശക്തി? ഒരാളുടെ കഴിഞ്ഞജന്മത്തിലെ കർമ്മവും പ്രവർത്തനങ്ങളും പൂർത്തീകരിക്കാത്ത അനന്തരഫലങ്ങളുമാണ് ഇത്. അതായത് പ്രവർത്തനങ്ങളെല്ലാം ചെയ്തെങ്കിലും അത് ഒന്നും തന്നെ ഫലവത്തായില്ല. കഴിഞ്ഞ ജന്മത്തിലെ പൂർത്തീകരിക്കാനാവാത്ത പ്രവർത്തനങ്ങൾ മനസ്സോടൊപ്പം നിലനില്ക്കുന്നു. സാധ്യതകൾ,

ആരായുന്ന ഒരു വിത്തിനെപോലെ. സാധ്യതകളുടെ വിത്തുകൾ (അതായത് യാഥാർത്ഥ്യ മല്ലാത്ത പ്രവർത്തനങ്ങളുടെ ഫലങ്ങൾ കഴിഞ്ഞ ജന്മത്തിൽ ചെയ്യപ്പെട്ടെങ്കിലും ഫലപ്രദമാവാത്തത്) അടുത്തജന്മത്തിൽ ഒരഭയസ്ഥാനം സ്വീകരിക്കുന്നു. അത് അത്തരം സാധ്യകതളെ ഫലവത്താക്കുന്ന അഭസ്ഥാനമായിരിക്കും. ഒരാളുടെ സംസ്കാരം അത്തരം ഒരു ശരീരം സ്വീകരിക്കുകയും നാഡീകോശങ്ങളെ ലഭിക്കുകയും ആത്മാവിന്റെ പ്രകടനങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നു.

ഇത്തരം ദൃഷ്ടാന്തങ്ങളിലൂടെ കഴിഞ്ഞ ജന്മങ്ങളിൽ, പ്രവർത്തികൾ നടന്നുവെങ്കിലും ഫലം സ്വീകരിക്കാനായില്ല. പ്രവർത്തനങ്ങൾ നടന്നുവെങ്കിലും ഫലം ഒന്നും നേടാനായില്ല. സംസ്കാരങ്ങൾ അഥവാ പ്രതിഫലനാത്മകമായ ചാലകശക്തി ഒരാൾ വ്യക്തിപരമായി ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകിയതിന്റെ ഫലം അവിടെത്തന്നെ ശേഷിക്കുന്നു. കഴിഞ്ഞ ജന്മത്തിലെ മനസ്സ് അഗാധമായി ബന്ധപ്പെട്ടുപോയ പ്രകട താത്മകമല്ലാത്ത അത്തരം പ്രവണതകൾ അവരിൽ അക്ഷമമായി നിലനില്ക്കുന്നു. മനസ്സിന്റെ ജന്മനാലുള്ള ഈ പ്രവണത അന്നത്തെ തിരക്കഥകൾ വീണ്ടും ഓർമ്മിക്കാൻ ശ്രമിക്കുന്നു. എന്നാൽ ചില സംഭവങ്ങളിൽ ഈ പ്രവണതകൾ അയുക്തമായ രുപത്തിൽ സംഭവിക്കപ്പെട്ടിരിക്കുന്നു.

ഉദാഹരണമായി ഒരാൾ തനിച്ചിരിക്കുകയാണെന്ന് കരുതുക. പെട്ടെന്ന് മനസ്സിൽ അത്ഭുതകരമായ ഒരുഭാവന കിടന്നു കളിക്കുന്നു. അപ്പോൾ അയാൾ വിചാരിക്കുന്നു 'ഞാൻ ആ സ്ഥലത്തിന്റെ ഉടമയായിരുന്നു. ഞാനത് കൃഷി ചെയ്യാൻ ഉപയോഗിച്ചിരുന്നു'. ഇതെങ്ങനെ സംഭവിക്കുന്നു? അത് കഴിഞ്ഞ ജന്മത്തിൽ അയാൾ ബന്ധപ്പെട്ട സംസ്കാരങ്ങളിൽ നിന്നും വന്നതാണ്. അത് വളരെ പെട്ടെന്ന് ഒരാൾക്ക് ഓർമ്മിച്ചെടുക്കാൻ പറ്റുന്നു. ഇക്കാര്യത്തിൽ ഒരാൾ തന്റെ കഴിഞ്ഞ ജന്മത്തിലെ കഥകൾ ഓർമ്മിക്കുകയാണെന്ന് അയാൾ തിരിച്ചറിയുകയില്ല. എല്ലാവരുടേയും ജീവിതത്തിൽ ഇത്തരംകാര്യംങ്ങൾ സംഭവിക്കും. ചില ആളുകളിൽ കഴിഞ്ഞ ജന്മത്തിൽ സംഭവിച്ചതുപോലുള്ള അതേ കാര്യങ്ങൾ വളരെയധികം വ്യക്തമായി അതുപോലെതന്നെ കാണുന്നു. അത്തരം സംഭവങ്ങൾ മൂന്ന് വിധത്തിൽ സംഭവിക്കുന്നു. ആദ്യത്തേത് വളരെയധികം പുരോഗതി നേടിയ വ്യക്തിയിൽ. രണ്ടാമത്തേത് തന്റെ മരണം നേരത്തെ പ്രവചിച്ചവരിൽ അല്ലെങ്കിൽ പൂർണ്ണമായ ബോധത്തോടെ മരിച്ചവരിൽ. മൂന്നാമത്തേത് പെട്ടെന്നുണ്ടാകുന്ന അപകടത്തിൽ മരിച്ചവരിൽ. ഇത്തരം മൂന്നു സംഗതികളിൽ കഴിഞ്ഞ ജീവിതത്തിലെ സംഭവങ്ങൾ മനസ്സിൽ കാണത്തക്കവിധത്തിൽ സ്ഥിതി ചെയ്യുന്നു. വളരെ വ്യക്തമായ രീതിയിൽതന്നെ.

പൊതുവെ അത്തരം ഓർമ്മകൾ വളരെ കാലം നിലനില്കില്ല. അതിന്റെ ചിലഭാഗങ്ങൾ സ്പഷ്ടമായി പന്ത്രണ്ടോ പതിമൂന്നോ വയസ്സുവരെ കാണാൻ പറ്റുന്നു. അതിനു ശേഷം അത് ക്രമേണ വിസ്മൃതിയിലേക്ക് മടങ്ങുന്നു. അതിന്റെ കാരണം, ഒരാൾ അവ അധികകാലം ഓർമ്മിച്ചാൽ അയാളിൽ ഇരട്ടവ്യക്തിത്വം വളർന്നു വരുന്നു എന്നതാണ്. ഈ ജീവിതത്തിൽ ഒരാളുടെ പേര് രാംകുമാർ ആണെന്നു കരുതുക. അയാളുടെ കഴിഞ്ഞ ജന്മത്തിൽ പേര് ഹരിഹരൻ എന്നാണെങ്കിൽ അവ്യക്തിക്ക് രണ്ടുപേരുടേയും വ്യക്തിത്വം വളർന്നു വരുന്നു. അതാണ് ഇതിലുണ്ടാവുന്ന അവസ്ഥാവിശേഷം.

ആരാണോ പന്ത്രണ്ടോ പതിമൂന്നോ വയസ്സുവരെ കഴിഞ്ഞ ജന്മ സംഭവങ്ങൾ ഓർക്കുന്നത് അയാളെ സംസ്കൃതത്തിൽ 'ജാതി സ്മര' എന്നുവിളിക്കുന്നു. ഒരാൾക്ക് മനസ്സിനെ ഏകാഗ്രമാക്കാനും ഒരു പ്രത്യേക ബിന്ദുവിലേക്ക് അതിനെ പരിണമിപ്പിക്കാനും കഴിഞ്ഞാൽ അയാൾക്ക് എല്ലാം വീണ്ടും ഓർക്കാൻ കഴിയും. പ്രതിഫലനരൂപത്തിലുള്ള ചാലകശക്തി പൂർണ്ണ രൂപത്തിലാക്കാതെ മനസ്സിൽ സ്ഥിതിചെയ്യുന്നുവെങ്കിൽ കഴിഞ്ഞ ജന്മത്തിലെ ഓരോ വാക്കുകളും അയാൾക്ക് ഓർമ്മിച്ചെടുക്കാൻ കഴിയും. എന്നാൽ ഞാൻ ഒരിക്കലും ഒരു സാധകനെ ജാതിസ്മരനാവാൻ ഉപദേശിക്കുകയില്ല. നിങ്ങളുടെ കഴിഞ്ഞ ജന്മത്തിലെ കാര്യങ്ങൾ ഓർമ്മിച്ചെടുത്തിട്ട്

എന്തുകാര്യമാണ്? നിങ്ങൾ ഭാവിയെ ക്കുറിച്ച് മാത്രം പഠിക്കാൻ ശ്രദ്ധിക്കുക.

എന്താണ് ഭാവി? എന്തായിരിക്കണം ഭാവി? നിങ്ങളും പരമപുരുഷനും ഒന്നായിത്തീരണം. അപ്പോൾ എല്ലാകാര്യങ്ങളും നിങ്ങൾക്കറിയാനും പ്രകാശിപ്പിക്കാനും സാധിക്കുന്നു. അദ്ദേഹവുമായി ച്ചേർന്ന് ഒന്നാവുക. അതോടൊപ്പം ആത്മീയമായ അമൃതം, പരമാനന്ദം ആസ്വദിക്കുക. കഴിഞ്ഞ ജന്മങ്ങളിലെ ചരിത്രം അറിഞ്ഞിട്ട് നിങ്ങൾക്കെന്തുകാര്യം? അത്തരം അറിവുകൾ ഒരിക്കലും നിങ്ങളുടെ ആത്മീയ അഭ്യുന്നതിയെ സഹായിക്കുകയില്ല.

9 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 17

# അറിയുന്നതും അറിയാത്തതും

## Knowing and Not Knowing.

അറിയുക എന്നത് ഒരു തരം മാനസികമായ പ്രക്ഷേപണമാണ്. അറിയാതിരിക്കുക എന്നതും ഒരുതരം മാനസിക പ്രക്ഷേപണമാണ്. അത് മറ്റൊരു രൂപത്തിലാണെന്നു മാത്രം. ഒന്ന് സാക്ഷാത്തായതാണെങ്കിൽ മറ്റേത് നിഷേധരൂപത്തിലുള്ളതാണ്. എന്നാൽ രണ്ടും ഒരേ രൂപത്തിലുള്ള മാനസിക പ്രക്ഷേപണമാണ്. അതുകൊണ്ടാണ് വേദങ്ങളിൽ ഇപ്രകാരം പറയുന്നത്.

നാഹം മന്യേ സുവേദേതി നൊ ന വേദേതി വേദ ച,

യോ നസ്തദ്വേദ തദ്വേദ നൊ ന ദെദേതി.

വൈദിക ഋഷി ഇപ്രകാരം പറഞ്ഞു. എനിക്കറിയുമോ, എനിക്കറിയാതിരിക്കുമോ എന്ന് ചിന്തിച്ചാൽ ഞാൻ അങ്ങനെ വിചാരിക്കുകയില്ല. 'കാരണം എനിക്കറിയുമോ അറിയാതിരിക്കുമോ എന്നീ രണ്ടു കാര്യങ്ങളും എന്റെ മാനസിക പ്രക്ഷേപണം

മാത്രമാണ്.' പരമപുരുഷൻ മാനസിക തത്വത്തിന്റെ അതിർവരമ്പുകൾക്കുമപ്പുറമാണെന്ന് നമുക്കറിയാം. അതുകൊണ്ട് പരമതത്വത്തെ രൂപാന്തരപ്പെടുത്തി അതിന ഒരു രൂപമോ ആകൃതിയോ മാനസിക ശക്തിയുപയോഗിച്ച് നൽകുക എന്നത് സാധ്യമല്ലാത്ത കാര്യമാണ്. വൈദിക ഋഷി ന്യായമായും പറഞ്ഞു. 'എനിക്കറിയാമോ എന്നോ, എനിക്കറിയാൻ പറ്റില്ല എന്നോ' അറിയില്ല. അറിവിന്റെ അഥവാ ജ്ഞാനത്തിന്റെ ആലോചനാ പരിധിയിൽ എന്തെല്ലാം വരുന്നുവോ അതിനെല്ലാം വാസ്തവികമോ അവാസ്തവികമോ ആയ ഒരു മാനസികാവസ്ഥക്ക് രൂപം നൽകപ്പെടുന്നു. ഉദാഹരണമായി എന്താണ് അവാസ്തവികമായത്? അതിനൊരു രൂപം നൽകാൻ ദുർബലമായ മനസ്സുകൊണ്ട് അഥവാ മാനസികമായ കോട്ടം കാരണമേ കഴിയൂ. മാനസതത്വത്തിൽ വാസ്തവികമോ അവാസ്തവികമോ ആയ വിലയിരുത്തൽ ഒന്നുമല്ല. മാനസിക ചലനങ്ങൾ മാത്രമാണ്. മാനസിക തത്വത്തിന്റെ പരിധിയിൽ നിന്നും പുറത്തു നിൽക്കുന്ന ഒരാൾക്ക് അത്തരം മാനസിക പ്രകടനങ്ങളുടെ പരിധിയിൽ വരാൻ സാധ്യമല്ല. അതുകൊണ്ടാണിപ്രകാരം പറഞ്ഞത്.

യസ്യാമതം തസ്യ മതം മതം യസ്യ നൊ വേദ സഃ
അവിജ്ഞാതം വിജാനതാം വിജ്ഞാതം വിജാനതാം

'എനിക്കീ കാര്യം നന്നായി അറിയാം. ഇപ്രകാരമുള്ള പുസ്തകങ്ങൾ കിട്ടുകയാണെങ്കിൽ ഞാൻ അത്

നിങ്ങളെ കാണിക്കാം' എന്ന് ആരെങ്കിലും പറയുന്നുവെന്നു കരുതുക. എന്നാൽ അയാളെന്താണ് കാണിക്കുക? അദ്ദേഹം 1912ൽ പ്രസിദ്ധീകരിച്ചതും ഇന്ത്യയുടെ തലസ്ഥാനം കൽക്കത്ത യാണെന്നും കാണിക്കുന്ന ഭൂമിശാസ്ത്രപുസ്തകമാണ് അയാൾ എടുക്കുന്നത്. സംശയമില്ല. അതു ശരിയാണ്. എന്നാൽ 1912ൽ തലസ്ഥാനനഗരം കൽക്കത്തയിൽ നിന്നും ഡൽഹിയിലേക്ക് മാറ്റിയതാണ്. അതിനാൽ 1912 വരെയുള്ള എല്ലാ പുസ്തകങ്ങളിലും തലസ്ഥാനനഗരം കല്കത്ത തന്നെയാണ്. ഇന്ന് ഇയാൾ ആ പുസ്തകമെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ തലസ്ഥാനം കൽക്കത്തയെന്നു പറയുന്നു. എന്നാൽ പുസ്തകം തന്നെ തെറ്റാണ്. 1912നു ശേഷം പ്രസിദ്ധീകരിച്ചതിലെല്ലാം തലസ്ഥാനം ഡൽഹിയാണ്. തീർച്ചയായും ഇപ്പോൾ ഡൽഹിയുമല്ല തലസ്ഥാനം. ന്യൂഡൽഹിയാണ്. അതുകൊണ്ട് ആരാണോ സ്വയം നന്നായി അറിയുമെന്ന് നടിക്കുന്നത് അവന് ശരിക്കും ഒന്നും അറിയില്ല. എന്നാൽ മറ്റുള്ളവരിൽ ചിലർ ഒന്നും അറിയില്ലെന്ന് പറയുമെങ്കിലും അവർക്കാണ് കൂടുതൽ അറിയുക. അതിനാൽ ആരാണ് ശരിക്കും അറിയുന്നവനെന്നും അറിയാത്തവനെന്നും ഉള്ള വിധി പ്രസ്താവിക്കാൻ വളരെ പ്രയാസമാണ്. അതുകൊണ്ട് ആരാണ് ജ്ഞാനി, ആരാണ് നിരക്ഷരൻ എന്നറിയുന്നതിന് ശരിയായ വിധിയിലെത്താൻ വളരെ പ്രയാസമാണ്. ദൂരെ നിന്ന് നമുക്ക് എന്തെങ്കിലും

ശരിയായ അഭിപ്രായം പറയാനുമാവില്ല. സ്ഥാനത്തു നിന്നും വ്യതിചലിച്ച് നമുക്കൊന്നും പറയാനാവില്ല. തീരുമാനമെടുക്കുന്നതിനു മുൻപ് നാം വളരെ ആഴത്തിൽ ചിന്തിക്കണം.

ഈവിഷയം അവസാനിപ്പിക്കുന്നതിന മുൻപ് ഞാൻ ഉപയോഗിച്ച ഒരു പ്രത്യേക വാക്കിനെക്കുറിച്ച് ചില അഭിപ്രായം പറയാം. ഫട് എന്നതിനർത്ഥം വളരെ വേഗത്തിൽ, ഉടനെ എന്നാണ്. താന്ത്രിക സമ്പ്രദായമനുസരിച്ച് മൂന്ന് വിജസ് ഉണ്ട്. ഫട്, ബസട്, ബൗസട്. വ്യത്യസ്തരീതിയിലുള്ള ക്രിയകൾ അനുഷ്ഠിക്കുന്നതിനു മുൻപ് ഈ മൂന്ന് വിജസിൽ ഏതെങ്കിലുമൊന്ന് പ്രതിജ്ഞയായി ചൊല്ലുന്നു. ക്രിയയിൽ വീജം വളരെ വേഗത്തിൽ ക്രിയയാി പരിണമിക്കപ്പെടുന്നു. അതായത് ചിന്താതരംഗങ്ങൾ വളരെ വേഗത്തിൽ പ്രകടമാക്കപ്പെടുന്നു. വളരെ പെട്ടെന്ന് ഒരാൾ കട്ടക്കിൽ പോകാനാഗ്രഹിക്കുന്നുവെങ്കിൽ, അവൻ അല്ലെങ്കിൽ അവൾ തയ്യാറാവുകയും അവരുടെ ആഗ്രഹം പെട്ടെന്നുള്ള ഒരു ചലനമായി മാറുകയും ചെയ്യുന്നു. അതിനാൽ തന്ത്രത്തിന്റെ രീതിയിൽ ഒരാൾ തന്റെ ക്രിയകൾ അഥവാ ചിന്തകൾ വളരെ പെട്ടെന്ന് ക്രിയയിലേക്ക് രൂപാന്തരപ്പെടുത്താൻ 'ഫട്ട്' മന്ത്രം അഥവാ മന്ത്രോച്ചാരണം പ്രവർത്തനത്തിനു മുൻപ് ഉറക്കെ ചൊല്ലുന്നു. നമുക്ക് പറയാം ഈ വ്യക്തികൾ 'ഫട്ട് ഫട്ട്' എന്ന് പറയുന്നവന്ന്. അതായത് അവനോ

അവൾക്കോ ധാരാളം ’ഫട്ട് ഫട്ടുകൾ’ ഉണ്ട് എന്ന് പറയാം. അപ്രകാരം ആ പ്രത്യേകതരം ബീജത്തെ ഫട്ട് എന്നു പറയുന്നു. വളരെ പെട്ടെന്ന് ചെയ്യുന്ന ഒരു പ്രവൃത്തിയെക്കുറിക്കുന്നതിനാണ് ഈ പ്രയോഗം. ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ ഒരാൾക്ക് ഫട് ആയാലും വളരെ പെട്ടെന്ന് ചെയ്യാനാവില്ല. അയാൾ പഠിച്ചവനോ വിഡ്ഢിയോ ആണെങ്കിൽ പോലും അതിന് സാധിക്കില്ല. അതിന് അഭിപ്രായം പറയാൻ ഒരാൾ തുടങ്ങുന്നതിനു മുൻപ് വളരെയധികം ചിന്തിക്കണം. ഇവിടെ ഏറ്റവും നല്ലത് താന്ത്രിക ബീജമന്ത്രമായ ’ഫട്ട്’ പ്രയോഗിക്കാതിരിക്കുന്നതാണ്.

20 ഡിസംബർ 1978 കൽക്കത്ത

ഉള്ളടക്കം

അധ്യായം 18

# ഭക്തിയാണ് മോക്ഷത്തിലേക്കുള്ള ഏറ്റവും നല്ല വഴി

Bhakti Is the Best Avenue for Salvation.

1300 വർഷങ്ങൾക്കുമുൻപ് ശങ്കരാചാര്യർ എന്ന പേരുള്ള ഒരു ജ്ഞാന മാർഗ്ഗിക്ക് ഭാരതം ജന്മം നൽകി. അദ്ദേഹം പറഞ്ഞു മോചനത്തിലേക്കുള്ള എല്ലാ മാർഗ്ഗങ്ങളിലും വെച്ച് ഏറ്റവും നല്ലത് ഭക്തിയോഗം തന്നെയാണ്. എന്താണ് ഭക്തി?

‘‘ഭക്തിർഭഗവതോ സേവാ ഭക്തിഃ പ്രേമസ്വരൂപിണീ

ഭക്തിരാനന്ദരൂപാ ച ഭക്തിഃ ഭക്തസ്യ ജീവനം.’’

‘‘ഭക്തിർഭഗവതോ സേവ’’. ഭക്തി– ‘ഭജ്’എന്ന മൂലധാതു വിനോടൊപ്പം ’ക്തിൻ’ എന്ന പ്രത്യയം ചേർന്നാണ് ഭക്തി എന്ന പദം ഉണ്ടാവുന്നത്. അതിനർത്ഥം ലോകത്തിലുള്ള ഭൗതികമായ യാതൊന്നിനും ഒരുപ്രാധാന്യവും നൽകുന്നില്ല എന്നാണ്. മനസ്സിലെ എല്ലാവിധ ചിന്താതരംഗങ്ങളും

പരമപുരുഷന നേരെ തിരിച്ചുവിടുക എന്നതാണ്. ഭൗതിക ലോകത്തുനിന്നും മനസ്സിനെ പിന്തിരിപ്പിച്ച്, ആ മാനസിക വാസനകളെ പരമപുരുഷന നേരെ ഉയർത്തിവിടുക. ഇതാണ് ഭക്തി എന്നു പറയുന്നതിനർത്ഥം.

എന്താണ് 'ഭഗവതോസേവ'. എങ്ങനെയാണ് ജനങ്ങൾ പരമപുരുഷനെ സേവിക്കുക? നാരദ മഹർഷി പറഞ്ഞു. 'ഭക്തി ഭഗവതോസേവ' എങ്ങനെയാണ് ഒരാൾക്ക് പരമപുരുഷനെ സേവിക്കാനാവുക? പരമപുരുഷൻ ഒരുസേവയും ഭക്തരിൽ നിന്നും ആഗ്രഹിക്കുന്നില്ല. എന്നാൽ പരമപുരുഷന ഈ പ്രപഞ്ചത്തിൽ ധാരാളം മക്കളുണ്ട്. നിങ്ങൾ അവരെയാണ് സേവിക്കേണ്ടത്. അദ്ദേഹത്തിന്റെ മക്കളെ സേവിക്കുന്നതിലൂടെ അദ്ദേഹവും സേവിക്കപ്പെടുന്നു. അദ്ദേഹം ഒരു സേവനവും ആഗ്രഹിക്കുന്നില്ല എന്നത് കാര്യമാക്കേണ്ടതില്ല. നേരിട്ട് പരമപുരുഷനെ സേവിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. അദ്ദേഹത്തെ തൃപ്തിപ്പെടുത്താൻ നിങ്ങൾ എന്താണ് നൽകുക? അദ്ദേഹത്തെ തൃപ്തിപ്പെടുത്താൻ നിങ്ങളുടെ പക്കൽ ഒന്നും ഇല്ല. അദ്ദേഹത്തിന എല്ലാമുണ്ട്. ഒന്നും ആഗ്രഹിക്കുന്നുമില്ല. ഈ ലോകത്ത് ധാരാളം രത്നങ്ങളും വൈരകല്ലുകളുമൊക്കെയുണ്ട്. അതെല്ലാം തന്നെ അദ്ദേഹത്തിന്റേതാണ്. അതുകൊണ്ട് നിങ്ങൾക്കെന്താണദ്ദേഹത്തിന സമർപ്പിക്കാനുള്ളത്? നിങ്ങളുടെ കൈവശം എന്താണ് സമർപ്പിക്കാനുള്ളത്?

മാത്രമല്ല ഈ പരമപ്രകൃതി തന്നെ അദ്ദേഹത്തിന്റെ ജീവിത പങ്കാളിയാണ്. പരമപുരുഷൻ എന്താവശ്യപ്പെട്ടാലും പ്രകൃതി അതേ നിമിഷത്തിൽ തന്നെ അത് നൽകിയിരിക്കും. നിങ്ങൾക്കാകഴിവില്ല. പരമപുരുഷന് മനുഷ്യരിൽ നിന്നും എന്താണ് ആവശ്യപ്പെടാനാവുക? പരമപുരുഷന് ഒരു കപ്പ് കോഫി ആവശ്യമുണ്ടെന്നു കരുതുക. അതുണ്ടാക്കാൻ നിങ്ങൾക്ക് ചുരുങ്ങിയത് ഒന്നരമിനുട്ടെങ്കിലും വേണം. എന്നാൽ പരമപ്രകൃതി കണ്ണൊന്നു മിഴിച്ചാൽ മതി അത് തയ്യാറാവും. നിങ്ങൾക്കൊരിക്കലും ആ കഴിവിനൊപ്പം ഉയരാനാവില്ല. അതുകൊണ്ട് നിങ്ങൾക്കെന്താണദ്ദേഹത്തിന് നൽകാനാവുക?

'ദേയംകിമപി ഭവതേ പുരുഷോത്തമ' അല്ലയോ പരമപുരുഷാ, അല്ലയോ എന്റെ പ്രഭു പുരുഷോത്തമ, അങ്ങേക്ക് ഞാനെന്താണ് സമർപ്പിക്കേണ്ടത്? എനിക്കങ്ങേക്കൊന്നും നൽകാനാവില്ല. കാരണം എന്റെ കൈവശം ഒന്നും തന്നെയില്ല. ഞാൻ എന്തുതന്നെ സമർപ്പിച്ചാലും ഉദാഹരണമായി പുക്കൾ, മാലകൾ, ചന്ദനതൈലം, തുടങ്ങി എന്തെല്ലാം ഞാൻ നൽകാനൊരുങ്ങിയാലും അതെല്ലാം അങ്ങയുടെ സൃഷ്ടിയാണ്. അതുകൊണ്ടുതന്നെ എനിക്കത് സമർപ്പിക്കാൻ കഴിയും. എന്നാൽ ശരിയായ ഉടമസ്ഥാവകാശം അങ്ങേക്കാണ്. ഒരെയൊരു വ്യത്യാസം അവ എന്റെ കൈകളിലൂടെ സമർപ്പിക്കുന്നു എന്നുമാത്രമാണ്.

അല്ലയോപരമപുരുഷാ ഞാൻ വെറുമൊരു മൂന്നാം കിടഭക്തനാണ് എന്ന് ജനങ്ങൾ പറയുന്നത് ഒരു ശീലമാക്കിയിരിക്കയാണ്. ഒന്നാം തരക്കാരായ ഭക്തന്മാർ, ഔന്നത്യമുള്ളവരും പ്രസിദ്ധരുമായ ഭക്തന്മാർ, സംതൃപ്തരാണ് എന്നു ഞാൻ കേട്ടിട്ടുണ്ട്. അവർ അവരുടെ പ്രവർത്തനങ്ങളിലൂടെ വളരെയധികം അങ്ങയെ സംതൃപ്തി പ്പെടുത്തുകയും അങ്ങയുടെ മനസ്സിനെ അങ്ങയിൽ നിന്നും തട്ടിയെടുക്കുകയും ചെയ്യുന്നു. അങ്ങ് അവർക്ക് കീഴടങ്ങിയിരിക്കുകയാണ്. ഉന്നതരായ ഭക്തന്മാർ അങ്ങയുടെ മനസ്സിനെ കവർന്നിരിക്കുകയാണ്. അവർ അങ്ങയുടെ മനസ്സിനെ അപഹരിച്ചിട്ടുണ്ടെങ്കിൽ അവിടെ ഒരു ശൂന്യത അതായത് ഒഴിവ് നികത്താനുണ്ടാവും അല്ലയോ പരമപുരുഷ അങ്ങ് പ്രയാസപ്പെടേണ്ട കാര്യമില്ല. ഞാൻ എന്റെ മനസ്സിനെ അങ്ങേക്കുനൽകുന്നു. ദയവുചെയ്ത് സ്വീകരിച്ചാലു. ഒരാൾക്ക് പരമപുരുഷനെ ഈ വിധത്തിലും സന്തോഷിപ്പിക്കാം.

21 ഡിസംബർ 1978 കൽക്കത്ത

# അറിയിപ്പ

ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.

രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനംകോണ്ട് സാധകന് വിമുക്തി കരഗതമാകുന്നു.

ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധിരാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവുന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.

# **Contacts**

(For talking in Malayalam)

**1. Kozhikode:**

a. Sethumadhavan - 93875 22399

b. Raju K K - 98471 42574

**2. Thrissur:**

a. Babu Thayyil - 9495169061

b. Jyotish - 9446345715

**3. Ernakulam:**

a. Padmanabhan- 9847633331

b. Ramkumar - 9388604260

# **Address Central:**

(For talking in English, Bengali or Hindi

Ananda Marga Pracaraka Samgha

VIP Nagar, Tiljala, Kolkata -100

Phone : 033 - 23451274

**Address Local:**

(For talking in English, Bengali, Hindi or Malayalam

1. Ananda Marga Ashram,
(Near Railway level crossing)
Nedupuzha, Thrissur, Kerala
Contact : 9388353604

2. Ananda Marga Ashram
Kottakurumba Temple Road
Ramanattukara; Kozhikode; Kerala
Contact: 7558028519; 9847734729

3. Ananda Marga Ashram (Lady managed)
Edakkadu, West Hill, Athanikkal,
Kozhikode, Kerala
Contact : 7004906626, 7559859532

4. Ananda Marga Ashram (Lady managed)
Shanti Vihar, Manuelson's Housing Colony
Pottore, Thrissur, Kerala

Contact : 8075607728, 9074064529

5. Ananda Marga School (Lady managed)
South Chitoor(PO) ; Kochi -27.
Near Krishna Temple.
Rail station: Ernakulam Town.
Contact: 9037388657, 7012059203

6. Ananada Marga Primary School
Muttathara, Manacaud P.O.
Thiruvanandthapuram
Near Vaduvoth Temple.
Contact: 7306806742, 9539034448

7. Ananda Marga Ashram
Chattambirswami Road
Poojappura, Thiruvananthapuram
Contact: 9620648627

[ഉള്ളടക്കം]